മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ
പൗരസ്ത്യ കാതോലിക്കേറ്റ്

പ. എപ്പിസ്കോപ്പൽ സുന്നഹദോസ് നിശ്ചയങ്ങൾ

1976-1983

സഭാംഗങ്ങൾ അറിഞ്ഞിരിക്കേണ്ട പ്രസക്ത ഭാഗങ്ങൾ

(Codified and edited)

നമ്പർ: 86/84

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശസമ്പൂർണ്ണനും ആയ
ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)
വിശുദ്ധ മാർത്തോമ്മാശ്ളീഹായുടെ സിംഹാസനത്തിൻമേൽ
ആരൂഢനായിരിക്കുന്ന

പൌരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ
മോറാൻ മാർ ബസ്സേലിയോസ് മാർ ഒതാമ്മാ മത്യൂസ് പ്രഥമൻ

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന നമ്മുടെ.....

.....പള്ളിവികാരിക്ക് വാഴ്വ്.

പ്രിയനെ,

നമ്മുടെ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് 1976 മാർച്ചു മുതൽ 1983 ജൂലൈവരെയുള്ള കാലങ്ങളിൽ പാസ്സാക്കിയിട്ടുള്ള നിശ്ചയങ്ങളിൽ സഭാംഗങ്ങൾ അവശ്യം അറിഞ്ഞിരിക്കേണ്ട ഭാഗങ്ങൾ മാത്രം ചേർത്ത് അച്ചടിപ്പിച്ചിട്ടുള്ള ഒരു ലഘു പ്രസിദ്ധീകരണമാണ് ഈ പുസ്തകം. ഇതിൽ വി. മാമൂദീസാ, വി. കുർബാന, പള്ളിപ്പെരുനാളുകൾ, കുടുംബാരാധന, നമുക്ക് ഇതരസഭകളുമായി ബന്ധപ്പെട്ട് ചെയ്യാവുന്ന കാര്യങ്ങൾ മുതലായവ സംബന്ധിച്ച് കാലോചിതമായി കൈക്കൊണ്ടിട്ടുള്ള നിശ്ചയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രിയന്റെയും ആ പള്ളിയിലെ സഹവൈദികരുടെയും ഇടവകാംഗങ്ങളുടെയും അറിവിനും ഉപയോഗത്തിനുമായി ഈ 'ബുക്കുലെററ്' വികാരിയായ പ്രിയന്റെ സൂക്ഷിപ്പിലിരിക്കേണ്ടതും ഈ നിശ്ചയങ്ങൾ അനുസരിച്ചുമാത്രം ബന്ധപ്പെട്ട കാര്യങ്ങൾ മേലാൽ നടത്തേണ്ടതുമാകുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

1984 മാർച്ച് 25-ാം തീയതി
കോട്ടയം കാതോലിക്കേററ്
അരമനയിൽനിന്ന്.

ഉള്ളടക്കം

പേജ്

I 1976 മാർച്ച് സുന്നഹദോസ്

പ. സുന്നഹദോസിന്റെ കോറം 3

II 1977 ഫെബ്രുവരി സുന്നഹദോസ്

കാതോലിക്കാദിനം 3

പള്ളിപെരുന്നാൾ 4

മാമോദീസാ 4

വിവാഹം–വിവാഹക്കുറി 6–7

മററ് സഭകളുടെ ആരാധന നടത്തുവാൻ നമ്മുടെ ദേവാലയങ്ങൾ കൊടുക്കുന്നതിനെപ്പറ്റി—ചർച്ചകൾ (Dialogues) 7

സംസർഗ്ഗമില്ലാത്ത ഇതരസഭകളുടെ കൂദാശാനുഷ്ഠാനങ്ങളിലും ആരാധനകളിലും മററും സംബന്ധിക്കുന്നതിനെപ്പററി 7

III 1977 ജൂലൈ സുന്നഹദോസ്

പട്ടക്കാരുടെയും ശെമ്മാശന്മാരുടെയും കപ്യാരന്മാരുടെയും മക്കളുടെ വിവാഹവരുമാനം 8

കുർബ്ബാനപ്പണം, തളികപ്പണം, ബൈബിൾസൊസൈററി 8

ആശ്രമങ്ങളും ദയറാകളും, സൺഡേസ്കൂൾ പത്താംക്ലാസ്സ് പാസ്സായിട്ടുള്ളവർക്ക് Weightage കൊടുക്കുന്നതിനെപ്പറ്റി, പട്ടംകൊടയും Exemptionഉം ബാലികാസമാജവും മത്തമറിയം സമാജദിനവും 9

IV 1978 ഫെബ്രുവരി സുന്നഹദോസ്

പ. സുന്നഹദോസിന്റെ സാമ്പത്തികവർഷം, റമ്പാന്മാരുടെയും മററ് വൈദിക ഗണങ്ങളുടെയും വേഷങ്ങൾ 10

V 1978 ജൂലൈ സുന്നഹദോസ്

വി. കുർബ്ബാനയും അക്രൈസ്തവരും—മദ്ധ്യസ്ഥ പ്രാർത്ഥനയും 10

വിശ്വാസപ്രമാണം—വിട്ടുതൽപ്രസ്ഥാനം 11

VI 1978 നവംബർ 23–ാംനു കൂടിയ സുന്നഹദോസ്

പരുമല സെമിനാരിയുടെ ഭരണക്രമം 14

VII 1979 ഫെബ്രുവരി സുന്നഹദോസ്

വി. കുമ്പസാരവും വി. കുർബ്ബാനാനുഭവവും 15

കുട്ടികളുടെ സഭാപ്രതിഷ്ഠ (Churchising) 17

ശുശ്രൂഷാവേളകളിൽ ഫോട്ടോ എടുക്കുന്നതിനെപ്പറ്റി 18

സാദിക്കോസമയത്തു് മാർത്തോമ്മാശ്ലീഹായെ ഓർക്കുന്നതിനെപ്പററി

പ്രസിദ്ധീകരണഡിപ്പാർട്ടുമെൻറ്

Inter Churchaids and Projects Committee 19

കാതോലിക്കാദിന പിരിവിൽനിന്നുള്ള ഭദ്രാസന മെത്രാപ്പോലീത്തന്മാരുടെ വിഹിതം, വി. കുർബ്ബാനയിലും മററും സഹായ മേല്പട്ടക്കാരന്റെയും പേരു് ഓർക്കുക—സൺഡേസ്കൂൾ പാഠപുസ്തകങ്ങൾ, സണ്ടേസ്കൂൾ പ്രസ്ഥാനത്തിനായുള്ള കവർപിരിവു്

കാതോലിക്കേററു് സെൻറേഴ്സ്

M. A F. and S. A. F. Foundations 20

VIII 1979 ജൂലൈ സുന്നഹദോസ്

ആത്മീയസംഘടനകളും ഇടവകമെത്രാപ്പോലീത്തന്മാരും കണക്കുപരിശോധന (ആഡിററിംഗ്) 20

മൂന്നിന്മേൽ കുർബ്ബാനയും സമൂഹബലിയും 21

മാതാപിതാക്കൾ അവരുടെ കുഞ്ഞുങ്ങളെ മാമോദീസാ വേളയിൽ തലതൊട്ടുന്നതിനെപ്പററി

വിവാഹങ്ങൾക്കുള്ള പ്രത്യേക അനുവാദം 22

IX 1980 ഫെബ്രുവരി സുന്നഹദോസ്

പുസ്തകപ്രസിദ്ധീകരണം

വി. കുർബ്ബാന ജനങ്ങൾക്കു കൊടുക്കേണ്ട സമയത്തെപ്പററി 22

സായാഹ്നകുർബ്ബാന 23

ഹിന്ദി കുർബ്ബാന തക്സാ 24

വൈദികരുടെ വിവാഹം 25

Vienna Conversation between Oriental Orthodox and Roman Catholic Theologians 27

അവികസിത മെത്രാസനങ്ങളുടെയും പള്ളികളുടെയും സാമ്പത്തികപരാധീനത 31

X 1980 ജൂലൈ സുന്നഹദോസ്

ശിശുക്ഷേമബോർഡ്

മദ്രാസ് C. L. S. അസ്സോസിയേഷൻ 33

XI 1981 ഫെബ്രുവരി സുന്നഹദോസ്

സെൻറ് തോമസ് ഓർത്തഡോക്സ് വൈദികസംഘം 33

കുക്കിലിയോനിൽ ശുദ്ധിമതികളുടെ പേരുകൾ ഓർക്കുന്നതിനെപ്പററി 34

പരിശുദ്ധന്മാരായി പ്രഖ്യാപിക്കുന്നകാര്യം

സഭയിൽപെട്ട മദ്യപാനികൾ, ദുർവൃത്തന്മാർ മുതലായവരെ വീണ്ടെടുക്കുന്നതിനു സന്നദ്ധസംഘങ്ങൾ 35

ഐക്യകൺവൻഷനിലും ഇതര സഭക്കാരുടെ മതപ്രസംഗയോഗങ്ങളിലും നമ്മുടെ പ്രസംഗകർപോയി പ്രസംഗിക്കുന്നതിനെപ്പററി 36

വി. കുർബ്ബാന തക്സായുടെ തമിഴ് തർജ്ജമ

മലങ്കര മെഡിക്കൽ മിഷൻ (Service Board) ഭരണഘടന 36

XII 1981 ജൂലൈ സുന്നഹദോസ്

ബഥനി ആശ്രമത്തിൻെറ വിസിററർ ബിഷപ്പ് 37

ബൈബിൾസൊസൈറ്റിയുടെ വൈസ് പ്രസിഡണ്ട്, വി. കുർബ്ബാന, നമസ്കാരങ്ങൾ, ഗീതങ്ങൾ മുതലായവ ബ്രോഡ്കാസ്റ്റ് ചെയ്യുക, ടേപ്പ്റിക്കാർഡു ചെയ്യുക, അവയ്ക്കു കാസെററു് ഉണ്ടാക്കുക എന്നിവയെപ്പററി

പള്ളി ആരാധനയിൽ ഗായകസംഘങ്ങൾക്കും സംഗീതോപകരണങ്ങൾക്കുമുള്ള സ്ഥാനം 38

ആന്ധ്രാപ്രദേശത്തു നടപ്പിൽ വരുത്തുന്നതിനു് ഉണ്ടാക്കിയ ശിശുക്ഷേമ പ്രോജക്ട്

Leprosy Mission Trust, India

പ്രായമുള്ളവർക്കു പട്ടംകൊടുക്കുന്നതിനെപ്പററി

പഴയസെമിനാരിയിൽ വനിതകൾക്കുള്ള വേദപഠനം 39

കൊല്ലം മെത്രാസനത്തിൽ സായാഹ്നകുർബ്ബാന

XIII 1982 ഫെബ്രുവരി സുന്നഹദോസ്

ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസിന്റെ കേരള സന്ദർശനവും സഭാസമാധാന വ്യവസ്ഥകളും 39

പ്ലാനിംഗ് കമ്മററി റിപ്പോർട്ട് 41

സെൻറ് പോൾസ് മിഷ്യൻ സെൻറർ ഗവേണിംഗ് ബോർഡ്, മിഷൻ സെന്റർ വിദ്യാർത്ഥികൾക്കുഡിപ്ലോമാ

ആന്ധ്രായിൽ കുഷ്ഠരോഗമില്ലാത്ത കുട്ടികൾക്കായി ബാലഗ്രാമം സ്ഥാപിക്കുന്നതിനെപ്പററി 42

ആരാധനക്രമങ്ങളുടെ തമിഴ് തർജ്ജമ

വൈദികരുടെ പെൻഷൻകാര്യം

XIV 1982 ജൂലൈ സുന്നഹദോസ്

പൗരസ്ത്യ കാതോലിക്കാസിംഹാസന
പുന:സ്ഥാപന സപ്തതി ആഘോഷം 43
പാലയ്ക്കാട്ട് മഞ്ഞപ്ര മാർ ബസ്സേലിയോസ് ചിൽഡ്രൻ
സ് ഹോം
വള്ളിക്കാട്ട് ദയറാ വാകത്താനം 44
വി. കർബ്ബാന തക്സായുടെ തമിഴ് തർജ്ജമ
ആത്മീയസംഘടനകൾക്കുള്ള ഗ്രാൻറ് 45
സൺഡേസ്കൂൾ കവർപിരിവ്, കുടുംബാരാധന
പുസ്തകത്തിൻെറ വില്പന, വിവാഹങ്ങൾ സംബ
ന്ധിച്ചുള്ള പ്രത്യേക അനുവാദം

XV 1983 ഫെബ്രുവരി സുന്നഹദോസ്

മേല്പട്ട സ്ഥാനത്തേക്ക് തെരഞ്ഞെടുത്തിട്ടുള്ളവരുടെ
അംഗീകരണം 46
ദിവ്യബോധനം 47
ആജ്ഞപത്രികളിൽ പൂവർഫണ്ട്, സഭാസ്ഥാപനങ്ങ
ളിൽ നിയമനം, അഡ്മിഷൻ എന്നിവയ്ക്ക് പിന്നോ
ക്കവിഭാഗക്കാർക്ക് കൂടുതൽ കേപ്പാട്ടാനല്കുന്നതിനെപ്പറ്റി.
സെൻറ് തോമസ് ഓർത്തഡോക്സ് വൈദികസംഘം
നിയമാവലി, ഇംഗ്ലീഷ്, ഹിന്ദി, കുർബ്ബാന തക്സാ 48
വലിയനോമ്പിലെ കുടുംബനമസ്കാരം, ഇസഡ് എം.
പാറേട്ട് പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങൾ,
പുതുപ്പാടി ആശ്രമസമൂഹം
നാഷണൽ ക്രിസ്ത്യൻ കൗൺസിലിലും കേരള ക്രിസ്ത്യൻ
കൗൺസിലിലും മെമ്പർഷിപ്പ് എടുക്കുന്നതിനെപ്പറ്റി 49
മാമോദീസായും പെൺകുട്ടികളും,
മദ്യവർജ്ജന ധാർമ്മികോന്നമനസമിതി

XVI 1983 ജൂലൈ സുന്നഹദോസ്

കുടുംബാരാധനക്രമത്തിൻെറ തമിഴ് തർജ്ജമ, 50
ആന്ധ്രായിലെ കുഷ്ഠരോഗികളുടെ കുഷ്ഠരോഗമില്ലാത്ത
കുട്ടികൾക്കായുള്ള ബാലഗ്രാം, പുതുപ്പാടി സെൻറ്
പോൾസ് ആശ്രമത്തിൻെറ ഭരണഘടന
വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസിയോസ്
മെത്രാപ്പോലീത്തായുടെ ചരമവാർഷിക കനകജൂബിലി 51

മലങ്കര ഓർത്തഡോക്സ് സുറിയാനിസഭ പൗരസ്ത്യ കാതോലിക്കേറ്റ്

പ. എപ്പിസ്കോപ്പൽ സുന്നഹദോസ് നിശ്ചയങ്ങൾ

1976–1983

സഭാംഗങ്ങൾ അറിഞ്ഞിരിക്കേണ്ട പ്രസക്ത ഭാഗങ്ങൾ

(Codified and edited)

പരിശുദ്ധ സുന്നഹദോസ് നിശ്ചയങ്ങളിൽനിന്ന് സഭാംഗങ്ങൾ അറിഞ്ഞിരിക്കേണ്ട പ്രസക്ത ഭാഗങ്ങൾ ചേർത്ത് ഒരു ലഘുഗ്രന്ഥം (Booklet) പ: സുന്നഹദോസിൻെറ അംഗീകാരത്തോടുകൂടി പ്രസിദ്ധപ്പെടുത്തണമെന്ന് പ: സുന്നഹദോസ് നിശ്ചയിച്ചതനുസരിച്ച് പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാബാവായുടെകാലത്ത് 1976 മുതൽ നടത്തിയിട്ടുള്ള പ: സുന്നഹദോസുകളുടെ പ്രസക്ത നിശ്ചയങ്ങൾ സമാഹരിച്ച് തെളിവാക്കി പ്രകാശനം ചെയ്തിട്ടുള്ളവയാണ് തുടർന്നു ചേർത്തിരിക്കുന്നവ.

I

1976 മാർച്ച് സുന്നഹദോസ്

പ: സുന്നഹദോസിൻെറ കോറം നിലവിലുള്ള അംഗസംഖ്യയുടെ പകുതിയിലധികമായിരിക്കണം.

II

1977 ഫെബ്രുവരി സുന്നഹദോസ്

1. കാതോലിക്കാദിനം–(സഭാദിനം)

എല്ലാക്കൊല്ലവും കാതോലിക്കാദിനമായി ആചരിച്ചുവരുന്ന വലിയ നോമ്പിലെ 36–ാംഞായറാഴ്ച മേലിൽ സഭാദിനമായി ആചരിക്കണമെന്നും എന്നാൽ കാതോലിക്കാദിനമെന്ന പേര് മാറേറണ്ടതില്ലെന്നും തീരുമാനിച്ചു.

2. പള്ളിപ്പെരുന്നാൾ:-

പെരുന്നാൾദിവസം ഇടവകാംഗങ്ങൾ എല്ലാവരും വി:കുർബ്ബാനയിൽ സംബന്ധിക്കേണ്ടതാകയാൽ തലേ രാത്രിയിൽ റാസ മുതലായ എല്ലാ പരിപാടികളും നീട്ടിക്കൊണ്ടുപോകാതെ രാത്രി 10 മണിക്കു് മുമ്പായി അവസാനിപ്പിക്കണം. പെരുന്നാൾരാത്രിയിൽ കലാപരിപാടികൾ നടത്താൻ പാടില്ല. അവ ആവശ്യമെങ്കിൽ പെരുന്നാൾദിവസത്തിനു മുൻപോ പിൻപോളള്ള ദിവസങ്ങളിൽ മാത്രം നടത്തേണ്ടതും ആയതിനു് ഇടവക മെത്രാപ്പോലീത്തായുടെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിയിരിക്കേണ്ടതുമാകുന്നു.

3. മാമോദീസാ:-

1) റോമൻകത്തോലിക്കാ, കൽദയാ(നെസ്റ്റോറിയൻ) എന്നീ സഭകളിൽപ്പെട്ടവരെ നമ്മുടെ സഭയിലേക്കു് ചേർക്കുമ്പോൾ അവർ ഏററിട്ടുള്ള കൂദാശകൾ ആവർത്തിക്കേണ്ട ആവശ്യമില്ല. അവരെക്കൊണ്ടു് അതതു സഭകളേയും അതതിൻെറ വിശ്വാസ പിശകുകളേയും ഉപേക്ഷിച്ചു് ഓർത്തഡോക്സ് സഭയേയും അതിന്റെ വിശ്വാസത്തേയും സ്വീകരിക്കുന്നു എന്നു് ഏററുപറയിച്ചു സഭയിൽ ചേർത്താൽ മതിയാകുന്നതാകുന്നു.

2) സി. എസ്. ഐ., സി. എൻ. ഐ., മാർത്തോമ്മാ മുതലായ നവീകരണ എപ്പിസ്കോപ്പൽ സഭകളിൽപ്പെട്ടവരേയും അവരുടെ കൂദാശകൾ സ്വീകരിക്കുന്ന തൊഴിയൂർ സ്വതന്ത്ര എപ്പിസ്കോപ്പൽ സഭയിൽപ്പെട്ടവരേയും നമ്മുടെ സഭയിൽ ചേർക്കുമ്പോൾ മാമോദീസാ ആവർത്തിക്കേണ്ടതില്ല. അവരെക്കൊണ്ടു് അതതു സഭകളേയും അവയുടെ വിശ്വാസ പിശകുകളേയും ഉപേക്ഷിച്ചു് ഓർത്തഡോക്സ് സഭയേയും അതിൻെറ വിശ്വാസങ്ങളേയും സ്വീകരിക്കുന്നതായി ഏററുപറയിച്ചു് വി: മൂറോൻ അഭിഷേകത്തിന്റെ പ്രാർത്ഥനചൊല്ലി വി: മൂറോനഭിഷേകവും വി: കുമ്പസാരവും വി: കുർബ്ബാനാനുഭവവും നടത്തി അവരെ വി: സഭയിൽ ചേർത്താൽ മതിയാകും.

3) എപ്പിസ്കോപ്പൽ അല്ലാത്ത മററു ക്രൈസ്തവ വിഭാഗങ്ങളിൽനിന്നും നമ്മുടെ സഭയിലേക്കു് വരുന്നവരെ അതതു സഭകളേയും അതതിൻെറ വിശ്വാസപിശകുകളേയും ഉപേക്ഷിച്ചു് നമ്മുടെ സഭയേയും അതിന്റെ വിശ്വാസത്തേയും സ്വീകരിക്കുന്നതായി ഏററുപറയിച്ചു് വി: മാമോദീസായും, വി: മൂറോനഭിഷേകവും, വി: കുർബ്ബാനാനുഭവവും നടത്തി വി: സഭയിൽ ചേർക്കണം.

4) നമ്മുടെ സഭയിൽനിന്നും മാമോദീസായും വി: മൂറോൻ അഭിഷേകവും മററും സ്വീകരിച്ചശേഷം മററു ക്രൈസ്തവ വിഭാ

ഗങ്ങളിലോ, മററു മതവിഭാഗങ്ങളിലോ ചേർന്നുകഴിഞ്ഞു് തിരിച്ചുവരുന്നവർക്കു് മാമോദീസായും മൂറോൻ അഭിഷേകവും ആവർത്തിക്കേണ്ട ആവശ്യം ഇല്ല. അവരേക്കൊണ്ടു് അതതു ക്രൈസ്തവ വിഭാഗങ്ങളുടെയോ മതങ്ങളുടെയോ വിശ്വാസാചാരങ്ങൾ ഉപേക്ഷിച്ചിരിക്കുന്നതായും, നമ്മുടെ സഭയുടെ വിശ്വാസാചാരങ്ങൾ വീണ്ടും സ്വീകരിക്കുന്നതായും ഏറ്റുപറയിച്ചു് വി: കുമ്പസാരവും, വി: കുർബ്ബാനാനുഭവവും നടത്തി അവരെ വീണ്ടും സ്വീകരിച്ചാൽ മതിയാകും.

കുറിപ്പു്

മേല്പറഞ്ഞ ഖണ്ഡികകളിൽ പറഞ്ഞ നടപടികൾ വിവാഹത്തോടനുബന്ധിച്ചു് നടത്തേണ്ടിവരികയാണെങ്കിൽ കഴിവുള്ളടത്തോളം നേരത്തെ അപ്രകാരമുള്ള നടപടികൾ ചെയ്യേണ്ടതാണു്.

5) നമ്മുടെ വൈദികർ ഇല്ലാത്ത സ്ഥലങ്ങളിൽവച്ചു് മാമോദീസാ മുതലായവ നടത്തേണ്ട ആവശ്യം വന്നാൽ, നമ്മോടു സംസർഗ്ഗമുള്ള അന്ത്യോക്യൻ, അർമ്മീനിയൻ, കോപ്റ്റിക്, എത്യോപ്യൻ എന്നീ കിഴക്കൻ സഭകൾ സ്ഥലത്തുണ്ടെങ്കിൽ അവയിൽ ഏതെങ്കിലും സഭയിലെവൈദികനിൽനിന്നും മാമോദീസായും വി: മൂറോൻ അഭിഷേകവും മററും സ്വീകരിക്കാവുന്നതാണു്. അതിനു് സാദ്ധ്യതയില്ലെങ്കിൽ നാം അവരുടെ മാമോദീസായും മറ്റും അംഗീകരിക്കുന്ന മററു് ഓർത്തഡോക്സ് സഭകളിലെ വൈദികരിൽനിന്നോ, റോമൻ കത്തോലിക്കാസഭയിലെ വൈദികരിൽനിന്നോ മാമോദീസായും മററും സ്വീകരിക്കാവുന്നതാണു്. എന്നാൽ വി: മൂറോൻ അഭിഷേകം, വി: മാമോദീസായോടുകൂടി നടത്തിയിട്ടില്ലെങ്കിൽ ഏററവും അടുത്ത അവസരത്തിൽ ആ വിശുദ്ധ കർമ്മം നടത്തിക്കുവാൻ ശ്രദ്ധിക്കേണ്ടതാണു്. മേല്പറഞ്ഞ പ്രകാരം മാമോദീസാനടന്നാൽ അതുസംബന്ധിച്ചുള്ള സർട്ടിഫിക്കേററു് അവനവൻെറ ഇടവകവികാരിയെ എല്പിച്ചു് മാമോദീസാ രജിസ്റ്ററിൽ പേരു് ചേർപ്പിക്കേണ്ടതാകുന്നു.

മേല്പറഞ്ഞവ ഒഴിച്ചുള്ള ക്രൈസ്തവ വിഭാഗങ്ങളിൽനിന്നും മാമോദീസായും മൂറോൻ അഭിഷേകവും സ്വീകരിക്കാവുന്നതല്ല.

6) നമ്മുടെ സഭയിൽനിന്നും മറ്റു ക്രൈസ്തവ സഭകളിലേയ്ക്കു് വിവാഹം കഴിപ്പിച്ചുകൊടുത്തിട്ടുള്ള സ്ത്രീകളുടെ കുട്ടികളെ നമ്മുടെ വിശ്വാസാചാരങ്ങളിൽ വളർത്തിക്കൊള്ളാമെന്നു് മാതാവെങ്കിലും രേഖാമൂലം ഉറപ്പു നല്കുകയും തലതൊട്ടുന്നതു് നമ്മുടെ സഭാംഗമായിരിക്കുകയും ചെയ്താൽ മാമോദീസാ നടത്തിക്കൊടുക്കാവുന്നതും നമ്മുടെ സഭയിൽ ചേർക്കാവുന്നതുമാകുന്നു.

4. വിവാഹം:

1) നമ്മുടെ സഭയിൽ പെട്ടവരും ഇതര ക്രൈസ്തവ സഭകളിൽ വിവാഹം ചെയ്തു കൊടുത്തിട്ടുള്ളവരുമായ സ്ത്രീകൾ നമ്മുടെ വിശ്വാസാചാരങ്ങളിൻപ്രകാരം തുടർന്നു് നടന്നുകൊള്ളാമെന്നു് ഉറപ്പു തരുകയും പ്രതിജ്ഞ ചെയ്യുകയും ചെയ്യുമെങ്കിൽ അവരെ നമ്മുടെ സഭാംഗങ്ങളായി തുടരുന്നതിനു് അനുവദിക്കാവുന്നതാണു്.

2) മററു സഭകളിൽപോയി വിവാഹം നടത്തിക്കുവാൻ നമ്മുടെ സ്ത്രീപുരുഷന്മാർക്കു് അനുവാദമില്ല. എന്നാൽ ഇതിനു വിപരീതമായി ആരെങ്കിലും പ്രവർത്തിച്ചാൽ അവർക്കു് നമ്മുടെ സഭയിൽ തുടരുന്നതിനു് താഴെ വിവരിച്ചിരിക്കുന്ന നടപടികൾ സ്വീകരിക്കേണ്ടതാകുന്നു.

1) റോമൻ കത്തോലിക്ക, കൽദയാ(നെസ്റോറിയൻ) എന്നീ സഭകളിൽവച്ചു് വിവാഹം കഴിച്ചിട്ടുള്ളവരാണെങ്കിൽ അവർ ചെയ്ത തെററിനെ ഏററുപറഞ്ഞു് വി. കുമ്പസാരം നടത്തി വി. കുർബ്ബാന അനുഭവിക്കുന്നതുകൂടാതെഅവർ പട്ടക്കാർ നിശ്ചയിക്കുന്ന പ്രായശ്ചിത്തവും ചെയ്യേണ്ടതാകുന്നു.

2) സി. എൻ. ഐ, സി. എസ്. ഐ, മാർത്തോമ്മാ, തൊഴിയൂർ സ്വതന്ത്രസഭ എന്നീ എപ്പിസ്കോപ്പൽ സഭകളിൽ വച്ചു് വിവാഹം കഴിച്ചിട്ടുള്ളവരാണെങ്കിൽ അവർ ചെയ്ത തെററിനെ ഏററുപറയുകയും കുമ്പസാരിച്ചു് വിശുദ്ധ കുർബ്ബാന അനുഭവിക്കുകയും അവരുടെ ഭാര്യാപദം സ്വീകരിച്ചിട്ടുള്ള ആ സഭയിലെ പെൺകുട്ടികൾക്കു് മൂറോൻ അഭിഷേകം നടത്തുകയും അവർ കുമ്പസാരിച്ചു് വി. കുർബ്ബാന അനുഭവിക്കുകയും ചെയ്യുന്നതു കൂടാതെ അവരുടെ വിവാഹം, നമ്മുടെ വിവാഹശുശ്രൂഷയുടെ രണ്ടാം ക്രമത്തിൽനിന്നും തക്കതായ പ്രാർത്ഥനകൾ ചൊല്ലി കിരീടം വാഴ്വും കൈപിടിത്തവും നടത്തി പൂർത്തീകരിക്കുകയും പട്ടക്കാർ നിശ്ചയിക്കുന്ന പ്രായശ്ചിത്തം നടത്തുകയും ചെയ്യേണ്ടതാണു്. മോതിരം വാഴ്വു്, മിന്നുകെട്ടു്, മന്ത്രകോടി ഇടീൽ എന്നിവ വീണ്ടും നടത്തേണ്ടതില്ല.

3) എപ്പിസ്കോപ്പലല്ലാത്ത മററു ക്രൈസ്തവ വിഭാഗങ്ങളിൽ വച്ചു് നടന്നിട്ടുള്ള വിവാഹങ്ങളാണെങ്കിൽ അങ്ങനെയുള്ളവരെ സ്വീകരിക്കുമ്പോൾ അവർ ചെയ്ത തെററു് ഏററു പറയുകയും പട്ടക്കാർ നിശ്ചയിക്കുന്ന പ്രായശ്ചിത്തം കഴിക്കുകയും അവർ വി. കുമ്പസാരവും വി. കുർബ്ബാനാനുഭവവും നടത്തുകയും അവർ വിവാഹം കഴിച്ചിട്ടുള്ള പെൺകുട്ടികളെ മാമോദീസാ മുക്കുകയും വി. മൂറോൻ അഭിഷേകം നടത്തുകയും അവർ വി. കുർബ്ബാന അനുഭവിക്കുകയും അവരുടെ വിവാഹം നമ്മുടെ ക്രമം അനുസരിച്ചു് മുഴുവനായി നടത്തുകയും ചെയ്യേണ്ടതാണു്.

5. വിവാഹക്കുറി:

മററു സഭകളിൽവച്ചു് നടത്തുന്ന വിവാഹത്തിനു് നമ്മുടെ സഭയിൽവച്ചു് നടക്കുന്ന വിവാഹങ്ങൾക്കു കൊടുത്തുവരുന്ന രീതിയിലുള്ള വിവാഹക്കുറി കൊടുക്കുകയോ പ്രസ്തുത വിവാഹങ്ങളുടെ വിളിച്ചു ചൊല്ലു് നമ്മുടെ പള്ളികളിൽ നടത്തുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു. എന്നാൽ ഒഴിച്ചുകൂടാത്ത ആവശ്യം ഉണ്ടായാൽ താഴെപ്പറയുന്ന വിധത്തിലുള്ള ഒരു വിവാഹക്കുറി 'ഇന്ന' വികാരിക്കു് എന്നു് എഴുതാതെ "ഈ ഇടവകയിൽപെട്ട ഇന്നാരുടെയും ഇന്നാരുടെയും മകൾ/മകൻ ഇന്നാരുടെ വിവാഹം നടത്തുന്നതിനു് കാനോനികവും സഭാപരവുമായ യാതൊരു തടസ്സവും ഇല്ലാത്തതാകുന്നു" എന്നു വിവാഹക്കുറി എന്നു് മേലെഴുത്തുള്ള പ്രത്യേക കടലാസ്സിൽ എഴുതി കൊടുക്കാവുന്നതാകുന്നു.

6. മററു സഭകളുടെ ആരാധന നടത്തുവാൻ നമ്മുടെ ദേവാലയങ്ങൾ കൊടുക്കുന്നതിനെപ്പററി:

റോമൻ കത്തോലിക്ക, കൽദയാ, (നെസ്റോറിയൻ) സി. എസ്. ഐ., സി. എൻ. ഐ., തൊഴിയൂർ സ്വതന്ത്രസഭ, മാർത്തോമ്മാ എന്നീ സഭാവിഭാഗങ്ങളുടെ ആരാധനയ്ക്കു് അത്യാവശ്യം വന്നാൽ നമ്മുടെ ദേവാലയങ്ങൾ കൊടുക്കാവുന്നതാണു്. എന്നാൽ നമ്മുടെ ത്രോണോസ്, അവരുടെ ഉപയോഗത്തിനു് അനുവദിക്കാതെ അവർക്കായി മററു ക്രമീകരണങ്ങൾ ചെയ്തുകൊടുക്കാവുന്നതാകുന്നു. അപ്രകാരം അവരുടെ ആരാധനയ്ക്കു നമ്മുടെ പള്ളികളനുവദിക്കുന്നതിനുമുമ്പു് ഇടവക മെത്രാപ്പോലീത്തായുടെ രേഖാമൂലമായ അനുവാദം വികാരി വാങ്ങിയിരിക്കേണ്ടതാകുന്നു.

7. ചർച്ചകൾ (Dialogues)

നമ്മുടെ വിശ്വാസ സത്യങ്ങൾക്കു് വീഴ്ചവരുത്താതെ മററു ക്രൈസ്തവ സഭാവിഭാഗങ്ങളും മററു മതങ്ങളും പ്രത്യയ ശാസ്ത്രങ്ങളുമായി (ideologies) ചർച്ചകൾ നടത്തുകയും സാമൂഹ്യമായും മററുമുള്ള അവരുടെ പ്രവർത്തനങ്ങളിലും പരിപാടികളിലും പങ്കെടുക്കുകയും മററും ചെയ്യുന്നതിനു് നമ്മുടെ സഭയിൽപെട്ട തക്ക യോഗ്യതയുള്ളവരെ അനുവദിക്കാവുന്നതാണു്. അങ്ങനെ ചെയ്യുമ്പോൾ പ. കാതോലിക്കാ ബാവായുടെ അനുവാദം വാങ്ങിയിരിക്കേണ്ടതാകുന്നു.

8. സംസർഗ്ഗമില്ലാത്ത ഇതര സഭകളുടെ കൂദാശാനുഷ്ഠാനങ്ങളിലും, ആരാധനകളിലും മററും സംബന്ധിക്കുന്നതിനെപ്പററി:

നമ്മോടു സംസർഗ്ഗമില്ലാത്ത ഇതര ക്രൈസ്തവസഭകളിലെ കൂദാശാനുഷ്ഠാനങ്ങളിലും ആരാധനകളിലും പ്രാർത്ഥനകളിലും

നമ്മുടെ മേല്പട്ടക്കാരും പട്ടക്കാരും സംബന്ധിക്കേണ്ടതായ ഒഴിച്ചുകൂടാത്ത സാഹചര്യംവന്നാൽ കാർമ്മികനടത്തുന്ന അവരുടെ ശുശ്രൂഷകളും പ്രാർത്ഥനകളും നടത്തുന്നതിൽനിന്നു് ഒഴിഞ്ഞിരിക്കേണ്ടതാകുന്നു. മററു ക്രൈസ്തവസഭകളിലെ മേല്പട്ടക്കാരും പട്ടക്കാരും നമ്മുടെ ശുശ്രൂഷകളിൽ സന്നിഹിതരായാൽ കാർമ്മികനടത്തുന്ന നമ്മുടെ ശുശ്രൂഷകളും പ്രാർത്ഥനകളും നടത്തുന്നതിൽനിന്നു് അവരെയും ഒഴിച്ചുനിർത്തേണ്ടതാകുന്നു.

III

1977 ജൂലൈ സുന്നഹദോസ്

1. പട്ടക്കാരുടെയും ശെമ്മാശന്മാരുടെയും കപ്യാരന്മാരുടെയും മക്കളുടെ വിവാഹ വരുമാനം:

പട്ടക്കാരുടെയും ശെമ്മാശന്മാരുടെയും അഞ്ചുകൊല്ലത്തിൽ കുറയാതെ ശുശ്രൂഷ നടത്തിയിട്ടുള്ളവരും തുടർന്നു നടത്തിക്കൊണ്ടിരിക്കുന്നവരുമായ കപ്യാരന്മാരുടെയും പെൺമക്കളുടെ വിവാഹങ്ങൾക്കു് പതാരം ഒഴിച്ചുള്ള മററു പള്ളിവരുമാനങ്ങൾ മാത്രവും, എന്നാൽ അവരുടെ ആൺമക്കളുടെ വിവാഹത്തിനു് പതാരം ഉൾപ്പെടെയുള്ള എല്ലാ പള്ളിവരുമാനങ്ങളും വസ്തിച്ചുകൊള്ളേണ്ടതാകുന്നു.

കുറിപ്പ്

പെൺമക്കളുടെ വിവാഹത്തിനു് പിതൃസ്വത്തവകാശം (അവകാശധനം) കൊടുക്കേണ്ടതുള്ളതുകൊണ്ടും ആൺമക്കളുടെ വിവാഹത്തിനു് പിതൃസ്വത്തവകാശം (അവകാശധനം) ലഭിക്കുന്നതുകൊണ്ടുമാണു് ഈ വ്യത്യാസം.

2. കുബ്ബാനപ്പണവും തളികപ്പണവും:

കുബ്ബാനപ്പണവും, ഇരുപത്തഞ്ചു നോമ്പുവീടൽ, ദുഃഖവെള്ളിയാഴ്ച, അമ്പതു നോമ്പുവീടൽ എന്നീ മൂന്നു ദിവസങ്ങളിലെ തളികപ്പണവും പട്ടക്കാർക്കും മററും കൊടുക്കുന്നതിനെപ്പററി ആലോചിച്ചതിൽ ഓരോ ഭദ്രാസനങ്ങളിലും നിലവിലിരിക്കുന്ന രീതികൾ തല്ക്കാലം ഭേദപ്പെടുത്തേണ്ടതില്ലെന്നു തീരുമാനിച്ചു.

3. ബൈബിൾ സൊസൈററി:

വി. വേദപുസ്തകം സഭയുടെ ആത്മീയവളർച്ചക്കു് അത്യന്താപേക്ഷിതമാകയാലും ഓർത്തഡോക്സ് സുറിയാനി സഭവകയായ വേദപുസ്തകതർജ്ജമ തല്ക്കാലം ഇല്ലാത്തതിനാലും ഇനി ഒരു കല്പന ഉണ്ടാകുന്നതുവരെ ഇൻഡ്യാ വേദപുസ്തകസമൂഹം (Bible Society പ്രസിദ്ധീകരിച്ചിട്ടുള്ള വേദപുസ്തകതർജ്ജമകൾ സഭാംഗങ്ങൾ ഉപ

യോഗിക്കുന്നതിനും, വേദപുസ്തകസമൂഹത്തെ സാമ്പത്തികമായി സഹായിക്കുന്നതിനും പ: സുന്നഹദോസ് അനുവദിച്ചിരിക്കുന്നു.

4. ആശ്രമങ്ങളും ദയറാകളും:

1) എല്ലാ സന്യാസാശ്രമങ്ങളും ദയറാകളും പ: സുന്നഹദോസിന്റെ അനുവാദത്തോടുകൂടിമാത്രം ആരംഭിക്കേണ്ടതും അവ സഭയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടേണ്ടതും അവയുടെ ഉടമസ്ഥത സഭയ്ക്കുണ്ടായിരിക്കേണ്ടതും അവ പ: സുന്നഹദോസിനു കീഴ്പ്പെട്ടിരിക്കേണ്ടതുമാകുന്നു. (സഭാ ഭരണഘടന 124-ാംവകുപ്പ്)

2) ഏതെങ്കിലും സന്യാസമൂഹാംഗം ഇടവകഭരണമുള്ള മേല്പട്ടസ്ഥാനത്തേക്കു് ഉയർത്തപ്പെടുകയാണെങ്കിൽ അദ്ദേഹം ഏതു സമൂഹത്തിലെ അംഗമായിരിക്കുന്നുവോ ആ സമൂഹത്തിലുള്ള അദ്ദേഹത്തിന്റെ സജീവാംഗത്വം അവസാനിക്കുന്നതും, അദ്ദേഹം ആ സമൂഹത്തിൽ ഉത്തരവാദിത്വമുള്ള ഔദ്യോഗിക സ്ഥാനങ്ങൾ ഏററുകൂടാത്തതും, അദ്ദേഹം ഇടവകഭരണത്തിൽനിന്നു റിട്ടയർചെയ്യുന്നെങ്കിൽ അദ്ദേഹത്തിനു സമൂഹത്തിലുള്ള സജീവാംഗത്വം പുതുക്കാവുന്നതുമാകുന്നു.

5. സൺഡേസ്കൂൾ പത്താംക്ലാസ്സ് പാസ്സായിട്ടുള്ളവർക്കു് Weightage കൊടുക്കുന്നതിനെപ്പററി:

സൺഡേസ്കൂൾ പത്താംക്ലാസ്സ് പാസ്സായിട്ടുള്ളവർക്കു് സഭവക സ്കൂളുകൾ, കോളേജുകൾ, ആസ്പത്രികൾ, സെമിനാരികൾ മുതലായ സ്ഥാപനങ്ങളിൽ പ്രവേശനമോ നിയമനമോ നൽകുന്നതിലും മററു് ഏതെങ്കിലും സ്ഥാപനത്തിൽ പ്രവേശിക്കുന്നതിനു Sponsor ചെയ്യുന്നതിലും അഞ്ചുമുതൽ പത്തുവരെ ശതമാനം മാർക്കു് Weightage ആയി കൊടുക്കേണ്ടതാണെന്നു് നിശ്ചയിച്ചു.

6. പട്ടംകൊടുക്കലും Exemption-നും:

സഭാ ഭരണഘടന അനുസരിച്ചു് വൈദികസെമിനാരി പഠനം പൂർത്തിയാക്കിയിട്ടുള്ളവർക്കുമാത്രമെ കശ്ശീശാപട്ടം കൊടുക്കാവൂ എന്നും, അതിൽനിന്നും ഒഴിവാക്കൽ (Exemption) അത്യാവശ്യമായി വരികയാണെങ്കിൽ ആയതിനു് പ: കാതോലിക്കാബാവായുടെ രേഖാമൂലമായ അനുവാദം വാങ്ങിയിരിക്കേണ്ടതാണെന്നും തീരുമാനിച്ചു.

7. ബാലികാസമാജവും, മർത്തമറിയം സമാജദിനവും:

മർത്തമറിയം സമാജത്തിന്റെ ആഭിമുഖ്യത്തിൽ സഭയിലെ വിവിധ ഭദ്രാസനങ്ങളിൽ ബാലികാസമാജം തുടങ്ങേണ്ടതാണെന്നും ആഗസ്റ്റ് 15-ാംതീയതി ആയ ശ്ലീഹാനോയോ പെരുന്നാൾദിവസം (ദൈവമാതാവിന്റെ വാങ്ങിപ്പു്) മർത്തമറിയം സമാജദിനമായി വേർതിരിക്കണമെന്നും തീരുമാനിച്ചു.

IV

1978 ഫെബ്രുവരി സുന്നഹദോസ്

1. സാമ്പത്തികവർഷം:

പ: സുന്നഹദോസിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന എല്ലാ സ്ഥാപനങ്ങൾക്കും സംഘടനകൾക്കും പ്രസ്ഥാനങ്ങൾക്കും സാമ്പത്തികവർഷം ഏപ്രിൽ ആദ്യം മുതൽ മാർച്ച് അവസാനം വരെ ആയിരിക്കണം.

2. റമ്പാന്മാരുടെയും മറ്റ് വൈദികഗണങ്ങളുടെയും വേഷങ്ങൾ:

1) റമ്പാന്മാർക്ക് യാത്രാസമയത്ത് കറുത്ത അകക്കുപ്പായത്തിനുപുറമെ ഒതുക്കമുള്ള വെള്ള ളോഹയും കറുത്ത ഇടക്കെട്ടും മസനപ്പായുടെ മുകളിൽ ഇറക്കമുള്ള കറുത്ത പടിത്തൊപ്പിയും ധരിക്കാവുന്നതാണ്.

2. പ്രത്യേക സാഹചര്യം നിമിത്തം വൈദികർക്ക് ലൌകിക (Secular) ഉദ്യോഗങ്ങൾ ചെയ്യേണ്ടതായി വന്നാൽ അപ്രകാരം ചെയ്യുന്നതിനും, അവരുടെ ലൗകിക ജോലിസമയത്ത് വൈദിക വേഷം ഉപയോഗിക്കുവാൻ നിവൃത്തിയില്ലാത്ത സാഹചര്യങ്ങളിൽ സൗകര്യമുള്ള സാധാരണവേഷം ധരിക്കുന്നതിനും ഇടവക മെത്രാപ്പോലീത്തായുടെ ശുപാർശ അനുസരിച്ച് പ: കാതോലിക്കാബാവായ്ക്ക് അവരെ അനുവദിക്കാവുന്നതാണ്.

3) കശീശന്മാരുടെയും പുണ്ണ്യശെമ്മാശന്മാരുടെയും മററു കീഴ് സ്ഥാനികളുടെയും സാധാരണവേഷം കാൽചട്ടയും, ഷർട്ടും, അവയ്ക്കു പുറമെ വെള്ള കുപ്പായവും അതായതു് കമ്മീസും ആയിരിക്കണം. കമ്മീസിനു പകരം വെള്ള കാസക്കോ, വെള്ള ളോഹയോ ധരിക്കുന്നുവെങ്കിൽ, കശീശന്മാരും പുണ്ണ്യശെമ്മാശന്മാരും കറുത്ത ഇടക്കെട്ടും, മററു കീഴ്സ്ഥാനികൾ വെള്ള ഇടക്കെട്ടും ധരിക്കേണ്ടതാകുന്നു.

V

1978 ജൂലൈ സുന്നഹദോസ്

1. വി. കുർബ്ബാനയും അക്രൈസ്തവരും, മദ്ധ്യസ്ഥപ്രാർത്ഥനയും:

1) ചില പള്ളികളിൽ അനുവദിക്കുന്നപ്രകാരം വി. കുർബ്ബാനയ്ക്കിടയിൽ വിശ്വാസപ്രമാണത്തിനുശേഷം പള്ളിയിൽ നില്ക്കുന്നതിനോ തിരി കത്തിച്ചുപിടിക്കുന്നതിനോ അക്രൈസ്തവരെ അനുവദിക്കാവുന്നതല്ല.

2) വി. കുർബ്ബാനയിൽ വിശ്വാസപ്രമാണത്തിനുശേഷം അക്രൈസ്തവരുടെ പേരുകൾ ഓർക്കുന്നതു ശരിയല്ല.

3) വി. കുർബ്ബാനയോടനുബന്ധിച്ച് ചില പള്ളികളിൽ നടത്തുന്ന വി. ദൈവമാതാവിനോടുള്ള മദ്ധ്യസ്ഥപ്രാർത്ഥന ആവശ്യമെങ്കിൽ കുക്കിലിയോന്റെ സമയത്തു നടത്താതെ വി. കുർബ്ബാനയ്ക്കുശേഷം നടത്തുകയാണു വേണ്ടതു്.

2. വിശ്വാസപ്രമാണം:–

വിശ്വാസപ്രമാണം എല്ലാവരുംകൂടി ഒരുമിച്ച് ഭംഗിയായും ഒരുപോലെയും ചൊല്ലാമെങ്കിൽ അപ്രകാരം ചെയ്യാവുന്നതാണ്.

3. വിടുതൽ ഗ്രൂപ്പ്:

വിടുതൽ ഗ്രൂപ്പ് എന്നറിയപ്പെടുന്ന പ്രസ്ഥാനത്തെ സംബന്ധിച്ചുള്ള സഭയുടെ നിലപാട് സഭാംഗങ്ങളെ അറിയിക്കത്തക്കവണ്ണം പ. സുന്നഹദോസ് താഴെ കൊടുത്തിരിക്കുന്ന പ്രസ്താവന അംഗീകരിച്ചു.

വിടുതൽ പ്രസ്ഥാനം

സഭാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

പരിശുദ്ധാത്മദാനങ്ങളെപ്പറ്റി തെറ്റായ ഉപദേശങ്ങൾ സഭയ്ക്കു പുറത്തുമാത്രമല്ല അകത്തും കടന്നുവരുന്നതായി സുന്നഹദോസിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രത്യേകിച്ചും 'വിടുതൽ പ്രസ്ഥാനം' എന്ന പേരിൽ അറിയപ്പെടുന്ന കൂട്ടങ്ങളുടെയും ഗ്രൂപ്പുകളുടെയും പ്രവർത്തനങ്ങളെയും ഉപദേശങ്ങളെയുംപറ്റി പല പരാതികളും സുന്നഹദോസിനു ലഭിച്ചിട്ടുണ്ട്. അതുസംബന്ധിച്ച് പ്രസ്ഥാനത്തിലെ പ്രധാന പ്രവർത്തകരെ നേരിൽ കണ്ടു സംസാരിച്ചശേഷം താഴെ പറയുന്ന കാര്യങ്ങൾ വാത്സല്യവാന്മാരായ സഭാമക്കളുടെ അറിവിലേയ്ക്കായി പ്രസിദ്ധപ്പെടുത്തുന്നു.

പരിശുദ്ധ സുന്നഹദോസിന്റെ ചിന്തയിൽ പ്രധാന സ്ഥാനം നല്കുന്നതു് സഭാമക്കളുടെ ആത്മീയ വളർച്ചയ്ക്കും ആരാധനാ ജീവിതത്തിനുമാണ്. പരിശുദ്ധ കൂദാശകളിൽക്കൂടെ ദൈവം തമ്പുരാന്റെ കൃപയും അനുഗ്രഹവും പ്രാപിച്ച്, സഭാമക്കളെല്ലാവരും ദൈവാനുരൂപികളായി വളർന്നുവരണമെന്നുള്ളതാണ് പ. സുന്നഹദോസിന്റെ ആഗ്രഹം. സഭയുടെ കെട്ടുപണിക്കും വിശ്വാസികളുടെ വളർച്ചയ്ക്കും വേണ്ടിയാണല്ലോ പരിശുദ്ധാത്മാവ് തന്റെ ദാനങ്ങൾ സഭയിൽ ചൊരിയുന്നതു്.

പരിശുദ്ധാത്മദാനങ്ങളെപ്പറ്റി വി. പൗലോസ് ശ്ലീഹാ നമ്മെ പഠിപ്പിക്കുന്നതു്, എല്ലാ ആത്മീയ നൽവരങ്ങളും പൊതുപ്രയോ-

ജനത്തിനുവേണ്ടിയും സഭയുടെ കെട്ടുപണിക്കുവേണ്ടിയുള്ളവയാണെന്നാണ് (1 കോരി 13:7, 13:12).സഭയിൽ കുറേ പേരെമാത്രം വിടുതൽ പ്രാപിച്ചവരായി വേർതിരിച്ച് മററുള്ള സഭാംഗങ്ങളുമായി ആത്മീയ സമ്പർക്കം വിച്ഛേദിക്കുക എന്നുള്ളതു് പരിശുദ്ധാത്മ വ്യാപാരത്തിനെതിരാണ്. അങ്ങനെ പ്രവർത്തിക്കുന്നവരുടെ ഉപദേശം നിരോധിക്കേണ്ടതു് ആവശ്യവുമാണ്. റോമാലേഖനത്തിൽ പറയുന്നതുപോലെ (റോമർ 8:2) പാപത്തിൻെറയും മരണത്തിൻെറയും ദാസ്യത്തിൽനിന്നു് നമുക്കു് വിടുതൽ ലഭിക്കുന്നതിനായിട്ടാണല്ലോ പുത്രൻതമ്പുരാൻ മനുഷ്യാവതാരം ചെയ്തതും ക്രൂശിൽ മരിച്ചു് ഉയർത്തെഴുന്നേററതും. വിടുതൽ, മോചനം, രക്ഷ എന്നീ വാക്കുകൾ മിക്കവാറും ഏകാർത്ഥമുള്ളവയാണ്.

ക്രിസ്തുവിനോടുകൂടെ മാമോദീസാമൂലം മരിച്ചുയർത്തെഴുന്നേററവരാണു സഭാമക്കളെല്ലാവരും. ആ പരിശുദ്ധ കൂദാശമൂലം പാപമോചനവും പാപത്തിൽനിന്നും മരണത്തിൽനിന്നുമുള്ള വിടുതലും നിത്യജീവനും രക്ഷയും പ്രാപിക്കുന്നു. (റോമർ 6:7,8) മനുഷ്യൻ മാത്രമല്ല സൃഷ്ടി മുഴുവൻതന്നെയും ദ്രവത്വത്തിൻെറ ദാസ്യത്തിൽനിന്നും വിടുതൽ പ്രാപിക്കുവാനുള്ളതാണ്. (റോമർ 8:20)

പരിശുദ്ധ മാമോദീസായും പരിശുദ്ധ മൂറോനഭിഷേകവും മൂലം പാപമോചനവും പാപത്തിൻെറയും മരണത്തിൻെറയും ദാസ്യത്തിൽനിന്നു് വിടുതലും പ്രാപിച്ചിട്ടുള്ള സഭാമക്കൾ വീണ്ടും പാപത്തിൽ വീഴുന്നപക്ഷം ആ പാപത്തിൻെറ കെട്ടഴിച്ചു് പാപമോചനംമൂലം വീണ്ടും വിടുതൽ കൊടുക്കുവാൻ സഭയ്ക്കുള്ള നൽവരം സഭയിൽ വ്യവസ്ഥാപിതരീതിയിൽ പട്ടം കൊടുത്തിട്ടുള്ള പുരോഹിതന്മാരിൽകൂടെയാണ് വ്യാപരിക്കുന്നതു്. നമ്മുടെ കർത്താവു് പരിശുദ്ധ ശ്ലീഹന്മാരെ ഭരമേല്പിച്ചിട്ടുള്ള അധികാരമാണ് സ്വർഗ്ഗരാജ്യത്തിൻെറ താക്കോൽ. വിടുതൽ നല്കുവാനുള്ള ഈ അധികാരം സഭാമക്കൾ അനധികൃതമായി ഉപയോഗിച്ചുകൂടാ. ഈ അധികാരത്തെ നിഷേധിച്ചുകൊണ്ടു് കർത്താവുമായി നേരിട്ടുള്ള ബന്ധം മൂലമാണ് വിടുതൽ ലഭിക്കുന്നതെന്നും വിടുതൽ ഗ്രൂപ്പിന്റെ പ്രവർത്തനങ്ങളിലും പ്രാർത്ഥനകളിലും കൂടെയാണു ഈ വിടുതൽ അനുഭവപ്പെടുന്നതെന്നും ഒക്കെയുള്ള ഉപദേശം സഭയുടെ വിശ്വാസത്തിനെതിരാണ്. പൗരോഹിത്യനൽവരത്തെ വിവേചിക്കാനോ, ചിലരുടെ പൗരോഹിത്യംദൈവത്തിനു് സ്വീകാര്യമെന്നും മററു ചിലരുടേതു് സ്വീകാര്യമല്ലെന്നും വിധിക്കുവാനോ സഭയിൽ ഒരു സംഘം ആളുകൾ ശ്രമിക്കുന്നതും വലിയ അബദ്ധമാണ്.

മാത്രമല്ല 'വിടുതൽ' എന്നുള്ളതു് പ്രധാനമായും പാപത്തിൽനിന്നും മരണത്തിൽനിന്നുമുള്ള വിടുതലാണ്. ആ അർത്ഥത്തിൽ വിടുതൽ എന്നു പറയുന്നതു് പാപമോചനവും നിത്യജീവൻ പ്രാപിക്കലുമാണ്. പരിശുദ്ധ മാമോദീസായിൽകൂടെയും പ. മൂറോൻ

അഭിഷേകംമൂലവും പ. കുർബ്ബാനാനുഭവംമൂലവും എല്ലാ വിശ്വാസികളും ഈ പാപമോചനവും നിത്യജീവനും പ്രാപിക്കുന്നവരാകുന്നു. ദൈവസന്നിധിയിൽ പ്രവേശിക്കുന്നതിൽനിന്നു് വിശ്വാസികളെ തടയുന്നതു് പാപം മാത്രമാണ്. ആ പാപത്തെ ഏററുപറഞ്ഞു് മോചനം അല്ലെങ്കിൽ വിടുതൽ പ്രാപിക്കുന്നതിനു് സഭയിൽ വ്യവസ്ഥാപിതമാർഗ്ഗങ്ങളുണ്ട്. വിശുദ്ധ കുമ്പസാരം അതിനുവേണ്ടിയുള്ളതാണ്. സഭയിൽനിന്നും പട്ടംകെട്ടി പാപമോചനാധികാരം നല്കിയിട്ടുള്ള ആചാര്യന്മാരിൽകൂടെയാണ് പാപമോചനനൽവരമാകുന്ന വിടുതൽ ലഭിക്കുന്നതു്.

ഈ വ്യവസ്ഥാപിത മാർഗ്ഗങ്ങളെ എല്ലാം മറികടന്നു് തങ്ങളുടേതാണ് വിടുതൽ പ്രാപിക്കുന്നതിനുള്ള മാർഗ്ഗം എന്നു് ശഠിക്കുന്ന ഗ്രൂപ്പുകളെ പ്രോത്സാഹിപ്പിക്കുവാൻ സഭയ്ക്കു് സാദ്ധ്യമല്ല. സഭയിലെ പൗരോഹിത്യ നൽവരത്തെ ഔദ്ധത്യപൂർവ്വം വിവേചിച്ചുകൊണ്ടു് ചില പട്ടക്കാർ നേതൃത്വംനൽകുന്ന ആരാധനയിൽ സംബന്ധിക്കാം. മററു ചില പട്ടക്കാർ നടത്തുന്ന ആരാധനയിൽ തങ്ങളുടെ അനുയായികൾ പങ്കെടുത്തുകൂടാ എന്നു് ഉപദേശിക്കുന്നതു് വലിയ തെററാണ്. നമ്മുടെ കർത്താവു് അപ്പോസ്തോലന്മാർ മുഖാന്തരം സഭയ്ക്കു നല്കിയിട്ടുള്ള പരിശുദ്ധാത്മ നൽവരത്തെ തുച്ഛമാക്കുന്ന നടപടിയാണിതു്.

വേദപുസ്തകവായന, പ്രാർത്ഥന, ധ്യാനം മുതലായ കാര്യങ്ങളിൽ വിടുതൽപ്രസ്ഥാനക്കാർ ജാഗ്രത കാണിക്കുന്നതിനെ പരിശുദ്ധ സുന്നഹദോസ് അഭിനന്ദിക്കുന്നു. അവരിൽ പലരും പതിവായി വി. കുർബ്ബാന അനുഭവിച്ചുകൊണ്ടിരിക്കുന്നതായി അറിയുന്നതിലും പ. സുന്നഹദോസ് സന്തോഷിക്കുന്നു. എന്നാൽ സഭയുടെ ക്രമീകരണപ്രകാരമുള്ള ആരാധനകൾ, കാനോനികനോമ്പുകൾ എന്നിവയുടെ അനുഷ്ഠാനത്തിൽ അവരിൽ പലരുംഅത്രതന്നെ ശ്രദ്ധ കാണിക്കുന്നതായി തോന്നുന്നില്ല. സഭയുടെ നിയമങ്ങളെക്കാൾ ഉപരിയായ സ്ഥാനം തങ്ങളുടെ സംഘത്തിൻെറ നിയമങ്ങൾക്കു് അവർ കൊടുക്കുന്നതായി കാണുന്നതിനെ പ. സുന്നഹദോസിനു് അംഗീകരിക്കുവാൻ സാദ്ധ്യമല്ല. സഭയിലെ പിതാക്കന്മാരുടെ അധികാരത്തിനുപരിയായി തങ്ങളുടെ സംഘത്തിൻെറ നേതാക്കന്മാരുടെ അധികാരത്തിനു് സ്ഥാനം കൊടുക്കുന്നതായി കാണുന്നതും തികച്ചും തെററാണ്.

വിടുതൽകൂട്ടത്തിൽ പെട്ടില്ല എന്ന കാരണംകൊണ്ടു് വിവാഹകൂദാശമൂലം സഭ അവിഭാജ്യമായി യോജിപ്പിച്ചിട്ടുള്ള ഭാര്യാഭർത്താക്കന്മാരേപ്പോലും അവർ അന്യോന്യ സംസർഗ്ഗത്തിൽനിന്നും വേർപെടുത്തുന്നതു് പരിശുദ്ധാത്മ നൽവരത്തിൻെറ അവഗണനയും ദൈവഹിതത്തിനു് എതിരുമാണ്.

സഭയിലെ അംഗങ്ങളെ ആരെയെങ്കിലും വിട്ടുതൽപ്രാപിച്ചു വരല്ല എന്നു വിധിച്ച് അവരുമായുള്ള ആത്മീയസംസർഗ്ഗം നിരോധിക്കുകയോ, നിഷേധിക്കുകയോ ചെയ്യുന്നതും വലിയ തെറ്റാണ്.

ഇങ്ങനെയുള്ള പല തെററുകളും അവരുടെ ഉപദേശത്തിലുള്ളതുകൊണ്ട് സഭാമക്കൾ വിട്ടുതൽപ്രസ്ഥാനത്തെയും അതിന്റെ പ്രവർത്തനങ്ങളെയും, ഉപദേശങ്ങളെയുംകുറിച്ച് വിവേചനാപൂർവ്വം വീക്ഷിക്കേണ്ടതാണെന്ന് പ. സുന്നഹദോസ് ഉദ്ബോധിപ്പിക്കുന്നു. വിട്ടുതൽസംഘങ്ങളിൽകൂടി നടക്കുന്നവർ സഭയുടെ കാതോലിക ഉപദേശങ്ങളിൽ ഉറച്ചുനിന്നുകൊണ്ട് വ്യവസ്ഥാപിത കൂപാമാർഗ്ഗങ്ങളിൽകൂടെ തങ്ങളുടെ ക്രിസ്തീയ ജീവിതത്തെ ക്രമീകരിക്കണമെന്ന് പ. സുന്നഹദോസ് ഉപദേശിക്കുന്നു.

സഭാമക്കൾ ഓർത്തിരിക്കേണ്ട സുപ്രധാനമായ ഒരു കാര്യം, സഭാംഗങ്ങൾ ആരാധനയിൽ ഭക്തിപൂർവ്വം സംബന്ധിക്കാതെയും പള്ളികളുടെ പണം വെടിക്കെട്ട്, നാടകം, കഥാപ്രസംഗം മുതലായവസ്തുക്കളായി ധൂർത്തടിച്ചുകൊണ്ടും മദ്യപാനത്തിലും, അസാന്മാർഗ്ഗിക നടപടികളിലും നിരതരായി കാണപ്പെടുമ്പോഴാണ് ഇതുപോലെയുള്ള പ്രസ്ഥാനങ്ങൾ സഭയിൽ ഉണ്ടാകുന്നത്. അതുകൊണ്ട് സഭാമക്കളെല്ലാവരും സഭയിലുള്ള വ്യവസ്ഥാപിത മാർഗ്ഗങ്ങളിൽകൂടെ ആത്മീയപുതുക്കം പ്രാപിച്ച് ദൈവമക്കളായി ജീവിക്കുകയെന്നതാണ് ഇതുപോലെയുള്ള പ്രസ്ഥാനങ്ങളെ നിരുത്സാഹപ്പെടുത്താനുള്ള ഏററവും ഉത്തമമാർഗ്ഗം.

VI

1978 നവംബർ 23-ാംതീയതി കൂടിയ സുന്നഹദോസ്

പരുമല സെമിനാരിയുടെ ഭരണക്രമം

പരുമല സെമിനാരിയുടെ നടത്തിപ്പിലേക്കുണ്ടാക്കിയതും 8-7-'78-ൽ കൂടിയ പ. സുന്നഹദോസിന്റെ നിർദ്ദേശപ്രകാരം വേണ്ട നിയമോപദേശം നേടിയശേഷം എപ്പിസ്കോപ്പൽ സ്റ്റാൻറിങ്ങ് കമ്മററി ഭേദഗതികൾ വരുത്തി പ. സുന്നഹദോസിൽ സമർപ്പിച്ചതുമായ ഭരണക്രമം ഏതാനും ഭേദഗതികളോടുകൂടി പ. സുന്നഹദോസ് പാസ്സാക്കുകയും ആയത് "These are only interim rules, subject to the provisions in the constitution of the Church and shall be superseded by a fully comprehensive set of rules prepared and passed by the Managing Committee and Synod of the Church" എന്നുള്ള വ്യവസ്ഥയോടുകൂടി നടപ്പിലാക്കുന്നതിനും പ. സുന്നഹദോസ് തീരുമാനിക്കുകയും ചെയ്തു.

VII

1979 ഫെബ്രുവരി സുന്നഹദോസ്

1. വി. കുമ്പസാരവും വി. കുർബ്ബാനാനുഭവവും:

സഭാംഗങ്ങളുടെ വി. കുമ്പസാരവും വി. കുർബ്ബാനാനുഭവവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനെപ്പററി പ. സുന്നഹദോസ് അവഗാഢമായി ചിന്തിച്ചു.

സഭാംഗങ്ങൾ അധികകൂറും അവരുടെ രഹസ്യജീവിതത്തിലും സ്വന്തഭവനങ്ങളിലും പള്ളി ഇടവകകളിലും മെത്രാസനങ്ങളിലും സഭാതലത്തിലും രാഷ്ട്രീയം, സാമൂഹ്യം എന്നിങ്ങനെയുള്ള പൊതുജീവിതത്തിലും മററും ഇന്നു കാണിക്കുന്ന അച്ചടക്കരാഹിത്യത്തിനും ക്രമക്കേടുകൾക്കും മദ്യപാനാസക്തി മുതലായ ദുർമ്മാർഗ്ഗജീവിതത്തിനും മററും പല കാരണങ്ങൾ പറയാമെങ്കിലും അവയിൽ ഏററവും പ്രധാനമായിട്ടുള്ളത് വി. കുമ്പസാരത്തിലും വി. കുർബ്ബാനാനുഭവത്തിലും അവർ കാണിക്കുന്ന അനാസ്ഥയാകുന്നുവെന്ന് പ. സുന്നഹദോസ് വിചാരിക്കുന്നു. ഈ ദുഃസ്ഥിതിമാറ്റി സഭാംഗങ്ങൾക്കു ശിക്ഷണവും ആത്മീയ ഉണർവും ചുമതലാബോധവും സന്മാർഗ്ഗജീവിതവും സദാചാരവും മററും കൈവരുത്തുന്നതിനു ക്രമമായ വി. കുമ്പസാരവും വി. കുർബ്ബാനാനുഭവവും നിർബന്ധപൂർവ്വം നടപ്പിലാക്കേണ്ടതാണെന്നു പ. സുന്നഹദോസ് വിചാരിക്കുന്നു.

വിശ്വാസികൾ വി. കുർബ്ബാന കണ്ടാൽ മാത്രംപോരാ, അനുഭവിക്കുകയും ചെയ്യണമെന്നുള്ളത് അവരുടെ ആത്മാവിന്റെ രക്ഷയ്ക്ക് അത്യന്താപേക്ഷിതമാകുന്നു. അവർ ക്രമമായി കർത്താവിന്റെ തിരുശരീര രക്തങ്ങൾ അനുഭവിച്ച് ആത്മീയജീവൻ പ്രാപിച്ചുവേണം വളരുവാൻ. ആയതിനു താഴെപ്പറയുന്ന കാര്യങ്ങൾ എല്ലാവരും പാലിക്കേണ്ടതാകുന്നു.

1) കഴിവുള്ളടത്തോളം എല്ലാ ഞായറാഴ്ചകളിലും മോറാനായ പെരുന്നാളുകളിലും വി. കുർബ്ബാനയിൽ സംബന്ധിക്കുകയും വി. കുർബ്ബാന അനുഭവിക്കുകയും വേണം.

2) പതിവായി വി. കുർബ്ബാന അനുഭവിക്കുന്നതിന് മേല്പട്ടക്കാർ അവരുടെ ചുമതലയിൽപ്പെട്ട ജനത്തിനു വേണ്ട ഉത്തേജനം നൽകുകയും അതിനു ആവശ്യമായ നടപടികളെടുക്കുകയും അതു സംബന്ധിച്ച് വേണ്ട നിർദ്ദേശങ്ങൾ അവരുടെ കീഴിലുള്ള പട്ടക്കാർക്കു കൊടുക്കുകയും വേണം.

3) വി. കുമ്പസാരത്തിന്റെയും വി. കുർബ്ബാനാനുഭവത്തിന്റെയും പ്രാധാന്യത്തെപ്പററി പട്ടക്കാർ വിശ്വാസികളെ പൊതു

വായും പ്രത്യേക സംഘങ്ങളായും വ്യക്തികളായും ഉദ്ബോധിപ്പിക്കേണ്ടതാണ്.

4) പാപം ചെയ്തുപോയതായി ബോദ്ധ്യപ്പെട്ടുന്ന മേല്പട്ടക്കാരും, പട്ടക്കാരും വി. കുമ്പസാരം നടത്താതെ വി. കുർബ്ബാന നടത്തുകയും അനുഭവിക്കുകയും ചെയ്യുന്നതു യോഗ്യമല്ല. അതിനു സൗകര്യമില്ലാത്ത ചുററുപാടുകളിൽ ജീവിക്കുന്നവർ സ്വയപരിശോധനയും കുമ്പസാരക്രമത്തിൽ കൊടുത്തിരിക്കുന്ന പ്രാർത്ഥനകളും സ്വയമായ മററു പ്രാർത്ഥനകളും നടത്തി ദൈവത്തോട് മാപ്പപേക്ഷിച്ചശേഷം വേണം വി. കുർബ്ബാന ചൊല്ലുവാൻ. അവസരം കിട്ടുന്ന ഏററവും അടുത്ത സന്ദർഭത്തിൽ കുമ്പസാരിക്കുകയും വേണം.

5) വി. കുർബ്ബാന ചൊല്ലുന്ന പട്ടക്കാരൻ മാത്രം വി. കുർബ്ബാന അനുഭവിച്ചാൽ പോരാ. കുർബ്ബാനയ്ക്കു കൂടുന്ന ശുശ്രൂഷക്കാരും, സഹായിക്കുന്നവരും പള്ളിയിൽ സന്നിഹിതരായിരിക്കുന്ന ജനങ്ങളും വി. കുർബ്ബാന അനുഭവിക്കാൻ കടപ്പെട്ടവരാകുന്നു. ആയതിനു അതതു പള്ളികളിലെ പട്ടക്കാർ നിഷ്കർഷിക്കേണ്ടതാകുന്നു.

6) വി. കുമ്പസാരവും വി. കുർബ്ബാനാനുഭവവും അന്യോന്യം ബന്ധപ്പെട്ടവയാണെങ്കിലും അവ രണ്ടും പ്രത്യേക കൂദാശകളാകുന്നു. പാപം ചെയ്തു പോയതായി ബോധ്യമുള്ള ആളുകൾ വി. കുമ്പസാരം നടത്തി പാപമോചനം പ്രാപിച്ചല്ലാതെ വി. കുർബ്ബാന അനുഭവിക്കുന്നതു ശരിയല്ലാത്തതും അതിനെതിരായി ചെയ്യുന്നതു് ശിക്ഷാവിധിക്കല്ലാതെ ആത്മീയ വർദ്ധനവിനു് ഉതകുന്നതല്ലാത്തതുമാകുന്നു.

7) നാല്പതു ദിവസത്തിലൊരിക്കലോ, ആണ്ടിലൊരിക്കലോ വി. കുർബ്ബാന അനുഭവിക്കണമെന്നു പറയുന്നതു ശരിയായ നിർവ്വചനമല്ല. പാപത്തിൽ ജീവിക്കുന്നതു തെററാകയാൽ പാപംചെയ്യാതിരിപ്പാൻ സൂക്ഷിക്കുകയും ഏതെങ്കിലും അവസരത്തിൽ പാപബോധമുണ്ടായാൽ കുമ്പസാരിക്കുകയും ചെയ്യേണ്ടതാകുന്നു. ഒരു കുമ്പസാരം കഴിഞ്ഞാൽ നാല്പതുദിവസങ്ങൾക്കുള്ളിൽ കുമ്പസാരിക്കണമെന്നു പറയുന്നതും, രണ്ടു സാമാന്യനിർദ്ദേശങ്ങളെന്നേയുള്ളു. എന്നാൽ ആണ്ടിലൊരിക്കലെങ്കിലും കുമ്പസാരിക്കാത്ത ആളിനെ സഭാംഗമായിപ്പോലും പരിഗണിക്കുവാൻ പ്രയാസമാണ്. അങ്ങനെയുള്ളവർ നമ്മുടെ പള്ളിപൊതുയോഗങ്ങളിൽ സംബന്ധിക്കുവാൻ സഭാഭരണഘടന അനുവദിക്കുന്നില്ല. ക്രമമായി കുമ്പസാരിച്ച് വി. കുർബ്ബാന അനുഭവിക്കാത്തവർ (Regular Communicants) പള്ളി ഇടവകകളിലെയോ, മെത്രാസന ഇടവകകളിലെയോ,

പൊതുസഭയിലെയോ ഔദ്യോഗിക സമിതികളിൽ അംഗങ്ങളായിരിക്കുന്നതു് ഗുണത്തിനു പകരം ദോഷമുണ്ടാക്കുന്നതായിരിക്കും. അങ്ങനെ വരാതിരിക്കാൻ മേല്പട്ടക്കാരും പട്ടക്കാരും ജനങ്ങൾക്കു വേണ്ട ഉദ്ബോധനം കൊടുക്കണം.

8) ഏതെങ്കിലും ഗണ്യമായ പാപംചെയ്തതായി മനഃസാക്ഷിപ്രകാരം ബോദ്ധ്യമില്ലെങ്കിലും ഒരുവൻ ദൈവമുമ്പാകെ നീതിമാനാണെന്നുവരികയില്ല. അങ്ങനെയുള്ളവർക്കു് നമ്മുടെ കുമ്പസാരക്രമത്തിലുള്ള തക്കതായ ഒരുക്കപ്രാർത്ഥനകളും ഏററുപറച്ചിൽ പ്രാർത്ഥനകളും (മൗദ്യോനൂസോ) സ്വയമായി ചൊല്ലി പട്ടക്കാരന്റെ മുമ്പാകെയുള്ള ഏററുപറച്ചിൽ (കുമ്പസാരം) കൂടാതെ പട്ടക്കാരനിൽനിന്നു ഹൂസ്നോയോ (പാപമോചനം) പ്രാപിച്ചശേഷം വി. കുർബ്ബാന അനുഭവിക്കാവുന്നതാണ്. അപ്രകാരം വി. കുർബ്ബാന അനുഭവിക്കുന്നവർ സ്വന്ത ഒരുക്കത്തോടും, ഉപവാസത്തോടും അപ്രകാരം ചെയ്യേണ്ടതാകുന്നു. അവർ പട്ടക്കാരന്റെ സൗകര്യംനോക്കി പള്ളിയിൽവന്നു് ഹൂസ്നോയോ പ്രാപിക്കേണ്ടതും പട്ടക്കാർ അതിനുവേണ്ടി വി. കുർബ്ബാനയ്ക്കുമുമ്പു് സൗകര്യപ്രദമായ സമയം നിശ്ചയിച്ച് ജനങ്ങളെ അറിയിക്കേണ്ടതുമാകുന്നു. തലേ ദിവസമോ, തുയോബായ്ക്കുമുമ്പോ, തുയോബാകഴിഞ്ഞോ, അപ്രകാരം ചെയ്യാവുന്നതാണ്.

2. Churchising Children (Childeren's Church Induction-കുട്ടികളുടെ സഭാപ്രതിഷ്ഠ)

വി. മാമോദീസാ ഏററു് സഭാംഗത്വം പ്രാപിക്കുകയും വി. മൂറോനഭിഷേകം നടത്തുകയും ചെയ്തിട്ടുള്ള കുട്ടികൾക്കു് മാമോദീസായിൽ അവർക്കുവേണ്ടി മദ്ധ്യസ്ഥൻ (തലതൊട്ടപ്പനോ, തലതൊട്ടമ്മയോ) ഏററുപറഞ്ഞിട്ടുള്ളവയും ഭരമേററിട്ടുള്ളവയുമായ കാര്യങ്ങളെപ്പററിയും ചെയ്തിട്ടുള്ള പ്രതിജ്ഞകളെപ്പറ്റിയും യൗവ്വനത്തിലേയ്ക്കു് കടക്കുന്ന അവർ പ്രായപൂർത്തിയാകുമ്പോൾ അനുഷ്ഠിക്കേണ്ട സഭാപരവും സാമൂഹ്യപരവുമായ ചുമതലകളെപ്പററിയും, ഉത്തരവാദിത്വങ്ങളെപ്പററിയും ആയതിനു് അവർ പാലിക്കേണ്ട ജീവിതപ്രമാണങ്ങളെപ്പററിയും നിഷ്ഠകളെപ്പററിയും മററും അവർക്കു ബോദ്ധ്യംവരുത്തുന്നതിനുവേണ്ടി ഓരോ വർഷവും തന്നാണ്ടിൽ പന്ത്രണ്ടുവയസ്സു തികയുന്ന ബാലികാബാലന്മാരെ പ്രത്യേക ദിവസം നിശ്ചയിച്ച് കൂട്ടിവരുത്തി വേണ്ട ഉപദേശങ്ങൾ കൊടുക്കുകയും അവരുടെ കുമ്പസാരം കേട്ട് അവർക്കു പാപമോചനംനൽകി വി. കുർബ്ബാനകൊടുക്കുകയും വേണം. അവരുടെ ജീവിതത്തിലെ ഏറ്റവും പ്രധാന ദിവസങ്ങളിലൊന്നായി ആ ദിവസത്തെ അവർ പരിഗണിക്കത്തക്കവണ്ണം തക്കതായ സംവിധാനങ്ങൾ തദവസരത്തിൽ ക്രമീകരിക്കുന്നതിനു് പട്ടക്കാർ ശ്രദ്ധിക്കണം.

3. ശുശ്രൂഷാവേളകളിൽ ഫോട്ടോ എടുക്കുന്നതിനെപ്പററി:

ഫോട്ടോകളെടുക്കുന്നതും അവ സൂക്ഷിക്കുന്നതും പല കാരണങ്ങളാൽ ആവശ്യമുള്ളതാകയാൽ അതിനെ പരിപൂർണ്ണമായി നിരോധിക്കാവുന്നതല്ല. എന്നാൽ കാമ്മികൻെറയും ശുശ്രൂഷകളിൽ സംബന്ധിക്കുന്നവരുടെയും ശ്രദ്ധ പതറുകയും ശുശ്രൂഷകൾക്ക് പ്രതിബന്ധമുണ്ടാക്കുകയും ചെയ്യാതിരിക്കത്തക്കവണ്ണം ഫോട്ടോ എടുക്കുന്നവർ സൂക്ഷിക്കുകയും പട്ടക്കാർ അനുവദിക്കുന്ന പ്രത്യേക സന്ദർഭങ്ങളിൽമാത്രം ഫോട്ടോ എടുക്കുകയും ചെയ്യേണ്ടതാകുന്നു.

4. "സാദീക്കോ" സമയത്ത് മാത്തോമ്മാശ്ലീഹായെ ഓർക്കുന്നതിനെപ്പററി:

ശുശ്രൂഷകളിലും നമസ്കാരങ്ങളിലും പരിശുദ്ധന്മാരെ ഓർക്കുന്നുക്കീലിയോൻ–ധൂപപ്രാർത്ഥന (സാദീക്കോ) ചൊല്ലുമ്പോൾ (ഒരുപോലിങ്ങും മാർ.....എന്ന ആദ്യത്തെ അടിയിൽ എൽബാഗീതത്തിൽ) നമ്മുടെ എല്ലാ പള്ളികളിലും ഒരുപോലെ മലങ്കര സഭാസ്ഥാപകനായ മാത്തോമ്മാശ്ലീഹായുടെ പേര് ഓർക്കേണ്ടതും തുടർന്നുള്ള ഗീതങ്ങളിൽ (കോലോകൾ) ആ പള്ളിയുടെ പ്രത്യേക പരിശുദ്ധൻെറയും ആവശ്യമെങ്കിൽ മററു പരിശുദ്ധന്മാരുടെയും പേരുകൾ ഓർക്കേണ്ടതുമാകുന്നു. എന്നാൽ ഏതെങ്കിലും മററു പരിശുദ്ധൻെറ പെരുന്നാളാണെങ്കിൽ മാത്തോമ്മാശ്ലീഹായുടെ പേര് ഓർക്കുന്ന ആദ്യത്തെ എൽബായിൽ ആ പരിശുദ്ധൻെറ പേര് ഓർക്കാവുന്നതാണ്.

5. പ്രസിദ്ധീകരണ ഡിപ്പാർട്ടുമെൻറ്:

സഭാപുസ്തകങ്ങൾ മുദ്രണംചെയ്തു പ്രസിദ്ധപ്പെടുത്തുന്നതിന് സഭയ്ക്ക് ഒരു പ്രസിദ്ധീകരണഡിപ്പാർട്ടുമെൻറ് ഉണ്ടാക്കണമെന്നും സഭയുടെ ആരാധനക്രമങ്ങൾ, ശുശ്രൂഷാക്രമങ്ങൾ, വിശ്വാസം, പട്ടത്വം, ഉപദേശം,ഭരണഘടന, ശിക്ഷണം (Discipline), പാരമ്പര്യങ്ങൾ (Traditions), നടപ്പുകൾ (Practices), മാമൂലുകൾ(Customs), നിയമങ്ങൾ, കാനോനാകൾ, ചരിത്രങ്ങൾ മുതലായവ സംബന്ധിച്ച ഔദ്യോഗിക പ്രസിദ്ധീകരണങ്ങൾ പ്രസ്തുത ഡിപ്പാർട്ടുമെന്റിൻെറ ചുമതലയിലും പ. സുന്നഹദോസിൻെറ നിയന്ത്രണത്തിലും പ്രസിദ്ധപ്പെടുത്തണമെന്നും അങ്ങനെയല്ലാതെ പ്രസിദ്ധപ്പെടുത്തുന്ന പുസ്തകങ്ങൾ സഭയുടെ ഔദ്യോഗിക പുസ്തകങ്ങൾ ആയിരിക്കുകയില്ലെന്നും തീരുമാനിച്ചു. പ. കാതോലിക്കാബാവാ പ്രസിഡൻറായുള്ള ഒരു പ്രസിദ്ധീകരണകമ്മററിയെ പ്രസ്തുത പ്രസിദ്ധീകരണഡിപ്പാർട്ടുമെൻറ് കൈകാര്യംചെയ്യുന്നതിന് നിശ്ചയിച്ചു.

6. Inter-Church Aids and Projects committee:

Inter-Church Aids വാങ്ങുന്നതിനായുള്ള അപേക്ഷകൾ പരിശോധിക്കുന്നതിന് ഒരു പ്രോജക്ട് കമ്മിററി ഉണ്ടായിരിക്കണമെന്നും ആയതിൻെറ പ്രസിഡന്റ് മാത്യൂസ് മാർ ക്ലീമീസ് മെത്രാപ്പോലീത്തായും സെക്രട്ടറിയും കൺവീനറും ഗീവറുഗീസ് മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്തായും ആയിരിക്കണമെന്നും Project committee അപേക്ഷകൾ പരിശോധിച്ച് അവരുടെശുപാർശകളോടുകൂടി Inter-Church Relations Committee-യിൽ അവ സമർപ്പിക്കണമെന്നും പ്രസ്തുത കമ്മററി അപേക്ഷകളും ശുപാർശകളും പരിഗണിച്ച് അവരുടെ ശുപാർശകളോടുകൂടി സുന്നഹദോസ് സ്റ്റാൻഡിംഗ് കമ്മിററിയിൽ സമർപ്പിച്ച് കമ്മിററിയുടെ അംഗീകാരം വാങ്ങേണ്ടതാണെന്നും നിശ്ചയിച്ചു.

7. കാതോലിക്കാദിനപ്പിരിവിൽനിന്നുള്ള ഭദ്രാസന മെത്രാപ്പോലീത്തന്മാരുടെ വിഹിതം:

കാതോലിക്കാദിനപ്പിരിവിൽനിന്ന് ഭദ്രാസന മെത്രാപ്പോലീത്തന്മാർക്ക് കൊടുത്തുകൊണ്ടിരിക്കുന്ന വിഹിതം മേലിൽ ഒരുമിച്ചുചേർത്ത് എല്ലാ ഭദ്രാസന മേല്പട്ടക്കാർക്കും സഹായ മേല്പട്ടക്കാർക്കുമായി ഒരുപോലെ വീതിച്ചു കൊടുക്കണമെന്നു തീരുമാനിച്ചു.

8. വി. കുർബ്ബാനയിലും മററും സഹായ മേല്പട്ടക്കാരന്റെയും പേര് ഓർക്കേണ്ടതാണെന്ന് നിശ്ചയിച്ചു.

9. സൺഡേസ്കൂൾ പാഠപുസ്തകങ്ങൾ:

ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ കരിക്കുലം കമ്മിററി തയ്യാറാക്കുന്ന സൺഡേസ്കൂൾ പാഠപുസ്തകങ്ങൾ നമ്മുടെ സൺഡേസ്കൂളുകളിൽ ഉപയോഗിക്കത്തക്കവണ്ണം നമ്മുടെ സൺഡേസ്കൂൾ പാഠപദ്ധതി കമ്മിററിയും കരിക്കുലം കമ്മിററിയിലെ നമ്മുടെ സഭാംഗങ്ങളും യോജിച്ച് ആവശ്യമായ വ്യത്യാസങ്ങളും കൂടുതൽ അദ്ധ്യായങ്ങളും ഉണ്ടാക്കുന്നതിന് നിർദ്ദേശം കൊടുക്കണമെന്നു നിശ്ചയിച്ചു.

10. കാതോലിക്കേററ് സെന്റേഴ്സ്:

നമ്മുടെ സഭയിലെ കക്ഷിവഴക്കുള്ള കേന്ദ്രങ്ങളിൽ നമ്മോടനുരഞ്ജിച്ചു നില്ക്കുന്നവർക്ക് വേണ്ട ഉത്തേജനം നല്കുന്നതിനായി കാതോലിക്കേററ് സെന്റേഴ്സ് ഉണ്ടാക്കണമെന്നു നിശ്ചയിച്ചു.

11. സൺഡേസ്കൂൾ പ്രസ്ഥാനത്തിനായുള്ള കവർ പിരിവ്:

പല കവർ പിരിവുകൾ ഉള്ളതിനാൽ സാധാരണ രീതിയിൽ ഇടവകപ്പള്ളികൾക്ക് പ. കാതോലിക്കാ ബാവാ കല്പന

കൊടുത്തു് കവർ പിരിവു നടത്തുന്നതിനു് സൺഡേസ്കൂൾ പ്രസ്ഥാനത്തിനു് അനുമതി കൊടുക്കേണ്ടതില്ലെന്നും എന്നാൽ കവർ പിരിവിനായി പ്രസ്ഥാന പ്രസിഡൻറിനു് കല്പന അയയ്ക്കാമെന്നും അങ്ങനെ അയയ്ക്കുന്ന കല്പന അതതു പള്ളി ഇടവകയിലെ സൺഡേസ്കൂൾ യൂണിററിനല്ലാതെ പള്ളി ഇടവകയ്ക്കു് പൊതുവായി അയയ്ക്കുരുതെന്നും ഓരോ യൂണിററിനുമയയ്ക്കുന്ന കല്പന പള്ളിയിൽ പൊതുവായി വായിക്കാവുന്നതാണെന്നും തീരുമാനിച്ചു.

12. Marriage Assistance Foundation (M. A. F.) and Sick Aid Foundation (S. A. F.)

ഗീവർഗീസു് മാർ ഒസ്താത്തിയോസു് മെത്രാപ്പോലീത്തായുടെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുന്ന M. A. F., S. A. F. എന്നീ രണ്ടു പ്രസ്ഥാനങ്ങളും ഏറെറടുത്തു് സഭവകയായി നടത്തണമെന്നുള്ള ഭാരവാഹികളുടെ അപേക്ഷ അംഗീകരിക്കുകയും രണ്ടു പ്രസ്ഥാനങ്ങളുടെയും അദ്ധ്യക്ഷനായി ഗീവർഗീസു് മാർ ഒസ്താത്തിയോസു് മെത്രാപ്പോലീത്തായെയും, സഹാദ്ധ്യക്ഷനായി തിരുവനന്തപുരം ഭദ്രാസനമെത്രാപ്പോലീത്താ ഗീവറുഗീസു് മാർ ദീയസ്കോറോസിനെയും നിയമിക്കണമെന്നു നിശ്ചയിക്കുകയും ചെയ്തു.

VIII

1979 ജൂലൈ സുന്നഹദോസ്

1. ആത്മീയസംഘടനകളും ഇടവക മെത്രാപ്പോലീത്തന്മാരും:

ഓരോ പള്ളി ഇടവകയിലുമുള്ള മർത്തമറിയം സമാജം, യൂത്തു് മൂവ്മെൻറു്, ബാലസമാജം, സൺഡേസ്കൂൾ, സ്റ്റുഡൻറു് മൂവ്മെൻറു് എന്നിങ്ങനെയുള്ള ആദ്ധ്യാത്മികസംഘടനകൾ ഇടവക വികാരിയുടെ നേതൃത്വത്തിൽ നടത്തുകയും അവയുടെ മേൽനോട്ടം ഇടവക മെത്രാപ്പോലീത്തായ്ക്കു് ഉണ്ടായിരിക്കുകയും ചെയ്യേണ്ടതാകുന്നു. എന്നാൽ ആത്മീയസംഘടനകളുടെ പൊതുവായനയങ്ങൾ, പരിപാടികൾ, നടത്തിപ്പു്മുതലായ കാര്യങ്ങൾ അതതു സംഘടനകളുടെ പ്രസിഡൻറന്മാരായ മേല്പട്ടക്കാരുടെ നേതൃത്വത്തിൽ നിശ്ചയിച്ചു നടപ്പിലാക്കുകയും അവസംബന്ധിച്ചുള്ള സംഘടനാ പ്രസിഡൻറന്മാരുടെ പൊതുകല്പനകൾ ഇടവക മേല്പട്ടക്കാരുടെ അറിവിനായി അവർക്കു് അയച്ചുകൊടുക്കുകയും ചെയ്യണം.

2. ആഡിററിംഗ് (കണക്കുപരിശോധന):

പ. സുന്നഹദോസിന്റെ ആഭിമുഖ്യത്തിലുള്ള സ്ഥാപനങ്ങൾ, സംഘടനകൾ, പ്രസ്ഥാനങ്ങൾ മുതലായവയുടെ കണക്കുകൾ സഭ

യിൽനിന്നു് പൊതുവായി നിശ്ചയിക്കുന്ന ആഡിറററെക്കൊണ്ടു് പരിശോധിപ്പിക്കേണ്ടതാണു്. എന്നാൽ എന്തെങ്കിലും കാരണത്താൽ അതു സാധിക്കാതെവന്നാൽ ഏതെങ്കിലും ചാർട്ടേർഡ് അക്കൗണ്ടൻറിനെക്കൊണ്ടു് കണക്കു പരിശോധിപ്പിച്ചിട്ടുണ്ടെങ്കിൽ അതു് അംഗീകരിക്കാവുന്നതാണെന്നു നിശ്ചയിച്ചു.

3. മൂന്നിന്മേൽ കുർബ്ബാനയും സമൂഹബലിയും:

ദീർഘകാലമായി മലങ്കരയിൽ നടന്നുവരുന്നതും പൊതുവെ സ്വാഗതംചെയ്തുവരുന്നതുമായ മൂന്നിന്മേൽ കുർബ്ബാന നിരുത്സാഹപ്പെടുത്തണമെന്നുള്ള അഭിപ്രായത്തോടു് യോജിക്കുന്നതിനുതക്ക കാരണമൊന്നും കാണുന്നില്ലെന്നും രണ്ടിന്മേലും മൂന്നിന്മേലും, അവയിൽ കൂടുതലിന്മേലും വൈദികർ ചേർന്നു് വി. കുർബ്ബാനചൊല്ലുന്ന പതിവു് സഭയിലുണ്ടെന്നും അതു് സഭയുടെ അംഗീകരിക്കപ്പെട്ട സമൂഹബലിയായി ഇതേവരെ പരിഗണിക്കപ്പെട്ടിട്ടുണ്ടെന്നും ഒന്നിൽ കൂടുതൽ വൈദികർ ചേർന്നു് സമൂഹബലിയെന്ന പേരിൽ ഒററ കുർബ്ബാന ചൊല്ലുന്നതും ഇപ്പോൾ ചിലടത്തെല്ലാം നടത്തിവരുന്നതുമായ രീതിക്കു് അംഗീകാരം കിട്ടിയിട്ടില്ലെന്നും പ. സുന്നഹദോസു് അഭിപ്രായപ്പെട്ടു.

മേല്പറഞ്ഞപ്രകാരമുള്ള സമൂഹബലിസംബന്ധിച്ചു് പ. സുന്നഹദോസു് സുചിന്തിതമായി തീരുമാനമെടുക്കുന്നതുവരെ മേല്പട്ടക്കാരും പട്ടക്കാരും ആ രീതിയിലുള്ള സമൂഹബലി നടത്തരുതെന്നും തീരുമാനിച്ചു. (1980 ഫെബ്രുവരി സെഷൻ)

4. മാതാപിതാക്കൾക്കു് അവരുടെ കുഞ്ഞുങ്ങളെ മാമോദീസാവേളയിൽ തലതൊടാമോ എന്നതിനെപ്പററി:

1) സഭയുടെ വിശ്വാസപ്രകാരം മാമോദീസാസഭയിലേയ്ക്കുള്ള വീണ്ടും ജനനമാകയാൽ മാമോദീസാ മുങ്ങുന്ന ആളിനെ സത്യവിശ്വാസത്തിൽ വളർത്തിക്കൊണ്ടുവരേണ്ടതു് സഭയുടെ ചുമതലയാകുന്നുവെന്നും മാമോദീസാമുങ്ങുന്ന ക്രിസ്ത്യാനികുട്ടികളുടെ ജനനത്തിനു മുഖാന്തിരമായിത്തീർന്നിട്ടുള്ള ക്രിസ്ത്യാനികളായ മാതാപിതാക്കന്മാർക്കു് അക്കാരണത്താൽതന്നെ കുട്ടികളെ സത്യവിശ്വാസത്തിൽ വളർത്തിക്കൊണ്ടുവരുന്നതിനു് ഉത്തരവാദിത്വമുണ്ടെങ്കിലും സഭയുടെ ചുമതല നിർവ്വഹിക്കുന്നകാര്യം രണ്ടുരു ഭദ്രമാക്കത്തക്കവണ്ണം സഭാംഗമായ മറെറാരാളെ തലതൊട്ടപ്പനായോ (God Father) തലതൊട്ടമ്മയായോ (God Mother) നിർത്തി ആ മദ്ധ്യസ്ഥൻ (Sponsor) കുട്ടിയെ ഏററുവാങ്ങുന്ന പതിവാണു സഭയിലുള്ളതെന്നും മാതാപിതാക്കന്മാരെ അവരുടെ കുഞ്ഞുങ്ങളുടെ മാമോദീസായിൽ തലതൊടുവാൻ അനുവദിക്കുന്ന പതിവു് സഭയിലില്ലെന്നും പ. സുന്നഹദോസു് അഭിപ്രായപ്പെട്ടു.

2) സത്യവിശ്വാസിയല്ലാത്ത മറ്റൊരാൾ തലതൊട്ടാൽ മാമോദീസാ മുങ്ങുന്ന സ്ഥാനാർത്ഥിയെ സത്യവിശ്വാസം പഠിപ്പിക്കുന്നതിന് അയാൾക്കു കഴിയുകയില്ലാത്തതിനാൽ ഇതര സഭാംഗങ്ങളെയോ, ഇതര മതസ്ഥരെയോ, മതമില്ലാത്തവരെയോ, ദൈവവിശ്വാസമില്ലാത്തവരെയോ തലതൊട്ടുവാൻ അനുവദിക്കാവുന്നതല്ല.

3) ഇതരമതസ്ഥരോ നാം അവരുടെ മാമോദീസാ അംഗീകരിക്കാത്ത ഇതര ക്രൈസ്തവസമൂഹങ്ങളിൽപെട്ടവരോ നമ്മുടെ സഭയിൽ ചേർന്ന് മാമോദീസാ സ്വീകരിക്കുമ്പോഴും നമ്മുടെ സഭാംഗമായ ഒരാൾ തലതൊട്ടുവാൻ ഉണ്ടായിരിക്കേണ്ടതാണ്.

5. വിവാഹങ്ങൾക്കുള്ള പ്രത്യേകാനുമതി നല്കുന്നതിനെപ്പററി:

ഒഴിച്ചുകൂടാൻ പാടില്ലാത്ത അത്യാവശ്യംനിമിത്തം സാധാരണ അനുവദിക്കാത്ത ദിവസങ്ങളിൽ വിവാഹം നടത്തുന്നതിന് പ്രത്യേക അനുവാദം കൊടുക്കുന്നതിനും, വിവാഹസംബന്ധമായ ക്രമക്കേടുകളെ സംബന്ധിച്ച് തീരുമാനം ചെയ്യുന്നതിനും പ. കാതോലിക്കാബാവാക്ക് അധികാരം ഉണ്ടായിരിക്കുന്നതാകുന്നു. അങ്ങനെയുള്ള വിവാഹങ്ങൾ സംബന്ധിച്ച അപേക്ഷകൾ ഇടവക വികാരിയുടെ ശുപാർശയോടുകൂടി പ. ബാവാതിരുമേനിക്ക് സമർപ്പിക്കേണ്ടതാകുന്നു.

IX

1980 ഫെബ്രുവരി സുന്നഹദോസ്

1. പുസ്തകപ്രസിദ്ധീകരണം:

1979 ഫെബ്രുവരി സുന്നഹദോസ് നിശ്ചയിച്ച പ്രകാരം പ്രസിദ്ധീകരണ കമ്മററി പ്രസിദ്ധീകരണം തുടങ്ങുന്നതുവരെ സഭയിൽ പൊതുവായി ഉപയോഗിക്കുവാനുള്ള ആരാധനാ പുസ്തകങ്ങൾ സുറിയാനി ക്രമങ്ങളുടെ തർജ്ജമകൾ മുതലായ സഭാസംബന്ധമായ പുസ്തകങ്ങൾ പ്രസിദ്ധീകരണം ചെയ്യുന്നതിന് ആഗ്രഹിക്കുന്നവർ അവ പ്രസിദ്ധീകരണം ചെയ്യുന്നതിനുള്ള അനുമതിക്കായി പരിശുദ്ധ കാതോലിക്കാബാവായോടപേക്ഷിക്കേണ്ടതും പ. സുന്നഹദോസ് നിശ്ചയിച്ചിട്ടുള്ള പ്രസിദ്ധീകരണ കമ്മററി ആ വക പുസ്തകങ്ങൾ പരിശോധിച്ച് ശുപാർശ ചെയ്യുന്നതനുസരിച്ച് പ. കാതോലിക്കാബാവാ നൽകുന്ന അനുമതിയോടുകൂടി മാത്രം പ്രസിദ്ധീകരിക്കേണ്ടതും പ്രസിദ്ധീകരണ കമ്മറ്റി പ്രസിദ്ധീകരണം തുടങ്ങുമ്പോൾ പ്രസ്തുത പുസ്തകങ്ങളുടെ പകർപ്പവകാശം (Copy Right) പ്രസിദ്ധീകരണ കമ്മററിക്ക് ഇരിക്കുന്നതുമാകുന്നു.

2. വി. കുർബ്ബാന ജനങ്ങൾക്കു കൊടുക്കേണ്ട സമയത്തെപ്പററി:

വി. കുർബ്ബാനമദ്ധ്യേ കുർബ്ബാന തക്സായിൽ പറഞ്ഞിരിക്കുന്ന സമയത്തുതന്നെ ജനങ്ങൾക്കു വി. കുർബാന കൊടുക്കുന്നതു് അഭിലഷണീയമായി പ. സുന്നഹദോസ് കരുതുന്നതിനാൽ ആയതു സംബന്ധിച്ച് താഴെ പറയുന്ന രീതികൾ അവലംബിക്കേണ്ടതാണെന്നു തീരുമാനിച്ചു.

1) വൈദികർ വി. ശരീര രക്തങ്ങൾ (കാസായും പീലാസായും) എഴുന്നള്ളിച്ച് പടിഞ്ഞാറോട്ടു കൊണ്ടുവന്നതിനുശേഷം കൈകളഴിച്ച് "ഞങ്ങളുടെ കർത്താവും എന്നേക്കും ഞങ്ങളുടെ ദൈവവുമേ നിനക്കു സ്തുതി, നിനക്കു സ്തുതി" എന്ന സ്തോത്രപ്രാർത്ഥന ചൊല്ലുന്നതിനു മുമ്പായി വിരിച്ചൊരുക്കിയിട്ടുള്ള ഒരു പ്രത്യേക പീഠത്തിൽ കാസ വച്ചതിൻെറ ശേഷം പീലാസായിൽ നിന്നും വി. കുർബാന കൊടുക്കേണ്ടതും തദവസരത്തിൽ തവി (spoon) ഉപയോഗിക്കാതെ കൈകൊണ്ടു കൊടുക്കുന്നെങ്കിൽ വെള്ളപാത്രത്തിൽ (മ്ശംശോനീസോ) കൈവിരലുകൾ കഴുകി തുവാലകൊണ്ടു തുടയ്ക്കുകയും വീണ്ടും കാസായെടുത്ത് മേല്പറഞ്ഞ സ്തോത്രപ്രാർത്ഥന ചൊല്ലി പൂർത്തിയാക്കുകയും ചെയ്തശേഷം തിരിഞ്ഞ് ത്രോണോസിൽ അവ കൊണ്ടുപോയി വയ്ക്കുകയും ചെയ്യണം.

2) മററു വൈദികനൊ പൂർണ്ണ ശെമ്മാശനൊ സന്നിഹിതനെങ്കിൽ മേല്പറഞ്ഞ പ്രകാരം പീഠത്തിൽ വയ്ക്കുന്നതിനു പകരം കാസാ അയാളുടെ കൈയിൽ കൊടുത്തതിനു ശേഷം പീലാസായിൽനിന്നും വി. കുർബാന കൊടുക്കാവുന്നതാകുന്നു.

3) പീഠമോ, മററു വൈദികനോ പൂർണ്ണ ശെമ്മാശനോ ഇല്ലെങ്കിൽ കാസായും പീലാസായുമായി തിരിച്ചുപോയി ത്രോണോസിൽ കാസാ വച്ചശേഷം പീലാസായുമായി പടിഞ്ഞാറോട്ടു വന്ന് വി. കുർബാന കൊടുക്കാവുന്നതും ബലിപീഠത്തിൽ തിരിച്ചുചെന്ന് ആവശ്യമെങ്കിൽ കൈവിരലുകൾ വെള്ളപാത്രത്തിൽ കഴുകി തുടച്ചശേഷം കാസായും പീലാസായും എടുത്തുകൊണ്ട് പടിഞ്ഞാറോട്ടു വന്ന് സ്തോത്രപ്രാർത്ഥന ചൊല്ലിയശേഷം പതിവുപോലെ ത്രോണാസിൽ അവ കൊണ്ടുപോയി വയ്ക്കുകയും ചെയ്യാവുന്നതാണ്.

4) മേല്പറഞ്ഞ ഏതെങ്കിലും രീതിയിൽ വി. കുർബാന ജനങ്ങൾക്കു നൽകണം. എന്നാൽ ആൾപെരുപ്പം കൊണ്ടോ മറ്റു കാരണങ്ങളാലോ അതിനു സൗകര്യമില്ലാതെവന്നാൽ ഇപ്പോൾ

സാധാരണ ചെയ്യുന്നപ്രകാരം വി. കുർബ്ബാന കഴിഞ്ഞശേഷം വി. കുർബ്ബാന കൊടുക്കുന്നതിന് വിരോധമില്ലാത്തതാകുന്നു.

3. സായാഹ്ന കുർബ്ബാന:

1) സന്ധ്യയാകുമ്പോൾ പുതിയ ദിവസം ആരംഭിക്കുമെന്നുള്ള ഓർത്തഡോക്സ് സുറിയാനിസഭയുടെ പരിഗണന കണക്കിലെടുത്തും ഒരു ദിവസം ഒരു വി. കുർബ്ബാനമാത്രമെ ഒരു വൈദികൻ ചൊല്ലാവുള്ളു എന്ന നിബന്ധന പാലിച്ചും ഞായറാഴ്ച പ്രഭാതത്തിൽ വി. കുർബ്ബാന ചൊല്ലിയ വൈദികന് ഞായറാഴ്ച ഉച്ചഭക്ഷണം കഴിഞ്ഞ് ആറു മണിക്കൂർ ഭക്ഷണം കൂടാതെ കഴിഞ്ഞശേഷം അന്നു വൈകിട്ട് സന്ധ്യാനമസ്കാരം കഴിഞ്ഞു് വീണ്ടുംവി. കുർബ്ബാന ചൊല്ലുവാൻ അനുവദിക്കുന്ന രീതി പരീക്ഷണാർത്ഥം ഡൽഹി മെത്രാസനത്തിൽ നടപ്പിൽവരുത്തി. (1978 ജൂലൈ നിശ്ചയം)

2) മേല്പറഞ്ഞ രീതി ഞായറാഴ്ചദിവസം മാത്രമല്ല ഇടദിവസങ്ങളിലും പരീക്ഷണാർത്ഥം ഡൽഹി ഭദ്രാസനത്തിലും, കൽക്കട്ടാ മെത്രാസനത്തിലും നടപ്പിലാക്കി. (1979 ഫെബ്രുവരി നിശ്ചയം)

3) പ്രസ്തുത വിഷയത്തെപ്പററി ഡൽഹി മെത്രാപ്പോലീത്തായുടെയും കൽക്കട്ടാ മെത്രാപ്പോലീത്തായുടെയും റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ സായാഹ്ന കുർബ്ബാനയെ സംബന്ധിച്ച് 1980 ഫെബ്രുവരി സുന്നഹദോസ് താഴെ പറയുന്ന തീരുമാനങ്ങൾചെയ്തു.

a. ഡൽഹി, കൽക്കട്ടാ എന്നീ മെത്രാസനങ്ങൾക്ക് പരീക്ഷണാർത്ഥം അനുവദിച്ചിട്ടുള്ള സായാഹ്നകുർബ്ബാന ബാഹ്യകേരളത്തിലെ എല്ലാ മെത്രാസനങ്ങളിലും അത്യാവശ്യമുള്ള മററു സ്ഥലങ്ങളിലും നടത്തുന്നതിന് അനുവദിച്ചിരിക്കുന്നു.

b. തലേദിവസം വൈകിട്ട് വി. കുർബ്ബാന ചൊല്ലിയ ബലിപീഠത്തിലോ ചൊല്ലിയ പട്ടക്കാരനോ പിറേറദിവസം സന്ധ്യയ്ക്കല്ലാതെ അതിനുമുമ്പ് വീണ്ടും വി. കുർബ്ബാന ചൊല്ലാവുന്നതല്ല.

c. മേല്പറഞ്ഞ അനുവാദപ്രകാരം വി. കുർബ്ബാന അർപ്പിക്കുന്ന പട്ടക്കാരും, വി. കുർബ്ബാനയ്ക്കു കൂടുന്ന ശുശ്രൂഷകരും, അനുഭവിക്കുന്നവരും, സംബന്ധിക്കുന്നവരും ഉച്ചഭക്ഷണം കഴിഞ്ഞു് വി. കുർബ്ബാന അനുഭവിക്കുന്ന സമയംവരെ ആറുമണിക്കൂറോളം ഉപവാസമനുഷ്ഠിക്കണം. ചൂട് കൂടുതലുള്ള സ്ഥലങ്ങളിൽ ദാഹശമനാർത്ഥം വെള്ളം കുടിക്കാവുന്നതാണ്.

d. വി. കുർബ്ബാനചൊല്ലുന്ന പട്ടക്കാരും ശുശ്രൂഷക്കാരും മറ്റും കഴിവുള്ളടത്തോളം അത്രയും സമയം ലൗകികപ്രവർത്തനങ്ങളിൽ നിന്നും ഒഴിഞ്ഞു് മൗനം ആചരിക്കുകയും വേദവായന, ഭക്തിസംവർദ്ധകമായ വായനകൾ (Devotional reading) ധ്യാനം മുതലായവ നടത്തുകയും വേണം.

e. സന്ധ്യയ്ക്ക് ആറുമണിക്ക് നമസ്കാരവും തുടർന്നു വി. കുർബ്ബാനയും നടത്താവുന്നതാകുന്നു. നമസ്കാരത്തിനു സന്ദർഭംപോലെ പിറേറദിവസത്തെ സാധാരണ നമസ്കാരമോ ഞായറാഴ്ചയോ മററു പെരുന്നാളുകളോ എങ്കിൽ പെങ്കീസാനമസ്കാരമോ ബുധനാഴ്ചനമസ്കാരമോ കൃംതാനമസ്കാരമോ ക്രമപ്രകാരം ചൊല്ലാം.

f. വി. കുർബ്ബാനയ്ക്കുമുമ്പ് തലേദിവസത്തെ ഒമ്പതാംമണി (ഇരുപത്തിരണ്ടര) അന്നത്തെ സന്ധ്യാ, സൂത്താറാ എന്നീ നമസ്കാരങ്ങൾ ചൊല്ലേണ്ടതാണ്. (പാതിരാ, പ്രഭാതം, മൂന്നാംമണി, ഉച്ച എന്നീ യാമനമസ്കാരങ്ങൾ വെളുപ്പാൻകാലത്തേയ്ക്കു മാററിവയ്ക്കാവുന്നതാകുന്നു.) സൂത്താറാ നമസ്കാരത്തിനുമുമ്പോ അതിൻെറ ബോവുസാകഴിഞ്ഞോ വി. കുർബ്ബാനയ്ക്കുള്ള പൊതുപ്രൊമിയോൻ ചൊല്ലിയശേഷം വി. കുർബ്ബാനയുടെ ഭൂയോബായ്ക്കായി വൈദികനു മദ്ബഹായിലേക്കു കയറിപ്പോകാവുന്നതാണ്. മറ്റുള്ളവർ ശേഷം നമസ്കാരവും പഴയനിയമ വായനയും വി. കുർബ്ബാന പരസ്യമായി തുടങ്ങുന്നതിനുമുമ്പുള്ള ഗീതങ്ങളും ചൊല്ലി കഴിയുമ്പോൾ വി. കുർബ്ബാന പരസ്യമായി ആരംഭിക്കാം.

g. വി. കുർബ്ബാനഅപ്പം (ഹമ്മീറാ) ഉണ്ടാക്കുന്നതിനുള്ള മാവ് പുളിക്കുന്നതിന് ആവശ്യമുള്ള സമയം അടിച്ചുകാച്ചുന്നതിനുമുമ്പ് കിട്ടത്തക്കവണ്ണം മാവു കുഴച്ചുവയ്ക്കണം. മാവു പുളിക്കുന്നതിന് ഉഷ്ണകാലത്തേക്കാൾ കൂടുതൽ സമയം ശീതകാലത്ത് ആവശ്യമാണ്.

h. ഞായറാഴ്ച വൈകിട്ടു മാത്രമല്ല മററിടദിവസങ്ങളിലും മേല്പറഞ്ഞ നിർദ്ദേശങ്ങളനുസരിച്ച് വൈകിട്ട് വി. കുർബ്ബാന ചൊല്ലാവുന്നതാണ്.

4. ഹിന്ദി കുർബ്ബാന തക്സ:

കോട്ടയം ബസ്സേലിയോസ് കോളജ് ഹിന്ദി പ്രൊഫസർ കെ. എം. കുറിയാക്കോസ് പരിഭാഷപ്പെടുത്തി വിദഗ്ദ്ധ സഹായത്തോടുകൂടി ഗാനങ്ങൾ രാഗത്തിലാക്കി (tune ചെയ്ത്) തയ്യാറാക്കിയിട്ടുള്ള ഹിന്ദി കുർബ്ബാനതക്സ ഹിന്ദി ഭാഷാപണ്ഡിതന്മാരെക്കൊണ്ട് പരിശോധിപ്പിച്ച് മുദ്രണംചെയ്ത് പ്രസിദ്ധീകരിക്കുന്നതിനു പൌലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ ചുമതലപ്പെടുത്തി. പ്രസ്തുത പുസ്തകത്തിന്റെ പകർപ്പവകാശം (Copy Right) സഭയ്ക്കായിരിക്കുന്നതാണ്.

5. വൈദികരുടെ വിവാഹം:

1. കശ്ശീശാ സ്ഥാനമേററശേഷം വിവാഹം കഴിക്കുന്ന പട്ടക്കാർ കർമ്മം നടത്തുന്നതു കാണോൻ നിശ്ചയങ്ങൾക്കും സഭാ

നടപടികൾക്കും വിരുദ്ധമാകയാൽ ആയതു അനുവദിക്കാവതല്ല. ഈ നിയമം ലംഘിച്ചു കർമ്മം നടത്തുന്നവരുടെപേരിൽ ഇടവക ഒമ്രാപ്പോലീത്തന്മാർ മുറപ്രകാരമുള്ള നടപടികൾ എടുക്കേണ്ടതാണ്. (1958 ഏപ്രിൽ 29; 1972 ഫെബ്രു. 18; 1976മാച്ച് 31 എന്നീ തീയതികളിലെ പ. സുന്നഹദോസ് നിശ്ചയങ്ങൾ.)

2) സഭാ നിയമപ്രകാരം കശ്ശീശന്മാർക്കും പൂർണ്ണ ശെമ്മാശന്മാർക്കും വിവാഹം കഴിക്കുന്നതിനു അനുവാദമില്ല. (ബാറെബ്രായയുടെ ഹുദായകാനോൻ 7–ാം അദ്ധ്യായം 4–ാം ഖണ്ഡിക നീയോ ഒകെസ്സറിയാ നിശ്ചയം.1)

എന്നാൽ വിവാഹം കഴിക്കുന്നതിനുള്ള അനുവാദത്തോടുകൂടി (അതായതു conditional ആയിട്ട്) പൂർണ്ണ ശെമ്മാശനായിട്ടുണ്ടെങ്കിൽ അങ്ങനെയുള്ള പൂർണ്ണശെമ്മാശന്മാക്കു വിവാഹം കഴിക്കുന്നതിനു സഭാപാരമ്പര്യപ്രകാരം ഈനിയമംതടസ്സമായിരിക്കുകയില്ല.

3) പൂർണ്ണശെമ്മാശനോ പട്ടക്കാരനോവിവാഹം കഴിക്കുവാൻ സഭ അനുവദിക്കുന്നില്ലെങ്കിലും യോഗ്യതയുള്ള വിവാഹം കഴിച്ച ശുശ്രൂഷാ സ്ഥാനികൾക്കും അത്മായക്കാർക്കും ശെമ്മാശനോ പട്ടക്കാരനോ ആകുന്നതിനു തടസ്സമില്ലാത്തതാകുന്നു.

4) വൈദികസ്ഥാനത്തേയ്ക്കു വരുന്നവർക്കു വിധവയെയോ ഉപേക്ഷിക്കപ്പെട്ടവളെയോ വിവാഹം കഴിക്കുവാനോ പുനർവിവാഹം കഴിക്കുവാനോ അനുവാദമില്ല (ശ്ലീഹന്മാരുടെ കാനോൻ– Apostolic Canon-XVII- ബാറെബ്രായയുടെ ഹുദായ കാനോൻ 7–ാം അദ്ധ്യായം 5–ാം ഖണ്ഡിക കാണുക.)

5) വൈദികരുടെ ഭാര്യമാർ ഏക ഭർത്തൃവ്രതം പാലിക്കണമെന്നുള്ളതാണു സഭാനിയമം. അതനുസരിച്ച് അവർ ബസ്ക്യോമോമാർ (ഉടമ്പടിക്കാരികൾ) എന്നു വിളിക്കപ്പെടുന്നു. വിവധകളായിത്തീർന്നിട്ടുള്ള ബസ്ക്യോമ്മമാരെ മറെറാരാൾ വിവാഹം കഴിക്കുന്ന പാരമ്പര്യം സഭയിലില്ല.

6) വിവാഹജീവിതം നയിച്ചുകൊണ്ട് വൈദികരായിരിപ്പാൻ ആഗ്രഹിക്കുന്നവർക്കു വിവാഹം കഴിച്ചശേഷമേ പൂർണ്ണ ശെമ്മാശൻപട്ടം കൊടുക്കുവാൻ പാടുള്ളൂ. എന്നാൽ മുറോൻ കൂദാശപോലുള്ള അത്യാവശ്യ സന്ദർഭങ്ങളിൽ ശുശ്രൂഷയ്ക്കു ആവശ്യമുള്ള പൂർണ്ണ ശെമ്മാശന്മാരില്ലാതെ വന്നാൽ കശ്ശീശാ ആകുന്നതിനുമുമ്പ് വിവാഹം കഴിക്കുവാൻ അനുവാദം കൊടുത്തുകൊണ്ട് ആവശ്യമുള്ളടത്തോളം പേർക്കു conditional ആയി പൂർണ്ണ ശെമ്മാശ് പട്ടം കൊടുക്കുന്ന പതിവ് സഭയിൽ ഉണ്ട്. അങ്ങനെ ചെയ്യുന്നതിനും ആയതിനു അനുവാദം കൊടുക്കുന്നതിനും പ. കാതോലിക്കാ ബാവായ്ക്കു് അധികാരം ഉണ്ടായിരിക്കുന്നതാകുന്നു.

6. Vienna Conversation between Oriental Orthodox and Roman Catholic Theologians

പ്രസ്തുത സംഭാഷണങ്ങളിൽ എടുത്ത തീരുമാനങ്ങളെക്കുറിച്ചു പഠിച്ചു് റിപ്പോർട്ടു സമർപ്പിക്കുന്നതിനായി 1979 ഫെബ്രുവരി സുന്നഹദോസ് നിശ്ചയിച്ച കമ്മററിയുടെ തീരുമാനങ്ങൾ 1980 ജനുവരി 29–ാംതീയതി കൂടിയ Inter-Church Relations കമ്മററിയിൽ സമപ്പിച്ചു ചർച്ചചെയ്തശേഷം രൂപപ്പെടുത്തിയ റിപ്പോർട്ട് കൺവീനർ പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ പ. സുന്നഹദോസിനു സമർപ്പിച്ചു.

രേഖകൾ (Documents)

1) ഇരുവിഭാഗക്കാരും തമ്മിൽ 1971, 73, 76, 78 എന്നീ ആണ്ടുകളിലായി നടത്തിയ നാലു് അനൗദ്യോഗിക സംഭാഷണങ്ങൾ സംബന്ധിച്ചുള്ള രേഖകളും മിനിറ്റ്സും പ്രസിദ്ധപ്പെടുത്തിയിട്ടുള്ള Vienna Review for Religion and Culture, "WORT and WARHEIT" Publication.

2) 1978 സെപ്തംബർ 28–ാംതീയതി Franciscus Cardinal Konig, Roman Catholic Archbishop of Vienna കാതോലിക്കാ ബാവായ്ക്കു് അയച്ചുകൊടുത്തിട്ടുള്ള Official Communique and Confidential Memorandum.

കമ്മററിയുടെ ശുപാർശകൾ

1) A joint declaration between the Pope and the Catholicos of the Malankara Orthodox Syrian Church be signed as proposed by the Cardinal and that such a decision by the Synod be communicated to the Pope and to Cardinal Konig.

2) To set up a joint commission as proposed by the Cardinal of all the Oriental Orthodox Churches and the Roman Catholic Church composed of Bishops, Theologians, and Canonists to follow up the work already done, and to convene joint assemblies of both Churches locally, ie. one world-wide joint commission and one local Orthodox-Roman Catholic Commission.

3) Regarding the third proposal of Cardinal Konig about Anathemata now proposed by the two Churches on Leo, Flavian, Severus, Diascoros and Philoxenos, the recommendation of the committee was that there be no formal action on

the matter of Anathemata, but that all Churches should drop all Anathemata, on the aforesaid five persons, though the Churches would be free to condemn any teaching that they regard as unorthodox, without mentioning any of the five names.

4) Committee സമർപ്പിച്ച റിപ്പോർട്ടിലെ Anathemata സംബന്ധിച്ചുള്ള ശുപാർശകൾ പ. സുന്നഹദോസ് അംഗീകരിച്ചുകൊണ്ട് താഴെപ്പറയുന്നപ്രകാരം തീരുമാനം ചെയ്തു.

Resolved that the Holy Synod accepts in principle the possibility of a joint decision by all the Churches concerned that Anathemata now pronounced by them against one or more of the Roman Catholic, Byzentine Orthodox or Oriental Orthodox be dropped retaining however the freedom of the Churches to condemn any teaching which they regard as heretical, without mentioning any particular Father or Fathers, of one or more Churches like Leo, Flavian, Severus, Diascoros, Philoxenos etc.

5) ഓറിയൻറൽ ഓർത്തഡോക്സ് സഭകളും റോമൻ കത്തോലിക്കാ സഭയും തമ്മിൽ ഒരു സംയുക്ത കമ്മീഷൻ ഉണ്ടാകണമെന്നുള്ള കർദ്ദിനാൾ Konig-ൻെറ നിർദ്ദേശത്തെ സ്വീകരിച്ചുകൊണ്ട് പ്രസ്തുത കമ്മീഷനിലേക്ക് താഴെപ്പറയുന്ന മൂന്നുപേരെ പ. സുന്നഹദോസ് നിയമിച്ചു.

1. പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ
2. റവ. ഡോക്ടർ വി. സി. ശമുവേൽ
3. റവ. ഡോക്ടർ കെ. എം. ജോർജ്ജ്

6) വിയന്നായിൽവച്ചു നടന്ന അനൗദ്യോഗിക സംഭാഷണങ്ങളുടെ റിപ്പോർട്ടുകളെ ആസ്പദമാക്കി വേണ്ടുന്ന പഠനം നടത്തി ശുപാർശകൾ ചെയ്യുന്നതിനു ഭാരതത്തിലെ (റോമൻ) കത്തോലിക്കാ ബിഷോപ്സ് കോൺഫറൻസിൻെറ പ്രതിനിധികളും മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രതിനിധികളും അടങ്ങുന്ന ഒരു ഇന്ത്യൻ സംയുക്ത കമ്മീഷനെ നിയമിക്കണമെന്നുള്ള കമ്മറ്റിയുടെ ശുപാർശ പ. സുന്നഹദോസ് അംഗീകരിക്കുകയും, അക്കാര്യത്തെക്കുറിച്ചു (റോമൻ) കത്തോലിക്കാ ബിഷോപ്സ് കോൺഫറൻസുമായി എഴുത്തുകുത്തുകൾ നടത്തുന്നതിനു Inter-Church Relations Committee സെക്രട്ടറി പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ ചുമതലപ്പെടുത്തുകയും ചെയ്തു.

പ്രസ്തുത ഇന്ത്യൻ സംയുക്ത കമ്മീഷനിലേക്ക് മലങ്കര ഓർത്തഡോക്സ് സഭയിൽനിന്നും താഴെപ്പറയുന്നവരെ ഒരു പാനലായി പ. സുന്നഹദോസ് നിശ്ചയിച്ചു.

1. H. G. Daniel Mar Philoxenos, Metropolitan,
2. H. G. Mathews Mar Coorilos, Metropolitan,
3. H. G. Philipos Mar Theophilos, Metropolitan,
4. H. G. Geevarghis Mar Osthatheos, Metropolitan,
5. H. G. Paulose Mar Gregorios, Metropolitan,
6. H. G. Joseph Mar Pachomios, Metropolitan,
7. H. G. Geevarghis Mar Diascoros, Episcopa,
8. Rev. Fr. V. C. Samuel,
9. Rev. Fr. T. J. Joshua,
10. Rev. Fr. K. J. Jonah,
11. Rev. Fr. Joseph Vendarapally,
12. Rev. Fr. Mathai Nooranal,
13. Rev. Dr. K. M. George.

ഇവരിൽനിന്നും അപ്പഴപ്പോൾ മീററിംഗുകൾക്ക് ആവശ്യമുള്ളത്ര പ്രതിനിധികളെ അയയ്ക്കുന്നതിനു കൺവീനറായ പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ ചുമതലപ്പെടുത്തി.

7. കമ്മറ്റിയുടെ റിപ്പോർട്ടിലെ മേല്പറഞ്ഞ വിയന്നാ സംഭാഷണങ്ങൾ സംബന്ധിച്ച വിഷയങ്ങളൊഴിച്ചുള്ള മററു വിഷയങ്ങൾ സംബന്ധിച്ച് പ. സുന്നഹദോസിൻെറ നിശ്ചയങ്ങൾ താഴെ ചേർക്കുന്നു.

1. The Committee recommended to invite the following Church dignitaries from other Churches in accordance with their conveniences and opportunities for their reception here.

1. His Holiness Patriarch Shenoode, Pope and Patriarch of the Coptic Church of Egypt.

2. His Beatitude Patriarch Ignatius Hazim, Greek (Melkite) Patriarch of Antioch.

3. His Excellency Archbishop Romon Torella, Vice President of the Secretariat for Unity.

4. His Holiness Patriarch Justin of the Romanian Orthodox Church.

5. His Grace Dr. Robert Runcia, Archbishop of Canterbury (elect) of the Church of England.

2. Regarding the formal opening of dialogue between the Byzentine Orthodox family of Churches and the Orienta Orthodox family of Churches, proposed by His Holiness Patriarch Dimitrios of Constantinople in his letter he had written to the Catholicos in Protocol No 589, dated September 26th, 1979, it was recommended to the Holy Episcopal Synod:

a) that the proposal should be welcomed,

b) that in addition to the three topics proposed, (ie. Christology of John Damasceno, Christology of St. Severus, and Christology of the Councils) three other practical topics should also be included in the first round viz, (1) acceptance or non-acceptance of the Council of Chalcedon and subsequent Councils; (ii) the question of mutual anathemata; (iii) the question of jurisdiction, primacy and seniority in Protocol after Communion is restored between the two families.

c) that the number of members on the joint commission from both sides be equal, and to this end the number and names on the Byzentine side should be communicated to us on the Oriental Orthodox side, so that we can nominate between our five Churches an equal number,

d) that the following three persons be appointed to the joint commission from our Church,

1. His Grace Paulose Mar Gregorios,
2. The Rev. Fr. Dr. V. C. Samuel,
3. The Rev. Dr. K. M. George,

e) that His Grace Paulose Mar Gregorios would represent our Church on any preparotory or executive committee,

f) that our Synod decisions on the matter be communicated to all the Heads of Churches on both sides.

3. With regard to the dialogue with the Lutherans hitherto made, a report has to be submitted to the Holy Synod for approval.

4. The possibility of starting similar dialogues with the Church of S. India and the Church of North India should be explored by Mar Gregorios.

5. The question of starting a local (Indian) dialogue with the Roman Catholic Churches based on the Vienna conversations should also be explored by him.

6. The matter of taking membership in CASA and N. C. C. and the Constitutional change, which would be necessary for the same have to be pursued by Mar Gregorios.

7. As for the Kerala Christian Bishops Conference and our own participation in their common meetings, Mar Gregorios was asked to pursue the possibility of ensuring a proper constitution and periodic election of office-bearers.

കമ്മററിയുടെ മേൽപ്പറഞ്ഞ തീരുമാനങ്ങൾ പ. സുന്നഹദോസ് അംഗീകരിച്ചു റിക്കാർഡാക്കി.

7 1. അവികസിത മെത്രാസനങ്ങളുടെയും പള്ളികളുടെയും സാമ്പത്തിക പരാധീനത.

2. The Christian Common responsibility for the building up and expansion of the Church.

പ്രസ്തുത രണ്ടു വിഷയങ്ങളും ഉൾക്കൊള്ളിച്ച് ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ തയ്യാറാക്കി പ. സുന്നഹദോസിൽ സമർപ്പിച്ച ചർച്ചാസംഗ്രഹം (Synopsis for discussion) ആധാരമാക്കിക്കൊണ്ട് പ. സുന്നഹദോസ് ചർച്ച ചെയ്തു. അതിലെ

1. The Church is the body of Christ, the people of God, united by the bond of Christian love.

2. Rebirth into the Church makes the Church a family in which all believers of the Church are sons and daughters of the Church and therefore brothers and sisters of each other.

3. The Church being a family, each member should live and work for the whole family.

4. Independent parishes and exclusive right on the income of the parishes and of individuals have no theological justification.

5. Christian stewardship.

[(1) സഭ ക്രിസ്തുവിന്റെ ശരീരവും ക്രിസ്തീയ സ്നേഹത്താൽ അന്യോന്യം ഐക്യപ്പെട്ടിരിക്കുന്ന ജനസമൂഹവുമാകുന്നു.

2) സഭയിലേയ്ക്കുള്ള വിശ്വാസികളുടെ വീണ്ടും ജനനം (മാമോദീസാമൂലം) സഭയെ ഒരു കുടുംബമാക്കി തീർക്കുകയും അങ്ങനെ സഭയിലെ എല്ലാ വിശ്വാസികളും സഭയുടെ പുത്രന്മാരും പുത്രികളും തന്മൂലം അന്യോന്യം സഹോദരന്മാരും സഹോദരികളുമായിത്തീരുകയും ചെയ്യുന്നു.

3) സഭ ഒരു കുടുംബമാകയാൽ ഓരോ അംഗവും കുടുംബം മുഴുവനുംവേണ്ടി ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യണം.

4) സ്വതന്ത്ര ഇടവകാവാദവും ഇടവകകളുടെയും വ്യക്തികളുടെയും വരുമാനങ്ങളുടെമേൽ മററുള്ളവരെ ഒഴിച്ചു നിർത്തിക്കൊണ്ടുള്ള നിഷേധാത്മകമായ കുത്തകാവകാശവും വേദശാസ്ത്രപരമായി നീതികരിക്കാവുന്നതല്ല.

5. ക്രിസ്തീയ കാര്യവിചാരകത്വം]

എന്നിങ്ങനെയുള്ള ആശയങ്ങൾ സഭാംഗങ്ങളെ പഠിപ്പിച്ച് സഭയിൽ ആകമാനം ഒരു ആദ്ധ്യാത്മിക നവോത്ഥാനമുണ്ടാക്കി സഭാംഗങ്ങൾക്കു നവജീവൻ ഉളവാക്കുന്നതിനു ഒരു Spiritual New life Movement (ആത്മീയ നവജീവ പ്രസ്ഥാനം) ഉണ്ടാക്കി കർമ്മപരിപാടികൾ ആവിഷ്കരിച്ച് എത്രയുംവേഗം നടപ്പിലാക്കുന്നതിനു പ. കാതോലിക്കാബാവാ അദ്ധ്യക്ഷനും, ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ കൺവീനറും, മാത്യുസ് മാർ കൂറിലോസ്, ജോസഫ് മാർ പാക്കോമിയോസ്, മാത്യുസ് മാർ ബർന്നബാസ്, ഗീവറുഗീസ് മാർ ദീയസ്കോറോസ് എന്നീ മേല്പട്ടക്കാർ അംഗങ്ങളുമായുള്ള ഒരു ആത്മീയ നവോത്ഥാന കമ്മററിയെ പ. സുന്നഹദോസ് നിശ്ചയിച്ചു.

പ്രായോഗിക നിർദ്ദേശങ്ങൾ

1) ക്രിസ്തീയ കാര്യവിചാരകത്വം സൺഡേസ്കൂൾ മുതലായ എല്ലാ ആത്മീയ സംഘടനകളിലും പഠന വിഷയമാക്കുകയും പള്ളിപ്രസംഗങ്ങളിലും പ്രസംഗയോഗങ്ങളിലും അതേപ്പററി പറയുകയും ചെയ്യണം.

2) പ്രയാസപ്പെടുന്ന നിദ്ധനരായ ഇടവകകളെ സ്വന്ത ഇടവകയിൽനിന്നും സഹായിക്കത്തക്കവണ്ണം ഇടവകാംഗങ്ങൾ അവരുടെ സാമ്പത്തിക സ്ഥിതി അനുസരിച്ച് അവരവരുടെ ഇടവകകളിൽ കൂടുതൽ മാസവരി കൊടുക്കണം.

3) ധനസമൃദ്ധിയുള്ള ഇടവകപള്ളികൾ നിദ്ധനരായ ഇടവകപള്ളികളുടെ കാര്യം ഏറെറടുക്കണം.

4) വളർന്നുവരുന്ന മെത്രാസനങ്ങളുടെ സാമ്പത്തികഭാരം ലഘുപ്പെടുത്തുന്നതിനു വളർന്നു കഴിഞ്ഞിട്ടുള്ള മെത്രാസനങ്ങളും സഭാ കേന്ദ്രവും സഹായിക്കണം.

5) പ്രയാസപ്പെടുന്നവരെ സഹായിക്കത്തക്കവണ്ണം പത്തിലൊന്നു (ദശാംശം) നീക്കിവയ്ക്കുന്നതിനു സഭാംഗങ്ങളെ നിർബന്ധിതമായി ഉദ്ബോധിപ്പിക്കണം.

X

1980 ജൂലൈ സുന്നഹദോസ്

1. ശിശുക്ഷേമബോർഡ്:

സഭയിലെ ശിശുക്ഷേമ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനു് ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ പ്രസിഡണ്ടും സ്തേഫാനോസ് മാർ തേവോദോസിയോസ്, ഗീവറുഗീസ് മാർ ദീയസ്കോറോസ്, മാത്യുസ് മാർ ബർന്നബാസ് എന്നീ മേല്പട്ടക്കാർ വൈസ് പ്രസിസണ്ടന്മാരുമായി ഒരു ശിശുക്ഷേമബോർഡിനെ പ. സുന്നഹദോസ് നിശ്ചയിച്ചു.

2. മദ്രാസ് C. L. S. അസ്സോസിയേഷൻ:

മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയെ പ്രതിനിധീകരിച്ച് മദ്രാസ് C. L. S. അസ്സോസിയേഷനിലേക്കു് ഒരാളെ നോമിനേററുചെയ്യണമെന്നുള്ള C. L. S. അസ്സോസിയേഷൻ ജനറൽ സെക്രട്ടറിയുടെ അപേക്ഷ അനുസരിച്ച് മലങ്കര ഓർത്തഡോക്സ് സഭയുടെ പ്രതിനിധിയായി ഫാദർ ററി. ജി. സക്കറിയാ (Catholicate Office) യെ നിയമിക്കണമെന്നു് പ. സുന്നഹദോസ് നിശ്ചയിച്ചു.

XI

1981 ഫെബ്രുവരി സുന്നഹദോസ്

1. സെന്റ് തോമസ് ഓർത്തഡോക്സ് വൈദികസംഘം:

1980 ഡിസംബറിൽ പരുമല സെമിനാരിയിൽ കൂടിയ അഖില മലങ്കര വൈദികയോഗം അംഗീകരിച്ചിട്ടുള്ളതും മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയിലെ വൈദികർക്കുവേണ്ടി ആരംഭിച്ചിട്ടുള്ളതുമായ വൈദികസംഘടനയുടെ പേരു് "സെന്റ് തോമസ് ഓർത്തഡോക്സ് വൈദികസംഘം" എന്നായിരിക്കണമെന്നും, വേണ്ട വ്യത്യാസങ്ങൾ വരുത്തി പ. സുന്നഹദോസ് സ്വീകരിച്ച അതിന്റെ നിയമാവലിയുടെ ആദ്യരൂപം ആധാരമാക്കി ആയതിന്റെ പൂർണ്ണരൂപം പ്രസ്തുത സംഘടനയുടെ സെൻട്രൽ കമ്മററി എഴുതി ഉണ്ടാക്കി എപ്പിസ്കോപ്പൽ സ്റ്റാൻഡിംഗ്

കമ്മററിയിൽ സമർപ്പിച്ചതിൻെറശേഷം പ. സുന്നഹദോസിൽ സമർപ്പിച്ച് പാസ്സാക്കേണ്ടതാണെന്നും പ്രസ്തുത സംഘടനയുടെ ആഭിമുഖ്യത്തിൽ മൂന്നു വർഷത്തിലൊരിക്കൽ പൊതു വൈദികസമ്മേളനവും, രണ്ടു വർഷത്തിലൊരിക്കൽ മേഖലാ വൈദികസമ്മേളനങ്ങളും, ആണ്ടിലൊരിക്കൽ വാർഷിക മെത്രാസന വൈദികസമ്മേളനങ്ങളും നടത്തേണ്ടതാണെന്നും, അതിലേക്കായി (1) കോട്ടയമുൾപ്പെടെ വടക്കുള്ള കേരള മെത്രാസനങ്ങൾ (കോട്ടയം, കണ്ടനാട്ട്, കൊച്ചി, അങ്കമാലി, മലബാർ), (2) ക്നാനായ ഭദ്രാസനമുൾപ്പടെ കോട്ടയത്തിനു തെക്കുള്ള കേരളമെത്രാസനങ്ങൾ (നിരണം, കൊല്ലം, തുമ്പമൺ, തിരുവനന്തപുരം), (3) കേരളത്തിനു വെളിയിലുള്ള മദ്രാസ്, ബോംബെ, ഡൽഹി, കൽക്കട്ടാ, അമേരിക്ക എന്നീ അഞ്ചു ബാഹ്യകേരള മെത്രാസനങ്ങൾ എന്നിങ്ങനെ മൂന്നു മേഖലകൾ ഉണ്ടായിരിക്കണമെന്നും, പ്രസ്തുത വൈദികസംഘത്തിൻെറ ആഭിമുഖ്യത്തിൽ ഒരു ത്രൈമാസിക പ്രസിദ്ധപ്പെടുത്തണമെന്നും പ്രസ്തുത സംഘത്തിന്റെ രക്ഷാധികാരിയും പരമാദ്ധ്യക്ഷനും പ. കാതോലിക്കാബാവാ ആയിരിക്കുന്നതും പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സംഘത്തിൻെറ പ്രസിഡണ്ടും, യാക്കോബ് മാർ പോളികർപ്പോസ്, സഖറിയാ മാർ ദീവന്നാസിയോസ്, ഗീവറുഗീസ് മാർ ദീയസ്കോറോസ് എന്നീ മേല്പട്ടക്കാർ വൈസ് പ്രസിഡണ്ടന്മാരുമായിരിക്കമെന്നും തീരുമാനിച്ചു.

2. കുക്കിലിയോനിൽ ശുദ്ധിമതികളുടെ പേരുകൾ ഓർക്കുന്നതിനെപ്പററി:

ശുദ്ധിമതികളുടെ ഓമ്മ നടത്തുമ്പോൾ 'സാദീക്കോ' എന്ന കുക്കിലിയോനിൽ അവരുടെ പേരുകൾ പറയുന്നതിൽ തെററാനുമില്ലെന്നും തദവസരത്തിൽചൊല്ലുന്ന പാട്ടുകളിലും മററും വേണ്ട വ്യത്യാസങ്ങൾ വരുത്തി അപ്രകാരം ചൊല്ലാവുന്നതാണെന്നും പ. സുന്നഹദോസ് അഭിപ്രായപ്പെട്ടു.

3. പരിശുദ്ധന്മാരായി പ്രഖ്യാപിക്കുന്ന കാര്യം:

വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസിയോസ്, ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവാ എന്നീ പിതാക്കന്മാരേയും അതുപോലുള്ള മററു പിതാക്കന്മാരുണ്ടെങ്കിൽ അവരെയും അവരുടെ മദ്ധ്യസ്ഥപ്രാർത്ഥനയ്ക്കായി സഭയുടെ പരസ്യാരാധനയിൽ ഓർക്കുകയും അവരുടെ പേരിൽപള്ളികളും മറ്റും സ്ഥാപിക്കുകയും ചെയ്യത്തക്കവിധം സഭയിലെ അംഗീകരിക്കപ്പെട്ട പരിശുദ്ധന്മാരായി പ. സുന്നഹദോസ് പ്രഖ്യാപിക്കണമെന്നുള്ള ആഗ്രഹം സഭയിൽ പലയിടത്തുമുള്ളതായി രേഖമൂലവും അല്ലാ

തെയും പ. സുന്നഹദോസിന്റെ അറിവിൽപെട്ടിരിക്കുകയാൽ ഈ കാര്യത്തിൽ സഭാംഗങ്ങളുടെ ഇടയിലുള്ള അഭിപ്രായങ്ങൾ, അനുഭവങ്ങൾ മുതലായവയെക്കുറിച്ചു പഠിച്ചു വിലയിരുത്തുന്നതിനും ഇതുസംബന്ധിച്ചുള്ള പൗരസ്ത്യപാരമ്പര്യം എന്താണെന്നു പഠിച്ചു റിപ്പോർട്ടുചെയ്യുന്നതിനും അങ്ങനെ ആരെയെങ്കിലും പരിശുദ്ധനായി പ്രഖ്യാപിക്കുന്നതിനുമുമ്പ് സഭ എടുക്കേണ്ട നടപടികൾ എന്തെല്ലാമായിരിക്കണമെന്നു 'പഠിച്ചു റിപ്പോർട്ടു ചെയ്യുന്നതിനും ഏഴു പേരടങ്ങിയ ഒരു കമ്മിററിയെ പ. സുന്നഹദോസ് നിശ്ചയിച്ചു. കമ്മററിയുടെ പ്രസിഡണ്ട് ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തായും കൺവീനർ പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായും ആയിരിക്കുന്നതാണ്.

പ്രസ്തുത കമ്മിററി പ. സുന്നഹദോസ് കൂടുന്ന അവസരങ്ങളിൽ ഇതു സംബന്ധമായ ഇടക്കാല റിപ്പോർട്ടുകളും അഞ്ചു വർഷത്തിനകം അവസാന റിപ്പോർട്ടും പ. സുന്നഹദോസിൽ സമർപ്പിക്കേണ്ടതാകുന്നു. പ്രസ്തുത പിതാക്കന്മാരുമായി പരിചയമോ ബന്ധമോ അറിവോ ഉള്ളവരിൽനിന്നു വസ്തുതകൾ ശേഖരിച്ചു പ. സുന്നഹദോസിൽ സമർപ്പിക്കുന്നതോടൊപ്പം പൊതുജനങ്ങളിൽ നിന്നുള്ള തിരുത്തലുകളും കൂടുതൽ വിവരങ്ങളും ലഭിക്കത്തക്കവിധം പ. സുന്നഹദോസിൻെറ അനുവാദത്തോടുകൂടി അവ പ്രസിദ്ധം ചെയ്യാവുന്നതുമാണ്.

4. സഭയിൽ പെട്ട മദ്യപാനികൾ ദുർവൃത്തന്മാർ മുതലായവരെ വീണ്ടെടുക്കുന്നതിനു ഒരു പ്രസ്ഥാനം ആരംഭിക്കുന്നതിനെപ്പററി:

മദ്യപാനവും ദുർവൃത്തിയുംമൂലം ജീവിതാധ:പതനത്തിലേയ്ക്കു നീങ്ങിക്കൊണ്ടിരിക്കുന്ന സഭാംഗങ്ങളെ ആദ്ധ്യാത്മികമായി ഉദ്ധരിക്കുകയും വീണ്ടെടുക്കുകയും ചെയ്യുന്നതിനായി ഇടവകകൾതോറും സന്നദ്ധസംഘങ്ങൾ (സ്വ്വാദ്ധുകൾ) രൂപവല്ക്കരിക്കുന്നതിനും പ്രസ്തുത കാര്യസാദ്ധ്യത്തിനായി പെരുനാളുകൾ, വിരുന്നുസദ്യകൾ മുതലായവയുടെ അനുഷ്ഠാനത്തിൽ വരുത്തേണ്ടുന്ന നിയന്ത്രണങ്ങളെക്കുറിച്ചു നിർദ്ദേശങ്ങൾ നല്കുന്നതിനും മദ്യവർജ്ജന സംബന്ധമായും മററുമുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി ഒരു കമ്മിററിയെ-കൂടുതൽ അംഗങ്ങളെ കോഓപ്ററു ചെയ്യുന്നതിനുള്ള അധികാരത്തോടെ-നിയമിക്കണമെന്നു പ. സുന്നഹദോസ് തീരുമാനിച്ചു. കമ്മിററിയുടെ പ്രസിഡണ്ട് മാത്യസ് ബർണബാസ് മെത്രാപ്പോലീത്താ ആയിരിക്കുന്നതും ശ്രീ സി. യു. മാത്യു, കോട്ടയം സെക്രട്ടറിയും കൺവീനറും സംഘാടകനും (Organising Secretary) ആയിരിക്കുന്നതുമാകുന്നു.

5. ഐക്യകൺവൻഷനിലും ഇതരസഭക്കാരുടെ മതപ്രസംഗ യോഗങ്ങളിലും നമ്മുടെ പ്രസംഗകർപോയി പ്രസംഗിക്കുന്ന തിനെപ്പററി:

അങ്ങനെ പോയി പ്രസംഗിക്കുന്നതിൻെറ ഭവിഷ്യത്തുകളെ പ്പററി പ. സുന്നഹദോസ് പരിഗണിച്ചു. നമ്മുടെ പ്രസംഗകരെ അനുകരിച്ചു നമ്മുടെ സഭാംഗങ്ങളും അജ്ഞരുമായ മററു പലരും ഇങ്ങനെയുള്ള യോഗങ്ങളിൽ പോയി സഭയുടെ വിശ്വാസത്തിനു വിരുദ്ധമായുള്ള മററു സഭക്കാരുടെ പ്രസംഗങ്ങൾ കേട്ട് ചിന്താ ക്കുഴപ്പത്തിൽ പെടുവാൻ വഴിയുള്ളതുകൊണ്ട് അങ്ങനെ പോകുന്ന കാര്യത്തിൽ നമ്മുടെ പ്രസംഗകർ പ്രത്യേകം സൂക്ഷിക്കേണ്ടതാ ണെന്നു പ. സുന്നഹദോസ് അഭിപ്രായപ്പെട്ടു.

6. വി. കുർബ്ബാന തക്സായുടെ തമിഴ് തർജ്ജിമ:

പ. കുർബ്ബാന തക്സായുടെ തമിഴ് പരിഭാഷ ഉണ്ടാക്കുന്നതിനു ചുമതലപ്പെടുത്തിയിരുന്ന മദ്രാസ് ഭദ്രാസനത്തിന്റെ സഖറിയാസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ വിദഗ്ദ്ധസഹായ ത്തോടുകൂടി പ്രസ്തുത തർജ്ജിമ ഉണ്ടാക്കി പ. സുന്നഹദോസിൽ സമർപ്പിച്ചു. വളരെ ഭംഗിയായും ആരാധനയ്ക്കു അനുയോജ്യമായ ഭാഷയിലും പ്രസ്തുതകൃത്യം നിർവഹിച്ച C. S. I സഭയിൽ പെട്ട റവ. തങ്കരാജിനെ (തൂത്തുക്കുടി) പ. സുന്നഹദോസിനു വേണ്ടി പൌലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അനുമോദിച്ചു സംസാരിച്ചു. വി. കുർബ്ബാന തക്സായോടൊപ്പം മററ് ആവശ്യമായ ആരാധനക്രമങ്ങളും തർജ്ജിമ ചെയ്യുന്നതിനു റവ. തങ്കരാജിനെ ചുമതലപ്പെടുത്തണമെന്നു നിശ്ചയിച്ചു.

7. മലങ്കര മെഡിക്കൽ മിഷ്യൻ (Service Board) ഭരണഘടന:

ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ മലങ്കര ഓർത്തഡോക്സ് ചർച്ച് മെഡിക്കൽ മിഷ്യൻ (service) ബോർഡിനുവേണ്ടി തയ്യാറാക്കി സമർപ്പിച്ച ഭരണഘടന പ.സുന്ന ഹദോസ് അംഗീകരിച്ചു.

[1983 ഫെബ്രുവരി സുന്നഹദോസ് പ്രസ്തുത ഭരണഘടന വകുപ്പ് 3 ഉപവകുപ്പ് b അനുസരിച്ച് ഫിലിപ്പോസ് മാർ തെയോഫീലോസ് മെത്രാപ്പോലിത്തായെ ബോർഡിൻെറ എക്സി ക്യൂട്ടീവ് വൈസ് പ്രസിഡണ്ട് ആയും വകുപ്പ് 3 ഉപവകുപ്പ് d അനുസരിച്ച് കോലഞ്ചേരി മെഡിക്കൽ മിഷ്യൻ സൂപ്രണ്ട് ഡോ. മാമ്മൻ ചെറിയാനെ ബോർഡിൻെറ ഡയറക്ടറും ട്രഷറാറുമായും, വകുപ്പ് 3 ഉപവകുപ്പ് f അനുസരിച്ച ഡോ. പത്രോസ് മത്തായി, ഡോ. കോശി പൂട്ടുള്ളിൽ, ഫാദർ ജോർജ്ജ് കുര്യൻ (Student Centre) എന്നിവരെ അംഗങ്ങളായും നോമിനേററു ചെയ്തു.]

XII

1981 ജൂലൈ സുന്നഹദോസ്

1. ബഥനി ആശ്രമത്തിൻെറ വിസിററർ ബിഷപ്പ്:

ബഥനി ആശ്രമത്തിൻെറ വിസിററർ ബിഷപ്പായിരുന്ന കോട്ടയം ഇടവകയുടെ മാത്യൂസ് മാർ ഈവാനിയോസ് മെത്രാ പ്പോലീത്താ കാലം ചെയ്തിരിക്കുന്നതിനാൽ തൽസ്ഥാനത്തു കണ്ട നാട്ട് മെത്രാസന ഇടവകയുടെ ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തായെ നിയമിക്കണമെന്നു പ. സുന്നഹദോസ് നിശ്ചയിച്ചു.

2. ബൈബിൾ സൊസൈറ്റിയുടെ വൈസ് പ്രസിഡണ്ട്:

ബൈബിൾ സൊസൈററി ഓഫ് ഇന്ത്യാ കേരള ഓക്സി ലറിയുടെ വൈസ് പ്രസിഡണ്ടന്മാരിൽ ഒരാളായി ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്തയെ ബൈബിൾ സൊസൈറ്റി നോമിനേറ്റു ചെയ്തിട്ടുള്ളതിനെ സ്വീകരിക്കുന്നതിനു അദ്ദേഹത്തെ പ. സുന്നഹദോസ് അനുവദിച്ചു.

3. വി. കുർബ്ബാന, നമസ്കാരങ്ങൾ, ഗീതങ്ങൾ മുതലായവ ബ്രോഡ്കാസ്റ്റ് ചെയ്യുക, റ്റെയ്പ് റിക്കാർഡ് ചെയ്യുക അവയ്ക്കു കാസെററ് ഉണ്ടാക്കുക എന്നിവ അനുവദനീയമോ എന്നതിനെപ്പററി:

വി. കുർബ്ബാന ബ്രോഡ്കാസ്റ്റ് ചെയ്യുന്നതു ശരിയല്ലെന്നും വി. കുർബ്ബാനയിൽ സംബന്ധിക്കുവാൻ നിവൃത്തിയില്ലാത്ത സ്ഥല ങ്ങളിലും സന്ദർഭങ്ങളിലും ധ്യാനത്തിനും ഭജനത്തിനുമായി ആയതു റെറയ്പ് റിക്കാർഡുകളാക്കി പ്രൈവററായി ഉപയോഗിക്കുന്ന തിനെ നിരോധിക്കേണ്ട ആവശ്യമില്ലെന്നും നമസ്കാരഗീതങ്ങളും സഭാവിശ്വാസങ്ങൾക്കനുരൂപമായ ഭക്തിഗാനങ്ങളും റിക്കാർഡു കളിലോ കാസെററുകളിലോ ഉല്ലേഖനം ചെയ്തു വില്ക്കുന്നതിനും ഉപയോഗിക്കുന്നതിനും ഓർത്തഡോക്സ്വിശ്വാസാനുസൃതമായ സുവിശേഷപ്രസംഗങ്ങൾ അവയ്ക്കു യോജിച്ച പ്രാർത്ഥനകളും ഗാന ങ്ങളും ചേർത്തു് റേഡിയോവഴി പ്രക്ഷേപണം ചെയ്യുന്നതിനു അനുവദിക്കാവുന്നതാണെന്നും ഇങ്ങനെയുള്ള പരിപാടികൾക്കായി ഭാരതീയ സംഗീത രീതികളും സംഗീതോപകരണങ്ങളും താള മേളങ്ങളും ഉപയോഗിക്കുന്നതു് അനുവദനീയമാണെന്നും അങ്ങനെ യുള്ള കാര്യങ്ങൾ ചെയ്യുന്നതിനു മിഷ്യൻ ബോർഡിനെയും മിഷ്യൻ പരിശീലനകേന്ദ്രത്തെയും അനുവദിക്കാമെന്നും പ. സുന്നഹദോസ് അഭിപ്രായപ്പെട്ടു.

4. പള്ളി ആരാധനയിൽ ഗായക സംഘങ്ങൾക്കും സംഗീതോപകരണങ്ങൾക്കുമുള്ള സ്ഥാനം:

പള്ളി ആരാധനയിൽ സംഗീതോപകരണങ്ങൾ ഉപയോഗിക്കുന്നതു് ഓർത്തഡോക്സ് രീതി അല്ലെങ്കിലും നമ്മുടെ പള്ളി ഗാനാലാപത്തിൽ കാണുന്ന അനൈക്യവും താളഭംഗവും മററും നീക്കി ജനങ്ങൾ ഒരുമിച്ചും ഭക്തിനിർഭരമായും പാടുന്നതിനു സഹായിക്കത്തക്കവിധം വയലിൻ, ഹാർമോണിയം മുതലായ ലളിതോപകരണങ്ങളല്ലാതെ ജാസ് ഉപകരണങ്ങളും താളമേളങ്ങളും മററും ഉപയോഗിക്കുന്നതു് നിരോധിക്കേണ്ടതാണെന്നും ഓർത്തഡോക്സ് പാരമ്പര്യം അനുസരിച്ചു് ജനങ്ങളെ ഒഴിച്ചുനിർത്തിക്കൊണ്ടു് പാടുകയല്ല, ജനങ്ങളെ ഭംഗിയായി പാടുവാൻ സഹായിക്കുകയാണു ഗായകസംഘത്തിൻെറ ചുമതലയെന്നും, അങ്ങനെ ആരാധന ഭക്തിനിർഭരമാക്കുവാൻ സഹായിക്കുന്ന ഗായകസംഘങ്ങളെ പ്രോത്സാഹിപ്പിക്കേണ്ടതാണെന്നും പ. സുന്നഹദോസ് അഭിപ്രായപ്പെട്ടു.

5. ആന്ധ്രാദേശത്തു നടപ്പിൽവരുത്തുന്നതിനു് ഉണ്ടാക്കിയ ശിശുക്ഷേമപ്രോജക്ട്:

ആന്ധ്രാപ്രദേശത്തു് ഒരു ശിശുക്ഷേമപദ്ധതി ആരംഭിച്ചു നടത്തുന്നതിനു ശിശുക്ഷേമബോർഡും മദ്രാസു് ഭദ്രാസനക്കാരുംകൂടി സഹകരിച്ചു തയ്യാറാക്കി സമർപ്പിച്ച പ്രോജക്ട് റിപ്പോർട്ടിൻെറ വെളിച്ചത്തിൽ ആന്ധ്രായിൽ കുഷ്ഠരോഗികളുടെ കുഷ്ഠരോഗമില്ലാത്ത കുട്ടികളുടെ പുനരധിവാസത്തിനു് (Rehabilitation) ഒരു ബാലഗ്രാം സ്ഥാപിക്കുന്നതിനു് ആവശ്യമായ സ്ഥലം ആന്ധ്രാ ഗവമ്മെൻറിൽനിന്നും ലഭിക്കുന്നതിനുള്ള നടപടികൾ ഏടുക്കുന്നതിനു ശിശുക്ഷേമബോർഡിൻെറയും മിഷ്യൻ ബോർഡിൻെറയും പ്രസിഡണ്ടു് ഗീവറുഗീസു് മാർ ഒസ്താത്തിയോസു് മെത്രാപ്പോലീത്തായേയും മദ്രാസു് മെത്രാസന മെത്രാപ്പോലീത്താ സഖറിയാസ് മാർ ദീവന്നാസ്യോസു് മെത്രാപ്പോലീത്തായേയും ചുമതലപ്പെടുത്തി.

6. Leprosy Mission Trust, India

പ്രസ്തുത ട്രസ്റ്റിൻെറ സെക്രട്ടറി അയച്ചുതന്നിട്ടുള്ള കത്തിലെ താല്പര്യപ്രകാരം Leprosy Mission-ൻെറ പ്രവർത്തനങ്ങളിൽ സഭ താല്പര്യം കാണിക്കണമെന്നും ട്രസ്റ്റിൻെറ പ്രവർത്തനങ്ങൾക്കായി തന്നാണ്ടു് 5000 രൂപാ അയച്ചുകൊടുക്കണമെന്നും നിശ്ചയിച്ചു.

7. പ്രായമുള്ളവർക്കു പട്ടം കൊടുക്കുന്നതിനെപ്പററി:

ആവശ്യമുള്ള വൈദികരുടെ കുറവു പരിഗണിച്ചു് സൽസ്വഭാവികളും കഴിവുള്ളവരും വിദ്യാഭ്യാസയോഗ്യതയുള്ളവരും

അമ്പത്തെട്ടുവയസ്സിൽ കവിയാത്തവരുമായ ഏതാനുംവിവാഹിതരും അവിവാഹിതരുമായ ആളുകൾക്കു വൈദിക പരിശീലനം കൊടുത്തു് പട്ടം കൊടുക്കുന്നതിനുള്ള സാദ്ധ്യതകളെപ്പററി ചിന്തിക്കണമെന്നുള്ള വൈദിക സെമിനാരി ഫാക്കൽററിയുടെ അപേക്ഷ പ. സുന്നഹദോസ് അംഗീകരിച്ചു നിശ്ചയംചെയ്തു.

8. പഴയസെമിനാരിയിൽ വനിതകൾക്കുള്ള വേദപഠനം:

സഭയിലെ മഠങ്ങളിലെ 'സിസ്റ്റേഴ്സ്', മത്തമറിയം സമാജപ്രവർത്തകർ, വീട്ടമ്മമാർ തുടങ്ങിയ വനിതകൾക്കായി പഴയസെമിനാരിയിലെ സോഫിയാസെൻററിൽവച്ചു് വേദപഠനം നടത്തുന്നതിനുള്ള സാദ്ധ്യതകളെപ്പററി പരിചിന്തനം ചെയ്യണമെന്നുള്ള വൈദികസെമിനാരി ഫാക്കൽറ്റിയുടെ അഭ്യർത്ഥന അംഗീകരിക്കുകയും അവർക്കായി പ്രത്യേക ക്ലാസ്സുകൾ എടുക്കുന്നതിനും അവരുടെ വായനയ്ക്കും പഠനത്തിനുമായി ലൈബ്രറി സൗകര്യപ്പെടുത്തിക്കൊടുക്കുന്നതിനും സെമിനാരി അധികൃതരെ ചുമതലപ്പെടുത്തണമെന്നു നിശ്ചയിക്കുകയും ചെയ്തു.

9. കൊല്ലം മെത്രാസനത്തിൽ സായാഹ്നകുർബ്ബാന:

കൊല്ലം മെത്രാസനത്തിൻെറ മാത്യൂസു് മാർ കൂറിലോസു് മെത്രാപ്പോലീത്തായുടെ അപേക്ഷപ്രകാരം കേരളത്തിനു വെളിയിലുള്ള പള്ളികളിൽ വൈകുന്നേരം വി. കുർബ്ബാനചൊല്ലുവാൻ പരീക്ഷണാർത്ഥം അനുവദിച്ചിരിക്കുന്നതുപോലെ വൈദികരുടെ കുറവുകൊണ്ടും മററും അതേ നിബന്ധനകൾക്കു വിധേയമായി കൊല്ലം മെത്രാസനത്തിലും പരീക്ഷണാർത്ഥം അത്യാവശ്യമുള്ള സ്ഥലങ്ങളിൽ വൈകുന്നേരം വി. കുർബ്ബാനചൊല്ലുവൻ അനുവദിച്ചു.

XIII

1982 ഫെബ്രുവരി സുന്നഹദോസ്

1. ഇഗ്നാത്തിയോസു് സഖാ പ്രഥമൻ പാത്രിയർക്കീസിൻെറ കേരള സന്ദർശനവും സഭാസമാധാനവും:

ശ്രീമയിലെ സിറിയൻ ഓർത്തഡോക്സ് പാത്രിയർക്കീസു് ഇഗ്നാത്തിയോസു് സഖാ പ്രഥമന്റെ കേരള സന്ദർശനവേളയിൽ സഭാസമാധാനത്തെപ്പററി അദ്ദേഹം പുറപ്പെടുവിച്ചിട്ടുള്ള പ്രസ്താവനകളിലും നടത്തിയിട്ടുള്ള പ്രസംഗങ്ങളിലും മലങ്കര ഓർത്തഡോക്സ് സുറിയാനിസമുദായത്തിൻെറ അഭിമാനത്തെ ക്ഷതപ്പെടുത്തുന്ന ചില പരാമർശങ്ങൾ ഉള്ളതിനാൽ അവയെപ്പററി പ. സുന്നഹ

ദോസ് ആലോചിച്ചശേഷം താഴെപ്പറയുന്നപ്രകാരം തീരുമാനിച്ചു.

1958-ലെ സഭാസമാധാന വ്യവസ്ഥകളിൽനിന്നും സ്വയം പിന്മാറിയ യാക്കോബ് തൃതീയൻ പാത്രിയർക്കീസും അദ്ദേഹത്തിന്റെ അനുയായികളും ചെയ്തിട്ടുള്ള താഴെ കൊടുത്തിരിക്കുന്ന തെറ്റുകൾ തിരുത്തുകമാത്രമാണ് സമാധാനത്തിനുള്ള ഏക മാർഗ്ഗം.

1) 1958-ൽ സഭയിൽ സമാധാനം സ്ഥാപിച്ചശേഷം അതിന്റെ അടിസ്ഥാനപ്രമാണമായ മലങ്കര സഭാഭരണഘടനയ്ക്കു വിരുദ്ധമായ നടപടികൾ സ്വീകരിച്ച് അതിൽനിന്നും പടിപടിയായി യാക്കോബ് തൃതീയൻ പാത്രിയർക്കീസ് പിന്മാറി.

2) മാർത്തോമ്മാശ്ലീഹായുടെ പൗരോഹിത്യത്തെയും സിംഹാസനത്തെയും ചോദ്യംചെയ്തുകൊണ്ട് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് 1970-ൽ അദ്ദേഹത്തിന്റെ 203-ാംനമ്പർ കല്പന പുറപ്പെടുവിച്ചു.

3) മലങ്കരസഭയുടെ വ്യവസ്ഥാപിത ഭരണഘടകങ്ങളായ മലങ്കര സുന്നഹദോസിന്റെയും മലങ്കര അസോസ്യേഷൻ മാനേജിംഗ് കമ്മററിയുടെയും ഏകകണ്ഠമായ എതിർപ്പിനെ വകവയ്ക്കാതെ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് അപ്രേം ആബൂദി മെത്രാപ്പോലീത്തായെ മലങ്കരയിലേയ്ക്കു ഡെലിഗേററായി അയച്ചു.

4) മലങ്കരസഭാ സുന്നഹദോസിന്റെയും അസോസ്യേഷൻ മാനേജിംഗ് കമ്മറ്റിയുടെയും പ്രതിഷേധത്തെ ധിക്കരിച്ചും, മലങ്കര അസോസ്യേഷന്റെ തെരഞ്ഞെടുപ്പുകൂടാതെയും മലങ്കരസഭയ്ക്കായി തുടരെ തുടരെ മേല്പട്ടക്കാരെ വാഴിച്ചതു് മലങ്കരസഭാഭരണഘടനയുടെ വ്യക്തമായ ലംഘനമായിരുന്നു.

5) മലങ്കര അസോസ്യേഷനു് എതിരായി "യാക്കോബായ അസോസ്യേഷൻ" എന്ന പേരിൽ ഒരു ബദൽസംഘടനയ്ക്കു യാക്കോബ് തൃതീയൻ പാത്രിയർക്കീസ് അംഗീകാരം നൽകി.

6) മലങ്കരസഭയുടെ അറിവോ സമ്മതമോ കൂടാതെയും മലങ്കര അസോസ്യേഷന്റെ തെരഞ്ഞെടുപ്പ് ഇല്ലാതെയും അദ്ദേഹം ഒരു എതിർ കാതോലിക്കായെ വാഴിച്ചു.

7) മലങ്കരയിലുള്ള യഥാർത്ഥ കാതോലിക്കായേയും മേല്പട്ടക്കാരെയും ജനങ്ങളെയും പുറന്തള്ളിയതായി (മുടക്കിയതായി) 1974-ൽ യാക്കോബ് പാത്രിയർക്കീസ് അനധികൃത പ്രസ്താവന ഇറക്കി.

8) കാതോലിക്കായുടെ ഭരണസീമയിൽ ക്ഷണിക്കപ്പെടാതെ പാത്രിയർക്കീസ് പ്രവേശിച്ചുകൂടാ എന്നുള്ള വ്യക്തമായ കാനോൻ

വിധികളെ ലംഘിച്ചുകൊണ്ട് യാക്കോബ് പാത്രിയർക്കീസിന്റെ പിൻഗാമിയായ സഖാ പ്രഥമൻ പാത്രിയർക്കീസ് മലങ്കരയിലേക്കു വന്നു.

9) സഖാ പ്രഥമൻ പാത്രിയർക്കീസ് മലങ്കരയിൽവച്ച് മൂറോൻ കൂദാശനടത്തിയതും മേല്പട്ടക്കാരെ വാഴിച്ചതും കാനോൻ ലംഘനവും അനധികൃതവുമാണ്.

മേല്പറഞ്ഞ തെററുകൾക്കു പരിഹാരമുണ്ടാക്കാതെ മലങ്കര ഓർത്തഡോക്സ് സഭ സമാധാനത്തിനു തയ്യാറല്ല. എന്നാൽ സഭാസമാധാനത്തിനുള്ള ക്രിയാത്മകമായ എല്ലാ നടപടികൾക്കും ഓർത്തഡോക്സ് സഭ എക്കാലവും പരിപൂർണ്ണസഹകരണം നല്കുന്നതാണ്.

1. പ്ലാനിംഗ് കമ്മററി റിപ്പോർട്ട്:

8-1-1982-ൽ കൂടിയ സഭാ മാനേജിംഗ് കമ്മററി പാസ്സാക്കിയ പ്ലാനിംഗ് കമ്മററി റിപ്പോർട്ട് ഒരു മാർഗ്ഗനിർദ്ദേശരേഖയായി സ്വീകരിച്ച് അതിന്റെ ശുപാർശകളിൽ പ. സുന്നഹദോസിന്റെ ചുമതലയിൽവരുന്ന സംഗതികളുടെ മുൻഗണനാക്രമം തിട്ടപ്പെടുത്തി പ. സുന്നഹദോസിന്റെ സ്റ്റാൻഡിംഗ് കമ്മററിയിൽ സമർപ്പിക്കുന്നതിനും സ്റ്റാൻഡിംഗ് കമ്മററിയുടെ ശുപാർശകൾ പ. സുന്നഹദോസിൽ സമർപ്പിച്ച് അംഗീകാരം വാങ്ങി നടപ്പാക്കുന്നതിനും പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ പ്രസിഡണ്ടും കൺവീനറുമായി ഒരു ഇംപ്ലിമെൻറിംഗ് കമ്മററിയെ പ. സുന്നഹദോസ് നിശ്ചയിച്ചു.

2. മാവേലിക്കര സെന്റ് പോൾസ് മിഷ്യൻസെന്ററിന്റെ ഭരണത്തിനു പ. കാതോലിക്കാബാവാ രക്ഷാധികാരിയും ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ പ്രസിഡണ്ടും ഫാദർ മാത്യൂസ് എം ഡാനിയേൽ കൺവീനറുമായി 15 പേരടങ്ങിയ ഒരു ഗവേണിംഗ് ബോർഡ് രൂപീകരിച്ചു.

3. മാവേലിക്കര സെന്റ്പോൾസ് മിഷ്യൻ ട്രെയിനിംഗ് സെന്ററിലെ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കു ഡിപ്ലോമാ നല്കുന്നതിനെപ്പററി:

തല്ക്കാലം ഡിപ്ലോമാ നൽകേണ്ടതില്ലെന്നും "Successfully Completed the Lay Evangelist Training Course" എന്നു ചേർത്തിട്ടുള്ള സർട്ടിഫിക്കററു നല്കിയാൽ മതിയെന്നും നിശ്ചയിച്ചു.

5. ആന്ധ്രായിൽ കുഷ്ഠരോഗമില്ലാത്ത കുട്ടികൾക്കായി ബാലഗ്രാം സ്ഥാപിക്കുന്നതിനെപ്പററി:

ആന്ധ്രാഗവണ്മെന്റിൽനിന്നും തരാമെന്നു സമ്മതിച്ചിട്ടുള്ള നൂറു ഏക്കർ സ്ഥലത്തു് ആന്ധ്രായിലെ കുഷ്ഠരോഗികളുടെ കുഷ്ഠരോഗമില്ലാത്ത കുട്ടികളെ പുനരധിവസിപ്പിക്കുന്നതിനു നാല്പത്തി നാലു ലക്ഷം രൂപ ചെലവു വരുന്ന ഒരു പ്രോജക്ട് റിപ്പോർട്ടു തയ്യാറാക്കി ശിശുക്ഷേമ ബോർഡ് സെക്രട്ടറി ഫാദർ ജോസഫ് വെണ്ടറപ്പള്ളി പ. സുന്നഹദോസിൽ സമർപ്പിച്ചതിനെ പ. സുന്നഹദോസ് അംഗീകരിച്ചു. പ്രസ്തുത സ്ഥലം പരിശോധിച്ചു പ്രാഥമിക നടപടികൾസ്വീകരിക്കുന്നതിനു ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, സഖറിയാസ് മാർ ദീവന്നാസിയോസ്, ഫാ. ജോസഫ് വെണ്ടറപ്പള്ളി എന്നിവരെ ഒരു സബ് കമ്മിററിയായി നിയമിച്ചു.

6. ആരാധനക്രമങ്ങളുടെ തമിഴ് തർജ്ജിമ:

തമിഴ് പരിഭാഷ പൂർത്തിയായിട്ടുള്ള മാർ യാക്കോബിന്റെയും മാർ ദീവന്നാസിയോസിന്റെയും പ. കുർബ്ബാന തക്സാകളുടെ ആയിരം പ്രതികൾവീതം അച്ചടിപ്പിക്കുന്നതിനും കൂദാശക്രമം തമിഴിൽ പരിഭാഷപ്പെടുത്തുന്നതിനും തമിഴ് പരിഭാഷയുടെ ചുമതല വഹിക്കുന്ന സഖറിയാസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായെ ചുമതലപ്പെടുത്തി.

7. വൈദീകരുടെ പെൻഷ്യൻകാര്യം

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭാഭരണഘടന 40-ാം വകുപ്പനുസരിച്ചു പട്ടക്കാരെ പള്ളികകളിൽ ആക്കാനും നീക്കാനും സ്ഥലം മാററാനുമുള്ള അധികാരം മെത്രാസന മെത്രാപ്പോലീത്തായ്ക്കുള്ളതാകയാൽ അവരെ പെൻഷൻ കൊടുത്തു നീക്കുന്നതും അദ്ദേഹത്തിന്റെ അധികാരപരിധിയിൽ പെട്ടതാണെന്നും ഇങ്ങനെയുള്ള കാര്യങ്ങൾ വിശ്വാസം, പട്ടത്വം, ശിക്ഷണം (Faith, order, discipline) എന്നിവയിൽപെട്ട കാര്യങ്ങളാണെന്നും ഭരണഘടന 128-ാം വകുപ്പ് അനുസരിച്ച് അവ സംബന്ധിച്ച് യാതൊരു നിശ്ചയവും പസ്സാക്കുന്നതിനു ഇടവകയോഗത്തിനോ ഇടവകമാനേജിംഗ് കമ്മിററിക്കോ മെത്രാസന ഇടവകയോഗത്തിനോ മലങ്കര അസ്സോസേഷ്യനോ അസ്സോസേഷ്യൻ മാനേജിംഗ് കമ്മിററിക്കോ അധികാരമില്ലാത്തതാകുന്നു എന്നും പ. സുന്നഹദോസ് അഭിപ്രായപ്പെട്ടു.

XIV

1982 ജൂലൈ സുന്നഹദോസ്

1. പൗരസ്ത്യകാതോലിക്കാ സിംഹാസന പുന:സ്ഥാപന സപ്തതി ആഘോഷം:

സപ്തതി സഭ മൊത്തമായി 1982 സെപ്തംബർ 5 മുതൽ 12 വരെയുള്ള ദിവസങ്ങളിൽ ആഘോഷിക്കണമെന്നും, അതിനായി ഭക്തിപ്രദാനങ്ങളും ആദ്ധ്യാത്മിക ചൈതന്യം ഉൾക്കൊള്ളുന്നവയുമായ പരിപാടികൾ ആവിഷ്കരിച്ചു നടപ്പിലാക്കണമെന്നും സഭാകേന്ദ്രത്തിലെ ആഘോഷപരിപാടികളുടെ ചെലവിലേക്കു വേണ്ടിവരുന്ന ഒരുലക്ഷത്തിൽപരം രൂപാ പ്രധാനപ്പെട്ട പള്ളികളിൽനിന്നും വ്യക്തികളിൽ നിന്നും ആയി പ. ബാവാതിരുമേനി കല്പനഅയച്ചു പിരിച്ചെടുക്കേണ്ടതാണെന്നും സപ്തതി ആഘോഷങ്ങളുടെ ഭാഗമായി ഭവനരഹിതരായ എഴുപതുപേർക്കു വീടുകൾ നിർമ്മിച്ചു നൽകുന്നതിനു പ. കാതോലിക്കാബാവാ അദ്ധ്യക്ഷനും, പൗലൂസ് മാർ ഗ്രീഗോറിയോസ്, ഗീവറുഗീസ് മാർ ഒസ്താത്തിയോസ് എന്നീ മെത്രാപ്പോലീത്തന്മാർ ഉപാദ്ധ്യക്ഷന്മാരും, ഫാദർ മത്തായി വിലനിലം കൺവീനറുമായി കൂടുതൽ അംഗങ്ങളെ ചേർക്കുന്നതിനുള്ള അധികാരത്തോടുകൂടി ഒരു കമ്മററിയെ നിയമിക്കണമെന്നും സപ്തതി ആഘോഷങ്ങൾ എറണാകുളത്തു് ഉദ്ഘാടനം ചെയ്യണമെന്നും കോട്ടയത്തു് 12-ാംതീയതി ഇന്ത്യൻ പ്രസിഡണ്ടിന്റെ അദ്ധ്യക്ഷതയിൽ പ്രധാന സമ്മേളനവും തിരുവനന്തപുരത്തു സമാപനസമ്മേളനവും നടത്തണമെന്നും ആഘോഷചടങ്ങുകളിൽ സംബന്ധിക്കുന്നതിനു വിദേശത്തും നാട്ടിലുമുള്ള വിവിധ സഭകളിൽനിന്നും മേലദ്ധ്യക്ഷന്മാരെ ക്ഷണിക്കണമെന്നും, സപ്തതി ആഘോഷങ്ങളുടെ നടത്തിപ്പിലേക്കു വിവിധ സബ് കമ്മററികളെ രൂപീകരിക്കണമെന്നും നിശ്ചയിച്ചു.

2. പാലക്കാട്ടു മഞ്ഞപ്ര മാർ ബസ്സേലിയോസ് ചിൽഡ്രൻസ് ഹോം:

പ്രസ്തുത സ്ഥാപനത്തിന്റെ Founder Director ആയിരുന്ന കവിയൂർ ചിറത്തലക്കൽ ഏലിയാസ് തോമസ് കോറെപ്പിസ്കോപ്പാ 1982 മെയ്മാസം 20-ാംതീയതി നിര്യാതനാകയാൽ ചിൽഡ്രൻസ് ഹോമിന്റെ ഭാവിപ്രവർത്തനത്തെപ്പററി പ. കാതോലിക്കാബാവാ ബന്ധപ്പെട്ടവരുമായി ആലോചിച്ചു വേണ്ടതു ചെയ്യണമെന്നു നിശ്ചയിച്ചു.

3. വാകത്താനം വള്ളിക്കാട്ട ദയറാ:

മലങ്കരയിലെ രണ്ടാമത്തെ കാതോലിക്കാ ആയിരുന്ന വാകത്താനം കാരുചിറ ബസ്സേലിയോസ് ഗീവറുഗീസ് പ്രഥമൻ കാതോലിക്കാബാവാ താമസിച്ചിരുന്നതും അദ്ദേഹം കബറടങ്ങിയിരിക്കുന്നതുമായ വള്ളിക്കാട്ട ദയറാസ്ഥം പള്ളിക്കും–മുൻപിന്നാലെ വള്ളിക്കാട്ട പള്ളിവകയായുണ്ടായിരുന്നതും പള്ളിയും ദയറായും ഇരിക്കുന്നതുമായ 2 ഏക്കർ 48 സെൻറു സ്ഥലവും ബസ്സേലിയോസ് ഗീവറുഗീസ് പ്രഥമൻ കാതോലിക്കാബാവാ ഗീവറുഗീസ് മാർ പീലക്സിനോസ് എന്ന പേരിൽ അങ്കമാലി, കോട്ടയം ഭദ്രാസന ഇടവകളുടെ മെത്രാപ്പോലീത്താ ആയിരുന്നകാലത്തു സമ്പാദിച്ചിട്ടുള്ള സ്ഥലങ്ങളും നിലവും ഉൾപ്പെടെ ആകെ ആറ് ഏക്കർ 18 സെൻറ് ഭൂമിയാണുള്ളതെന്നും അതിൽ പള്ളിക്കു മുമ്പിനാലെ ഉണ്ടായിരുന്നതും പള്ളിയും ദയറായും ഇരിക്കുന്നതുമായ 2 ഏക്കർ 48 സെൻറു സ്ഥലം മാത്രമാണ് ഇപ്പോൾ സഭയുടെ നേരിട്ടുള്ള മേൽനോട്ടത്തിൽ വന്നിട്ടുള്ളതെന്നും ബാക്കി സ്ഥലം ദയറായുടെയും പള്ളിയുടെയും മേൽനോട്ടം നടത്തിയിരുന്ന ഗീവറുഗീസ് പ്രഥമൻ ബാവായുടെ സഹോദരപുത്രൻ കാരുചിറ (ചൂരപ്പാട്ടിൽ) പുന്നൂസ് കത്തനാർ വിട്ടുതരാതെ കൈവശം വച്ചുകൊണ്ടിരിക്കുകയാണെന്നും അയാളെ ചുമതലകളിൽനിന്നും വിടർത്തി പകരം ദയറാ മാനേജരും പള്ളി വികാരിയുമായി പേരങ്ങാട്ട പി. കെ. സ്കറിയാ കത്തനാരെ നിയമിച്ചിരിക്കുകയാണെന്നും അവിടെ ഇപ്പോഴത്തെ കാതോലിക്കാബാവായുടെ കല്പനപ്രകാരം ആരംഭിച്ച പണി പൂർത്തിയാകാതെ സ്ഥിതിചെയ്തിരുന്ന പുതിയ പള്ളിയുടെ പണിയും ദയറായുടെയും മററും ജീർണ്ണോദ്ധാരണവും അയാളുടെ നേതൃത്വത്തിൽ നടത്തിക്കൊണ്ടിരിക്കുകയാണെന്നും കാതോലിക്കാബാവാ പ. സുന്നഹദോസിൽ പ്രസ്താവിച്ചു.

4. വി. കുർബ്ബാന തക്സായുടെ തമിഴ് തർജ്ജിമ:

അച്ചടിച്ച തമിഴ് കുർബ്ബാന തക്സാ മദ്രാസ് ഭദ്രാസന മെത്രാപ്പോലീത്താ സഖറിയാസ് മാർ ദീവന്നാസ്യോസ് പ. സുന്നഹദോസിൽ സമർപ്പിച്ചു. പ്രസ്തുത തമിഴ് തക്സാ പ. സുന്നഹദോസ് അംഗീകരിക്കുകയും ആയതു് വി. സഭയിൽ ഉപയോഗിക്കുന്നതിന് അനുവദിക്കുകയും ചെയ്തു. തമിഴ് തക്സാ പത്തുരൂപാ വിലയ്ക്കു വിൽക്കണമെന്നും സഭയിൽ ഉപയോഗിക്കുന്ന നമസ്കാരപുസ്തകം ഉടൻതന്നെ തമിഴിൽ തർജ്ജിമചെയ്ത് അച്ചടിപ്പിക്കണമെന്നും നിശ്ചയിച്ചു.

5. മാവേലിക്കര സെൻറ് പോൾസ് ട്രെയിനിംഗ് സെന്ററിൽ പഠിച്ചിറങ്ങുന്ന നിശ്ചിത യോഗ്യതയുള്ളവരെ 'പ്രേഷിതർ'എന്നു നാമകരണം ചെയ്യുന്നതിന് അനുവദിക്കണമെന്നുള്ള ആ സ്ഥാപ

നത്തിലെ ഫാക്കൽറ്റിയുടെ അപേക്ഷ പ. സുന്നഹദോസ് പരിഗണിക്കുകയും അവർക്കു "സുവിശേഷകർ" എന്ന പേരുകൊടുത്താൽ മതിയെന്നു തീരുമാനിക്കുകയും ചെയ്തു.

6. ആത്മീയസംഘടനകൾക്കുള്ള ഗ്രാൻറ്:

തല്ക്കാലസാഹചര്യത്തിൽ മുൻപ് 5000 രൂപാവീതം പ്രതിവർഷം ഗ്രാൻറുകൊടുത്തുകൊണ്ടിരുന്ന എല്ലാ ആത്മീയ പ്രസ്ഥാനങ്ങൾക്കും ഒ. വി. ബി. എസ്. പ്രസ്ഥാനത്തിനും 8000 രൂപാവീതം ഗ്രാൻറു കൊടുക്കണമെന്നും പുതുതായി ആരംഭിച്ച ബാലസമാജത്തിന് 3500 രൂപാ ഗ്രാൻറുകൊടുത്താൽ മതിയെന്നും തീരുമാനിച്ചു.

7. സൺഡേസ്കൂൾ കവർപിരിവ്:

സൺഡേസ്കൂൾ പ്രസ്ഥാനത്തിൻെറ അഭൂതപൂർവ്വമായ വളർച്ചയെ പരിഗണിച്ച് അതിൻെറ കവർപിരിവിനു സൺഡേസ്കൂൾ പ്രസ്ഥാനം പ്രസിസണ്ട് മെത്രാപ്പോലീത്താ കല്പനകൊടുക്കണമെന്നുള്ള മുൻതീരുമാനം വ്യത്യാസപ്പെടുത്തി സഭാകേന്ദ്രത്തിൽനിന്നും പ. കാതോലിക്കാബാവാ കല്പന അയയ്ക്കേണ്ടതാണെന്നു തീരുമാനിച്ചു.

8. കുടുംബാരാധന പുസ്തകത്തിൻെറ വില്പന:

പ. സുന്നഹദോസിൻെറ ആഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ള കുടുംബാരാധന പുസ്തകത്തിൻെറ വില്പന കാതോലിക്കേറ്റ് ആഫീസ് മാനേജർ റററി. ജി. സഖറിയാ കത്തനാർ നടത്തുകയും പണം പബ്ലിക്കേഷൻ ഡിപ്പാർട്ടുമെൻറിനുവേണ്ടി പ. കാതോലിക്കാബാവായുടെ പേരിൽ ബാങ്കിൽ നിക്ഷേപിക്കുകയും ചെയ്യണമെന്ന് നിശ്ചയിച്ചു.

9. സാധാരണ വിവാഹം, പുനർവിവാഹം മുതലായവ സംബന്ധിച്ചുള്ള പ്രത്യേക അനുവാദം:

വിവാഹങ്ങൾ നടത്തുന്ന ദിവസങ്ങൾ സംബന്ധിച്ചും മററും ആവശ്യമായേക്കാവുന്ന പ്രത്യേക അനുവാദം പ. കാതോലിക്കാബാവാ തനിച്ചു നൽകേണ്ടതും പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന വിവാഹമോചനം, പുനർവിവാഹം എന്നിങ്ങനെയുള്ള കാര്യങ്ങൾക്ക് ആയതിലേക്ക് പ. സുന്നഹദോസ് നിശ്ചയിച്ചിരിക്കുന്ന പ. കാതോലിക്കാബാവായുടെ അദ്ധ്യക്ഷതയിലുള്ള വിവാഹകമ്മററിയുടെ തീരുമാനം പരിഗണിച്ച് പ. കാതോലിക്കാബാവാ അനുവാദം നൽകേണ്ടതുമാകുന്നു.

10. പ. സുന്നഹദോസ് പാസ്സാക്കി കേന്ദ്ര ഗവമ്മെൻറിന് അയച്ചുകൊടുത്ത പ്രമേയങ്ങൾ:

1) ഇൻഡ്യയുടെ വടക്കുകിഴക്കുള്ള അരുണാചൽപ്രദേശത്തും മററും ക്രിസ്ത്യീയ മതസ്വാതന്ത്ര്യത്തെ അവഗണിച്ച്, ഇൻഡ്യൻ പൗരത്വമുള്ള ക്രിസ്ത്യാനികൾക്കുപോലും പ്രവേശനസ്വാതന്ത്ര്യം വിലക്കുകയും, അതേസമയത്ത് ഹൈന്ദവ മതസംഘടനക്കാർ തുടങ്ങിയവരെ അവിടെ പ്രവേശിപ്പിക്കുന്നതിന് അനുവദിക്കുകയും ചെയ്യുന്ന ഇൻഡ്യാ ഗവമ്മെൻറിൻെറ മതവിവേചനാനയത്തോട് പ.സുന്നഹദോസ് പ്രതിഷേധം രേഖപ്പെടുത്തുകയും ഭാരതത്തിന്റെ മതേതര സ്വഭാവത്തിനെതിരായ ഇത്തരം നിരോധനങ്ങൾ പിൻവലിക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

2) ഭാരതത്തിൽ പലയിടങ്ങളിലും വിശിഷ്യാ ഉത്തരപ്രദേശത്തും മററും ഉയർന്ന ജാതിക്കാർ നടത്തുന്ന ഹരിജനമർദ്ദനങ്ങളും കൊലപാതകങ്ങളും അവസാനിപ്പിക്കുവാൻ കേന്ദ്രഗവമ്മെൻറ് കൂടുതൽ ഊർജ്ജസ്വലമായ നടപടികൾ എടുക്കുകയും ഹരിജനങ്ങൾക്കു സുരക്ഷിതാബോധം ഉണ്ടാക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

3) ഹരിജനങ്ങൾക്കു സർക്കാരിൽനിന്നു നല്കുന്ന എല്ലാ ആനുകൂല്യങ്ങളും ക്രൈസ്തവസഭയിൽ ചേർന്ന ഹരിജനങ്ങൾക്കും അവശക്രൈസ്തവർക്കും നല്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

4) മദ്ധ്യപ്രദേശത്തുള്ള ഭിലായിലെ സെന്റ് തോമസ് ഓർത്തഡോക്സ് മിഷ്യനിൽപെട്ടവരുടെ നേർക്ക് ഈ അടുത്ത കാലത്തുണ്ടായ അക്രമങ്ങളിലും അവിടുത്തെ ഒരു വൈദികനെ ദേഹോപദ്രവം ഏല്പിച്ചതിലും പ. എപ്പിസ്കോപ്പൽ സുന്നഹദോസിനുള്ള പ്രതിഷേധം രേഖപ്പെടുത്തുന്നു. ഊർജ്ജസ്വലമായ നടപടികൾ സ്വീകരിച്ച് അക്രമികളെ കണ്ടുപിടിച്ച് മാതൃകാപരമായി ശിക്ഷിക്കുകയും ടി മിഷ്യനിൽപെട്ടവർക്കു സുരക്ഷിതത്വം നല്കുകയും ചെയ്യണമെന്ന് അപേക്ഷിക്കുകയും ചെയ്യുന്നു.

XV

1983 ഫെബ്രുവരി സുന്നഹദോസ്

1. മേല്പട്ടസ്ഥാനത്തേയ്ക്കു തെരഞ്ഞെടുത്തിട്ടുള്ളവരുടെ അംഗീകരണം:

1982 ഡിസംബർ 28-ാംതീയതി തിരുവല്ലാ എം. ജി. എം. ഹൈസ്കൂൾ അങ്കണത്തിൽകൂടിയ മലങ്കര അസോസ്യേഷൻയോഗം മേല്പട്ടസ്ഥാനത്തേയ്ക്കു തെരഞ്ഞെടുത്ത കെ. ജി. ഗീവറുഗീസ് റമ്പാൻ, പീലിപ്പോസ് തോമസ് കത്തനാർ, കെ. ററി. തോമസ് കത്തനാർ, കെ. മത്തായി കത്തനാർ, കെ. ഐ. പോൾ കത്തനാർ എന്നീ അഞ്ചുപേരുടെയും തെരഞ്ഞെടുപ്പ് പ. സുന്നഹദോസ് അംഗീകരിച്ചു.

അവരിൽ കെ. ജി. ഗീവറുഗീസ് റമ്പാൻ ഒഴികെയുള്ള നാലുപേർക്കും റമ്പാൻസ്ഥാനം നൽകണമെന്നും അതിനുശേഷം മേല്പട്ടസ്ഥാനികൾ നടത്തേണ്ട പട്ടംകൊട, പള്ളികൂദാശ, മൂറോൻ കൂദാശ, തൈലകൂദാശ മുതലായവ നടത്തുന്നതിന് അവരെ പരിശീലിപ്പിക്കുകയും ആയതിന് ആവശ്യമായ പുസ്തകങ്ങൾ അവർ സമ്പാദിക്കുകയും കാനോൻ, ഭരണഘടന എന്നിവയിൽഅറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ അവരെ അഭ്യസിപ്പിക്കുകയും ചെയ്യണം.

2. ദിവ്യബോധനം:

മലങ്കര ഓർത്തഡോക്സ് സഭയിലെ നവോത്ഥാനത്തിന്റെ ഭാഗമായി സഭയിലെ പഠനവേദിയെ പുഷ്ടിപ്പെടുത്തി ദൈവാശ്രയവും പാണ്ഡിത്യവും സേവന സന്നദ്ധതയുമുള്ള വിശ്വാസികളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടുകൂടി വൈദിക സെമിനാരിയിലെ അദ്ധ്യാപകരുടെ ചുമതലയിൽ രൂപംകൊണ്ടുവരുന്ന പഠനപദ്ധതിയായ ''ദിവ്യബോധന''ത്തിൻെറ നടത്തിപ്പിനായി പ. കാതോലിക്കാബാവ രക്ഷാധികാരിയും, പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ പ്രസിഡണ്ടും, ഏതാനും മെത്രാപ്പോലീത്തന്മാരും, പട്ടക്കാരും, ഡോക്ടർ സാമുവേൽ ചന്ദനപ്പള്ളിയും അംഗങ്ങളായുമുള്ള ഒരു കേന്ദ്ര കമ്മററിയെ നിശ്ചയിച്ചു. കമ്മററിയുടെ കോ-ഓർഡിനേററർ ഫാദർ സി. സി. ചെറിയാൻ ആയിരിക്കുന്നതാണ്.

3. ആശുപത്രികളിൽ പൂവർഫണ്ടും, സഭാ സ്ഥാപനങ്ങളിൽ നിയമനം, അഡ്മിഷൻ എന്നിവയ്ക്ക് പിന്നോക്കവിഭാഗക്കാർക്ക് കൂടുതൽ കേപ്പാട്ടായും:

സഭവക ആശുപത്രികളിൽ സാധുക്കളുടെ ചികിത്സയ്ക്കായി പൂവർഫണ്ട് ഇല്ലാത്തിടത്ത് ഉണ്ടാക്കുന്നതിനും ഉള്ള സ്ഥലങ്ങളിൽ ആയതു വികസിപ്പിക്കുന്നതിനും സഭവക സ്ഥാപനങ്ങളിലും, സ്കൂൾ, കോളജ് മുതലായവകളിലും ഉള്ള നിയമനം, അഡ്മിഷൻ എന്നിവകളിൽ താണ വരുമാനക്കാർക്കും പിന്നോക്ക വിഭാഗങ്ങളിൽപെട്ടവർക്കും കൂടുതൽ കേപ്പാട്ടാ നല്കുന്നതിനു വേണ്ടതു ചെയ്യുന്നതിനും പീലിപ്പോസ് മാർ തെയോഫിലോസ്, ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, ജോസഫ് മാർ പക്കോമിയോസ് എന്നീ മെത്രാപ്പോലീത്താമാരെ ഒരു കമ്മററിയായി നിശ്ചയിച്ചു.

4. സെൻറ് തോമസ് ഓർത്തഡോക്സ് വൈദികസംഘത്തിന്റെ നിയമാവലി:

ഈ സംഘടനയ്ക്ക് ഉണ്ടാക്കിയിട്ടുള്ള നക്കൽ ഭരണഘടന തൽക്കാലം അംഗീകരിക്കുകയും അതിൻെറ അടിസ്ഥാനത്തിൽ

മൂന്നു വർഷം പ്രവർത്തിച്ചതിൻെറശേഷം അവസാനരൂപം നല്കുകയും ചെയ്താൽമതിയെന്നു നിശ്ചയിച്ചു.

5. ഇംഗ്ലീഷിലും ഹിന്ദിയിലുമുള്ള വി. കുർബ്ബാന തക്സ:

പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായുടെ ചുമതലയിൽ തയ്യാറാക്കി അച്ചടിപ്പിച്ച ഇംഗ്ലീഷിലും ഹിന്ദിയിലുമുള്ള വി. കുർബ്ബാന തക്സ തർജ്ജിമകൾ പ. സുന്നഹദോസ് പരിശോധിക്കുകയും അവ ഉപയോഗിച്ചു വി. കുർബ്ബാന ചൊല്ലുന്നതിന് അനുവദിക്കുകയും ചെയ്തു.

6. വലിയനോമ്പിലെ കുടുംബനമസ്കാരം:

മാർ സേവേറിയോസ് മെത്രാപ്പോലീത്തായും മാർ ബർന്നബാസ് മെത്രാപ്പോലീത്തായും ചേർന്നു നിലവിലുള്ളതായ നോമ്പിലെ നമസ്കാരങ്ങൾസംഗ്രഹിച്ചും പാമ്പാക്കുട നമസ്കാര പുസ്തകത്തിലെ ആവശ്യമായ ഭാഗങ്ങൾ ചേർത്തും ഉണ്ടാക്കിയ, നോമ്പിലെ നമസ്കാരപുസ്തകം പ. സുന്നഹദോസ് പരിശോധിക്കുകയും സഭയുടെ പ്രസിദ്ധീകരണ ഡിപ്പാർട്ടുമെന്റ് ഭാഷാശുദ്ധീകരണം വരുത്തി തല്ക്കാലം അതിന്റെ ആയിരം കോപ്പി അച്ചടിപ്പിക്കണമെന്നു നിശ്ചയിക്കുകയും ചെയ്തു.

7. ഇസഡ്. എം. പാറേട്ട് പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങൾ:

അവയിൽ വില്പനയ്ക്കായി M.G.O.C.S.M. സ്റ്റുഡൻറ് സെന്ററിനെ ഏല്പിച്ചിട്ടുള്ള പുസ്തകങ്ങളുടെ വിശദവിവരങ്ങളും അവ സംബന്ധിച്ചുള്ള കണക്കുകളും അവ വിറ്റ വകയിൽ നാളിതുവരെ ലഭിച്ചിട്ടുള്ളതും മേലിൽ ലഭിക്കുന്നതുമായ പണവും സഭയുടെ പബ്ലിക്കേഷൻ ഡിപ്പാർട്ടുമെൻറിൽ ചേർക്കത്തക്കവണ്ണം പബ്ലിക്കേഷൻ ഡിപ്പാർട്ടുമെൻറിനെ ഏല്പിക്കുന്നതിനു സ്റ്റുഡന്റ് മൂവുമെന്റ് പ്രസിഡണ്ടായ പീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്താ വേണ്ടതു ചെയ്യണമെന്നുതീരുമാനിച്ചു. പ്രസ്തുതപുസ്തകങ്ങളുടെ പകർപ്പവകാശം (Copy Right) സഭ വകയായുള്ള പബ്ലിക്കേഷൻ ഡിപ്പാർട്ടുമെൻറിന് ആയിരിക്കുന്നതാണെന്നും നിശ്ചയിച്ചു.

8. പുതുപ്പാടി ആശ്രമസമൂഹം:

പുതുപ്പാടി ആശ്രമസമൂഹത്തെ Order of the Missionaries of Christ (O. M. C.) എന്നു സംബോധന ചെയ്യുന്നതിനു അനുവദിക്കണമെന്നുള്ള പ്രസ്തുത സമൂഹ സുപ്പീരിയറിൻെറ അപേക്ഷയെപ്പററി ചിന്തിച്ചതിൽ ചോദിച്ചിരിക്കുന്ന പേരിനു പകരം Society of the Missionaries of Christ (S. M. C.) എന്ന പേരു സ്വീകരിക്കുന്നതിനു പ. സുന്നഹദോസ് അനുവദിച്ചു.

9. നാഷനൽ ക്രിസ്ത്യൻ കൗൺസിലിലും കേരളക്രിസ്ത്യൻ കൗൺസിലിലും മെമ്പർ ഷിപ്പ് എടുക്കുന്നതിനെപ്പററി:

N. C. C. യിലും K. C. C. യിലും ഓർത്തഡോക്സ്സഭ മെമ്പർഷിപ്പ് എടുക്കണമെന്നു പ. സുന്നഹദോസ് നിശ്ചയിച്ചു. അതിനു ആവശ്യമായ കാര്യങ്ങൾ ചെയ്യുന്നതിനു ഇൻറർ ചർച്ച് റിലേഷൻസ് കമ്മററി സെക്രട്ടറി പൌലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ ചുമതലപ്പെടുത്തി. N. C. C. എക്സിക്യൂട്ടീവിലേക്ക് അദ്ദേഹത്തെ സഭയുടെ പ്രതിനിധിയായി നിശ്ചയിക്കുകയും ചെയ്തു.

N. C. C. യുടെ ഭരണ ഘടന വകുപ്പ് 2(5) അനുസരിച്ച് അവർ ചെയ്യുന്ന പ്രഖ്യാപനങ്ങളേയും തീരുമാനങ്ങളേയും പറ്റി അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ ആയതു സ്വതന്ത്രമായി പ്രകടിപ്പിക്കുന്നതിനും അതനുസരിച്ചു പ്രവർത്തിക്കുന്നതിനുമുള്ള അവകാശം നമുക്കുണ്ടായിരിക്കുന്നതാണെന്നുള്ള വിവരം ബന്ധപ്പെട്ടവരെ അറിയിക്കണമെന്നും നിശ്ചയിച്ചു.

Christian Council of Asia (C. C. A.) യിലുള്ള നമ്മുടെ സഭയുടെ അംഗത്വം സംബന്ധിച്ചു വേണ്ട അന്വേഷണം നടത്തി ആയതു ക്രമപ്പെടുത്തുന്നതിനു് Inter Church Relations Secretary പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ പ. സുന്നഹദോസ് ചുമതലപ്പെടുത്തി.

10. മാമോദീസായും പെൺകുട്ടികളും:

വി. മാമോദീസാനന്തരം ആൺകുട്ടികളെപ്പോലെ പെൺകുട്ടികളെയും വി. മദ്ബഹായിൽ പ്രവേശിപ്പിച്ച് ത്രോണോസ് മുത്തിക്കുന്നതിനെപ്പററി ചിന്തിച്ചതിൽ ഇപ്പോൾ നിലവിലുള്ള രീതി മാറ്റുന്നതിനു് ഏകാഭിപ്രായമുണ്ടായില്ല.

11. മദ്യവർജ്ജന ധാർമ്മികോന്നമനസമിതി:

മദ്യവർജ്ജന ധാർമ്മികോന്നമന (ദുർവൃത്തിനിവാരണ) സമിതിയുടെ അദ്ധ്യക്ഷൻ മാർ ബർന്നബാസ് മെത്രാപ്പോലീത്താ പ. സുന്നഹദോസിൽ സമർപ്പിച്ച സമിതിയുടെ ഭരണഘടനയെപ്പറ്റി ചർച്ചചെയ്തു. അതനുസരിച്ചു് രണ്ടുകൊല്ലം പ്രവർത്തിച്ചശേഷം അനുഭവത്തിൻെറ വെളിച്ചത്തിൽ വേണ്ട വ്യത്യാസങ്ങൾ വരുത്തി ആയതു് പ. സുന്നഹദോസിൽ വീണ്ടും സമർപ്പിച്ചു പാസ്സാക്കേണ്ടതാണെന്നു നിശ്ചയിച്ചു.

XVI

1983 ജൂലൈ സുന്നഹദോസ്

1. കുടുംബാരാധനക്രമത്തിന്റെ തമിഴ് തർജ്ജിമ:

1983 ഫെബ്രുവരി സുന്നഹദോസ് നിശ്ചയമനുസരിച്ച് സഖറിയാസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ ചുമതലയിൽ "കുടുംബാരാധനമുറൈ" എന്ന പേരിൽ അച്ചടിപ്പിച്ചിട്ടുള്ള മലയാളത്തിലുള്ള കുടുംബാരാധനക്രമത്തിന്റെ തമിഴ് തർജ്ജിമ കുടുംബങ്ങളിൽ ഉപയോഗിക്കുന്നതിനു പ. സുന്നഹദോസ് അനുവദിച്ചു. അതിന്റെ വില്പന സഖറിയാസ് മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്തായുടെ ചുമതലയിലായിരിക്കണമെന്നും നിശ്ചയിച്ചു.

2. ആന്ധ്രായിലെ കുഷ്ഠരോഗികളുടെ കുഷ്ഠരോഗമില്ലാത്ത കുട്ടികൾക്കായുള്ള ബാലഗ്രാം:

ബാലഗ്രാം സ്ഥാപിക്കുന്നതിന് ആന്ധ്രാ ഗവമ്മെന്റു സഭയ്ക്കു നൽകാമെന്നു സമ്മതിച്ചിട്ടുള്ള സ്ഥലം വനഭൂമിയായതുകൊണ്ട് ആയതു ലഭിക്കുന്നതിനു കേന്ദ്രഗവമ്മെന്റിന്റെ അനുവാദം ആവശ്യമാണെന്നും അതിനു വളരെ കാലതാമസം നേരിടുമെന്നും ഒരു പക്ഷേ ആയതു ലഭിക്കാതിരുന്നേക്കാമെന്നും അവിടത്തെ പ്രവർത്തനങ്ങൾ താമസിയാതെ ആരംഭിക്കുന്നതിന് ആന്ധ്രാ സ്റ്റേററിൽ മറേറതെങ്കിലും സൗകര്യമായ സ്ഥാനത്ത് ആവശ്യമായ സ്ഥലം വിലയ്ക്കു വാങ്ങണമെന്നും മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ യോഗത്തെ അറിയിച്ചു. അപ്രകാരം ചെയ്യുന്നതിനു പ. സുന്നഹദോസ് അദ്ദേഹത്തെ അനുവദിച്ചു.

3. പുതുപ്പാടി സെന്റ് പോൾസ് ആശ്രമത്തിന്റെ ഭരണഘടന:

1860-ലെ സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് അനുസരിച്ച് 1975 ഡിസംബർ 1-ാംതീയതി രജിസ്റ്റർചെയ്തിട്ടുള്ള പുതുപ്പാടി സെന്റ് പോൾസ് ആശ്രമത്തിന്റെ ഭരണഘടന പ. സുന്നഹദോസ് പരിശോധിച്ചതിൽ പ്രസ്തുത ഭരണഘടന അതേപടി സ്വീകരിക്കുന്നതിനു പ്രയാസമാണെന്ന് അഭിപ്രായപ്പെട്ടുകയും, എന്നാൽ എട്ടുകൊല്ലങ്ങൾക്കുമുമ്പ് രജിസ്റ്റർ ചെയ്തിട്ടുള്ള ഒരു ഭരണഘടന ആകയാൽ ഭേദഗതിചെയ്തു മറെറാരു ഭരണഘടന ഉണ്ടാകുന്നതുവരെ അതനുസരിച്ച് സെൻറ് പോൾസ് ആശ്രമകാര്യങ്ങൾ നടത്തുന്നതിന് അനുവദിക്കുകയും ചെയ്തു. പ്രസ്തുത ഭരണ-

ഘടനെ അതിന്റെ 17-ാംവകുപ്പനുസരിച്ചു ഭേദഗതിചെയ്യുകയും അങ്ങനെ ഉണ്ടാകുന്ന ഭരണഘടനയ്ക്ക് പ. സുന്നഹദോസിന്റെ അംഗീകാരം വാങ്ങുകയും ചെയ്യേണ്ടതാണെന്നും നിശ്ചയിച്ചു.

4. കനകജൂബിലി:

വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസിയോസ് മലങ്കര മെത്രാപ്പോലീത്തായുടെ 50-ാം ശ്രാദ്ധപ്പെരുനാൾ കനകജൂബിലിയായിആഘോഷിക്കണമെന്നു പ. സുന്നഹദോസ് നിശ്ചയിച്ചു.

★